Reg. No M, 2293

ഒറ്റപ്രതി 2ണ.

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 26 | 1128 കുംഭം 14—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഫെബ്രുവരി 25 | ലക്കം 27

## നിങ്ങളുടെ കുരിശു് എവിടെ?

(ഇ. ജെ. ആന്റണി ബി. എ. എൽ. ടി.)

എറണാകുളത്തെ ശതാബ്ദജൂബിലിയാഘോഷം സംബന്ധിച്ചു ഈ ഘോഷം അത്ഭുതമുളവാക്കിയ ഒന്നായിരുന്നു. അതിൽ പങ്കെടുത്ത ഒരു ഹിന്ദുസഹോദരൻ സംശയം ഉന്നയിച്ചതിങ്ങനെയാണു്.

കുരിശല്ല, ക്രൂശിതസ്വരൂപമാണു് അദ്ദേഹം സൂചിപ്പിച്ചതു് എന്നു വെളിപ്പെടുത്തി. വഴിയിൽ കുരിശാകൃതിയിലുള്ള കൊടിക്കൂറകൾ ധാരാളമുണ്ടായിരുന്നു. “ക്രിസ്തുനഗറി”ലെ കമാനഗോപുരവാതിലിന്റെ മുകളിലുമുണ്ടു് കുരിശു്; ശതാബ്ദപുണ്യവാന്റെ പ്രതിമയുടെ മകുടത്തിലുമുണ്ടു്; പന്തലിന്റെ അഗ്രഭാഗത്തു രാത്രി തിളങ്ങി പ്രകാശിച്ചിരുന്ന വലിയ കുരിശുമുണ്ടു്. അതെല്ലാം സ്നേഹിതൻ കണ്ടിരുന്നു.

പ്രധാനമായതു് സമസ്തഭാരതകാർക്കും കാണത്തക്കവണ്ണം നാട്ടേണ്ടതായിരുന്ന ക്രൂശിതസ്വരൂപത്തെ ഗൗനിക്കാതിരുന്നതു് വല്ലിരുന്നു എന്നതാണു് സഹോദരന്റെ പരാതി. മുവാറ്റുപുഴ മുതലായ ദിക്കുകളിൽനിന്നു് ഫ്രാൻസിസ്കൻ സന്യാസിമാരുടെ നേതൃത്വത്തിൽ കാൽനടയായിവന്ന തീർത്ഥാടകസംഘങ്ങൾ വഹിച്ചിരുന്ന കുരിശും ആ മാന്യന്റെ ആകർഷിച്ചിട്ടില്ല. അവർ പൊരിയുന്ന വയിലത്തു് പൊള്ളുന്ന കീൽറോട്ടിൽ ക്രൂശി പ്രാർത്ഥനയും ചൊല്ലി വന്നിരുന്ന സ്തോത്രയാത്രയും അദ്ദേഹത്തെ കാര്യമായി സ്പർശിച്ചിട്ടില്ല. പണ്ഡിതനായ ഫാദർ സെൽവാനോ എസ്. ജെ., നമ്മുടെ ത്യാഗങ്ങളെയും അനുഭവങ്ങളെയും പറ്റി നാം പ്രകീർത്തിക്കുമ്പോൾ, ഹൈന്ദവസഹോദരന്മാർ അവയെ അതിലംഘിക്കുന്നതായി വിശ്വസിക്കുന്നവരെ ഇങ്ങോട്ടേക്കൂട്ടുന്നുപറയും എന്നു പ്രസ്താവിച്ചിട്ടുള്ളതു് സത്യവുമാണു്.

എന്നാൽ പ്രക്ഷോഭണത്തിനു് ഉപയോഗിച്ചിരുന്ന ആ വലിയ ക്രൂശിതരൂപം നമ്മുടെ സ്നേഹിതനെ ഹഠാദാകർഷിച്ചിരുന്നു. വണ്ടിയിൽ സ്വരൂപത്തിന്റെ മുമ്പിൽ കേണപേക്ഷിച്ചുകൊണ്ടു് നിന്നിരുന്ന അസിസിയിലെ മഹാത്യാഗിയുടെ സ്വരൂപവും അയാളുടെ ദൃഷ്ടിയിൽ പതിഞ്ഞു. ക്രിസ്തുവിന്റെ മഹോത്സവത്തിൽ ക്രിസ്തുവിന്റെ പ്രതിമയ്ക്കു് അർഹിക്കുന്ന സ്ഥാനം കൊടുത്തിട്ടില്ല എന്നു് ആ “അന്യമതസ്ഥൻ” ആവർത്തിച്ചുപറഞ്ഞു.

നമുക്കറിയാം പരിശുദ്ധ കുർബാനയിലുള്ള ക്രിസ്തുവിന്റെ കോൺഗ്രസ്സായിരുന്നു അതെന്നു്. പരിശുദ്ധ പിതാവു് തന്റെ പ്രതിപുരുഷനായി ഒരു കർദ്ദിനാളിനെ നിയോഗിച്ചതും അതുകൊണ്ടാണു്. വിശുദ്ധ തോമ്മായും വിശുദ്ധ ഫ്രാൻസിസ് സേവ്യറും കുർബാനയിലുള്ള ക്രിസ്തുവിനെ വണങ്ങിയിരുന്ന ത്യാഗധനരായി ജീവിച്ചതും മരിച്ചതും. ശതാബ്ദാഘോഷങ്ങളിൽനിന്നു് പരിശുദ്ധ കുർബാനയെ മാറ്റുന്നപക്ഷം അധികവും കോലാഹലങ്ങളും യോഗങ്ങളും മാത്രം. പന്തലിൽ ദിവ്യബലി അർപ്പിച്ചതും, ആയിരക്കണക്കിനു ദിവ്യകാരുണ്യസ്വീകരണം നടന്നതും, ക്രിസ്തുരാജനെ ആരാധിക്കുവാനും, ദൈവവുമായി സംയോജിക്കുവാനുമായിരുന്നു. നഗരത്തിൽക്കൂടിയുള്ള അവിടുത്തെ രാജകീയയാത്രയ്ക്കുശേഷം പീഠത്തിൽ, സ്വർഗ്ഗത്തിലെന്നപോലെ അവിടുന്നു് ഉപവിഷ്ടനായപ്പോൾ, അവിടുത്തെ ആരാധിച്ചു




കടലിക്കാട്ടു് പള്ളിക്കു സമീപമുള്ള കവലയിൽ സ്ഥാപിച്ചിരിക്കുന്ന വി. യൗസേപ്പു പിതാവിന്റെ പ്രതിമയും ആർച്ചും ഈ കഴിഞ്ഞ ഒക്ടോബർ 13-ാംനു- എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗുസ്തീനോസ് തിരുമേനസ്സുകൊണ്ടു് ആശീർവ്വദിച്ചു.

അനേകായിരം ആത്മസന്താനങ്ങളെ ആശീർവ്വദിച്ചു് അവരുടെ വിശ്വാസപ്രഖ്യാപനം സ്വീകരിച്ചതും ചേതോഹരമായ ഒരു ചരിത്രസംഭവമായിരുന്നു. പക്ഷെ യേശുമിശിഹായെ എളിയരൂപത്തിൽ ദർശിക്കുക, അനുഗൃഹീതമായ “ഇസ്രായേൽക്കാർക്കു്” വിശ്വാസത്തിന്റെ ശക്തിയനുസരിച്ചുമാത്രം, സാധിക്കുന്ന ഒരനുഗ്രഹമായിരുന്നു. വിശ്വാസവരം ലഭിച്ചിട്ടില്ലാത്ത ഹൈന്ദവസഹോദരൻ തീർത്ഥകർ കൊണ്ടുവന്ന ഹൃദയാവർജ്ജകമായ സ്വരൂപത്തെ അന്വേഷിച്ചു. അതവിടെയും ഒരുവശത്തു് അപ്രധാനമായിരിക്കുന്നതു് അദ്ദേഹം കണ്ടു പരിതപിച്ചു.

അക്രൈസ്തവരുടെ രക്ഷയെ കാംക്ഷിക്കുന്നവർക്കെല്ലാം ഒരു നല്ലമാർഗ്ഗനിർദ്ദേശം നൽകുന്നുണ്ടു് സ്നേഹിതന്റെ പ്രശ്നം. ശതാബ്ദാഘോഷങ്ങളുടെ സന്ദേശവും അതുതന്നെ. നമ്മുടെ വിശുദ്ധന്മാരിലവരും മതപരിവർത്തനവിദഗ്ദ്ധരായിരുന്നു. അവരും അവരുടെ പിൻഗാമികളുമായ മിഷനറിമാരുമാണല്ലോ ഹൈന്ദവസമുദായത്തിൽനിന്നു് ഇന്നത്തെ ഭാരതീയ കത്തോലിക്കരെ ഉല്പാദിപ്പിച്ചതു്. പൂർവ്വികന്മാരിൽനിന്നു് നാം വളരെ പ്രയാണം ചെയ്തിട്ടുണ്ടു്. പക്ഷേ ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിലേക്കും അവിടുത്തെ കല്യാണവിരുന്നിലേക്കും നമ്മുടെ സഹോദരന്മാരെ ആനയിക്കുക എന്ന ഉത്തരവാദിത്വത്തിനു് കാലപ്പഴക്കം നേരിട്ടിട്ടില്ല. അതിനുള്ള പോംവഴികളിൽ ക്രൂശിതരൂപത്തിനുള്ള മഹത്തായ സ്ഥാനമാണു് ആ മാന്യസഹോദരന്റെ ചോദ്യം വിശദമാക്കിയിട്ടുള്ളതു്.

ആജീവനാന്തം ഒരു തികഞ്ഞ ക്രൂശിതസ്വരൂപമായിരുന്ന ക്രിസ്തുനാഥൻ. കാലിത്തൊഴുത്തിൽ ജാതനായ പൊന്നുണ്ണി പ്രത്യക്ഷപ്പെടുത്തുന്നതു് ക്രൂശിതസ്വരൂപത്തിന്റെ ഒരു നാന്ദിയാണു്. അവിടുന്ന പിന്നീടു ചെയ്തതു്, “ആത്മനാ ദരിദ്രരായിട്ടുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു,” എന്ന പരമാർത്ഥം ആട്ടിടയന്മാരോടും, സന്മനസ്സുള്ള ജനങ്ങളോടും ലോകയും കാലംകടന്നു, “പുഞ്ചിരിപ്പൂന്തേൻ” പൊഴിച്ചു് അറിയിക്കുകയാണു്. “ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്തവർ ആരായാലും അതിൽ പ്രവേശിക്കുകയില്ല” എന്നു പ്രസ്താവിച്ച യേശുക്രിസ്തു പരിശുദ്ധജനനിയുടെ പരിപാലനയിലും മാതൃകാശിശുവായി പരിലസിക്കുന്നു. ദുഷിച്ചു [illegible] ലിയെ പിന്തുടരുവാനുള്ള അന്നത്തെ യുവലോകത്തിന്റെ മുമ്പിൽ “നിങ്ങളുടെ സന്താനങ്ങളെക്കുറിച്ചു് കരയുവിൻ” എന്നു പ്രസ്താവിക്കാനിരുന്ന മിശിഹാ മാതാപിതാക്കന്മാർക്കു് വിധേയനായി കഴിഞ്ഞുകൂടിയ ഒരു കുരിശായിരുന്നു.

പരസ്യജീവിതകാലത്തെ കഥ പറയേണ്ടില്ല. “പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും വിശ്വസിക്കുന്നില്ല. എന്റെ വചനം കേട്ടു് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവനു് നിത്യജീവനുണ്ടു്.” “ഞാൻ ജീവന്റെ അപ്പമാകുന്നു; എന്റെ അടുക്കൽ വരുന്നവനു് വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവനു് ഒരിക്കലും ദാഹിക്കയുമില്ല;” “നിങ്ങൾ ദൈവത്തിൽനിന്നുള്ളവരല്ലാത്തതുകൊണ്ടു് ദൈവത്തിന്റെ വചനങ്ങൾ കേൾക്കുന്നില്ല;” “ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ അവൻ സ്വയം പരിത്യജിച്ചുകൊണ്ടു് തന്റെ കുരിശുംവഹിച്ചു് എന്നെ അനുഗമിക്കട്ടെ;” “പുത്രനും പുത്രൻ ആർക്കു് വെളിപ്പെടുത്തുവാൻ ഇഷ്ടപ്പെടുന്നുവോ അവനും അല്ലാതെ ആരും പിതാവിനെ അറിയുന്നില്ല;” “എന്നിൽനിന്നു നിങ്ങൾ പഠിക്കുക, ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകുന്നു;” “നിങ്ങളിൽ ആർ എന്നിൽ പാപം (ആരോപിച്ചു്) തെളിയിക്കും?” “ആർ മനുഷ്യസമക്ഷം എന്നെ നിഷേധിക്കുമോ, അവനെ സ്വർഗ്ഗസ്ഥിതനായിരിക്കുന്ന എന്റെ പിതാവിന്റെ മുമ്പിൽ ഞാനും നിഷേധിക്കും;” “പുറമെ കാണപ്പെടാതെയും മേലെ നടക്കുന്നവരാൽ ഉള്ളിലെ സ്ഥിതി അറിയപ്പെടാതെയും ഇരിക്കുന്ന ശവക്കല്ലറകൾ പോലെയാകുന്നു നിങ്ങൾ;” “നിങ്ങളിൽ പാപമില്ലാത്തവൻ ഒന്നാമതായി കല്ലെറിയട്ടെ;” “ഞാൻ ദോഷമായി പറഞ്ഞുവെങ്കിൽ ആ ദോഷത്തെപ്പറ്റി നീ സാക്ഷിപ്പെടുത്തുക; എന്നാൽ നന്നായിട്ടാണെങ്കിൽ, നീ എന്നെ അടിക്കുന്നതെന്തിനു്?” ഇങ്ങനെ നിരവധിഘട്ടങ്ങളിൽ യേശുമിശിഹാ അന്നത്തെ ലോകത്തിനു് ഒരു തികഞ്ഞ കുരിശായിത്തന്നിരുന്നു.

ഭൗതികസാമ്രാജ്യസ്ഥാപനം നടത്തു

ന്നു ഞങ്ങളുടെ "മിശിഹാ" എന്നു പ്രതീക്ഷിച്ചിരിക്കുന്ന ലൗകികാശതികന്മാരുടെ മുമ്പിൽ ഒരു മഹാ വിപ്ലവത്തിനു് ചുങ്കക്കാരോടും, പാപികളോടും, പാമരന്മാരോടുംകൂടി അവിടുന്നു സഹവസിക്കുക മാത്രമല്ല, മീൻപിടുത്തക്കാരനെ സഭയുടെ അസ്ഥിവാരമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. അവരുടെ നാട്ടു്, അവരുടെ ജനസമൂഹം, അവരുടെ കൈയിലിരിക്കുന്ന നിയമപുസ്തകവും മററും, മററും. നിർജ്ജനയായ മേരിയുടെയും, മരപ്പണിക്കാരൻ ജോസഫിൻെറയും മകൻ അവരെ നിസ്സാരമാക്കുന്നു, അവരുടെ ചെമ്പു് പുറത്താക്കുന്നു. "വിദ്യ അഭ്യസിച്ചിട്ടില്ലാത്ത" അയാൾ പന്ത്രണ്ടു വയസ്സുമുതൽ വേദപാരംഗതന്മാരെ തക്കിച്ചുകെട്ടിക്കുന്നു, നിയമജ്ഞന്മാരെ തോല്പിക്കുന്നു. വീടില്ല, കുടിയില്ല, ആളില്ല, അർത്ഥമില്ല എന്നു കരുതി അവർ അവഗണിച്ചിരുന്ന ആ "വഞ്ചകൻ" അഞ്ചപ്പംകൊണ്ടു് അയ്യായിരംപേരെ തീററുന്നു; അയാളുടെ മാംസം ഭക്ഷിച്ചാലല്ലാതെ അവർക്കു രക്ഷയില്ല എന്നു് അവരുടെനേരെ നോക്കിപ്പറയുന്നു. ജയീറസ് എന്ന പ്രമാണിയുടെ മരിച്ചുപോയ മകളെ അയാൾ ജീവിപ്പിച്ചു. നായിംപട്ടണത്തിലെ വിധവയുടെ ഏകപുത്രനെയും സംസ്കാരത്തിനു കൊണ്ടുപോകുന്നമദ്ധ്യേ ജീവിപ്പിച്ചു. ചത്തുചീഞ്ഞ ലാസറിനെയും ജീവിപ്പിച്ചു. യഹൂദലോകത്തിൻെറ മുമ്പിൽ നിവർന്നുനിന്നു് രാവും പകലും അയാൾ അതിനെ അലട്ടിക്കൊണ്ടിരിക്കുന്നു. മഹാകഷ്ടമായ "ലഹളക്കാരനെ" കുരിശിൽ തറച്ചു് നാമാവശേഷമാക്കാതെ ഗത്യന്തരമില്ല എന്ന തീരുമാനത്തിലെത്തിച്ചേരുന്നു അവർ!

കുരിശുംവഹിച്ചു് കൊലക്കളത്തിലേക്കു പോകുന്ന "ലഹളക്കാരൻെറ" വീരോണിക്കാ നൽകിയ മുഖശീലയിൽ മുഖചിത്രം പതിക്കുന്നു. അവരുടെ സ്ത്രീജനങ്ങൾ കരഞ്ഞുകൊണ്ടു് സഹതാപം കാണിച്ചപ്പോൾ രോഷാഗ്നികൊണ്ടു് അവരെ ദഹിപ്പിക്കുന്നില്ല, ഒരുപദേശം മാത്രം അവർക്കു കൊടുക്കുന്നു. കുരിശിൽ തൂങ്ങുന്നതിൽ വിരോധം കാണിക്കുന്നില്ല. വേദന അറിയാതിരിക്കാനുതകുന്ന കൂട്ടി പററിയ ചൊറുക്ക കൊടുത്തിട്ടു് കുടിക്കുന്നില്ല. വലതുഭാഗത്തു തൂങ്ങിയ കള്ളൻെറ "കുമ്പസാരം" കേട്ടു്, അയാൾക്കു് പാപവിമോചനം നൽകുന്നു. "പിതാവേ! തങ്ങൾ ചെയ്യുന്നതു് എന്താണെന്നു് ഇവർ അറിയുന്നില്ല, അതിനാൽ ഇവരോടു് ക്ഷമിക്കണമേ" എന്നു് ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അത്ഭുതം പ്രവർത്തിച്ചു് കുരിശിൽനിന്നു് ഇറങ്ങിവരട്ടെ, ഞങ്ങൾ വിശ്വസിക്കാമെന്ന വെല്ലുവിളിയെ അവഗണിക്കുന്നു. ആത്മാവിനെ പിതാവിൻെറ കൈകളിൽ പ്രാർത്ഥനയോടുകൂടി സമർപ്പിക്കുന്നു. കുരിശായി ജീവിച്ച മനുഷ്യൻ അതാ തൻെറ ദേഹത്തിലെ മുറിവുകളും, പ്രാണങ്ങളും കാണിച്ചുകൊണ്ടു് ലോകസമക്ഷം കൈകളും വിരിച്ചു് തൂങ്ങിക്കിടക്കുന്നു. മനുഷ്യപുത്രൻെറ അന്തിമരോദനത്തിൻെറ പ്രത്യുത്തരം മൂന്നു ലോകങ്ങളും ഇളകിമറിക്കുന്നു. ക്രൂശിതസ്വരൂപത്തിൻെറ ലോകവിപ്ലവകരമായ പ്രവർത്തനം അതാ ആരംഭിച്ചു.

ഈ ക്രൂശിതസ്വരൂപത്തെയാണു് ഹിന്ദുസഹോദരന്മാർ ക്രിസ്ത്യാനികളിൽ കാണേണ്ടതു്. "നിങ്ങളുടെ കുരിശു് എവിടെ?" എന്നു് അക്രൈസ്തവലോകം ഓരോ ക്രിസ്ത്യാനിയോടും ചോദിക്കുന്നു. പ്രവൃത്തിമൂലമാണു് ഇതിനു് മറുപടി നൽകേണ്ടതു്. ക്രിസ്തുവിൻെറ ഉപദേശങ്ങളെപ്പററി അവർ കേട്ടിട്ടുണ്ടു്. ബൈബിൾ, "ക്രിസ്ത്വനുകരണം" എന്നിവ അവർക്കു് പരിചയമില്ലാതില്ല. ക്രിസ്തുമതത്തിൻെറ വിശേഷത അവർക്കറിയാം. അതു് ലോകമതമാണെന്നല്ല, എല്ലാം മതവും ഒന്നാണെന്നും, മതങ്ങൾ ഒരു ലക്ഷ്യത്തിലെത്തിച്ചേരുന്ന വിവിധമാർഗ്ഗങ്ങൾ മാത്രമാണെന്നും അവരുടെ പണ്ഡിതന്മാരെ അനുകരിച്ചുകൊണ്ടു് അവർ പറയുന്നു. "അങ്ങനെയല്ല എന്നു്" നാം വിശ്വസിക്കുന്നു, പ്രസ്താവിക്കുന്നു, നമ്മുടെ പത്രങ്ങളിൽ സമർത്ഥിക്കുന്നു. കൂട്ടമായി അവർ ക്രിസ്ത്യാനികളെയാണു് കാണുന്നതു്. ദേവാലയത്തിൽ എന്തു പ്രാർത്ഥിക്കുന്നു എന്നല്ല, ദേവാലയത്തിൽപോകുന്നവർ എങ്ങനെ വ്യാപരിക്കുന്നു എന്നതാണു് അവരുടെ ശ്രദ്ധയിൽ പതിയുന്നതു്. ഭവനത്തിലും, അയൽവക്കത്തും, വീഥിയിലും, ജോലിസ്ഥലത്തും, കച്ചവടശാലയിലും, കോടതിയിലും, അല്ലലിലും, ആപത്തിലും "മനസാ, വാചാ, കർമ്മണാ" ക്രൂശിതനായ ക്രിസ്തുവിനെ കാണിച്ചുകൊടുക്കുവാൻ ക്രിസ്ത്യാനിയോടാവശ്യപ്പെടുന്നു. "അവർ തമ്മിൽതമ്മിൽ സ്നേഹിക്കുന്നതു് നോക്കുക" എന്നു് അക്രൈസ്തവലോകം ആദ്യക്രിസ്ത്യാനികളെപ്പററി അത്ഭുതം കൂറിക്കൊണ്ടു് പറഞ്ഞിരുന്ന സഹോദര്യം ഹിന്ദുലോകം ഭാരതീയക്രിസ്ത്യാനിയിൽനിന്നു് പ്രതീക്ഷിക്കുന്നു. "വോഡൻ", "തോർ", "അപ്പോളോ", "ജൂപിററർ" "സേയൂസ്" "വീനസ്", "അഫ്റൊഡിററി", "ഡയാന" മുതലായ ദേവന്മാരും, ദേവികളും നാമമാത്രചിഹ്നങ്ങളായി സാഹിത്യലോകത്തിൽ അവശേഷിക്കുകയും അവരുടെ ഭാരതീയ മറുപ്രതികൾ സർവ്വപ്രഭാവത്തോടും കോലാഹലത്തോടുംകൂടി ഇന്നും വിരാജിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതിനു കാരണം തോമാശ്ലീഹായുടെ സന്താനങ്ങൾ കുരിശു് വഹിക്കാത്തതും, കുരിശായി ഹൈന്ദവലോകത്തിനു് ബോദ്ധ്യപ്പെടാത്തതുമായിരിക്കണം.

ഹൈന്ദവസഹോദരന്മാർ ദൈവച്ഛായയിൽ നിർമ്മിതമായ ആത്മാവിൻെറ ജന്മസിദ്ധികപ്രേരണാമൂലം അന്വേഷിച്ചുവരിക്കുന്ന ക്രൂശിതരൂപത്തെ പലരിലും കാണുന്നില്ലെങ്കിൽ, സ്വരൂപങ്ങൾ തന്നെ അവരുടെ മുമ്പിൽ നാട്ടിക്കൊടുക്കാം. നമ്മുടെ ദേവാലയങ്ങളിൽ നല്ല നല്ല സ്വരൂപങ്ങളുണ്ടു്; അവ നമ്മോടു് കാൽവരിയിലെ മഹാബലിയെപ്പററി പ്രസംഗിക്കുന്നുമുണ്ടു്. "പാസ്കാ"യ്ക്കെടുക്കുന്ന ഒരു സ്വരൂപങ്ങളിൽ പലതും 364 ദിവസവും അപ്രത്യക്ഷമായിരിക്കുന്നു. "എനിക്കു ദാഹിക്കുന്നു" എന്ന ആർത്തസ്വരം കേൾക്കേണ്ടതായ "ഹൈന്ദവ"ലോകത്തെ സംബന്ധിച്ചു് ഇവയെല്ലാം "പറയിൻകീഴ്" വയ്ക്കുന്ന വിളക്കുകൾ മാത്രം. തൃശ്ശിനാപ്പള്ളി സെൻറു് ജോസഫ്സ് കോളേജിൽ വച്ചിരിക്കുന്ന വലിയ ക്രൂശിതരൂപം മതിൽകെട്ടിനുള്ളിലാണെങ്കിൽ, ഉട്ടക്കമണ്ടിലുള്ള "സെൻറൽ ക്രോസ്സ്", വെളിയിൽ ഒരു വയലിൽ. എല്ലാവരെയും ക്ഷണിച്ചുകൊണ്ടു് കൈയും വിരിച്ചു് പരിത്രാണമഹാകാവ്യം പ്രകീർത്തിച്ചു് അവിടെ വിരാജിക്കുന്ന ആ സ്വരൂപത്തെ നമ്മുടെ ഭക്തി ബാഹ്യലോകത്തിൽനിന്നു് മറച്ചുകളയാതിരിക്കട്ടെ!


ആകാശംവരെ ഉയർന്നുനില്ക്കുന്ന ക്രൂശിതസ്വരൂപമാണു് ഓരോ സ്ഥാനങ്ങളിൽ നില്ക്കേണ്ടതു്. അതിനുള്ള പ്രേരണ "നിങ്ങളുടെ കുരിശെവിടെ?" എന്ന ഹൃദയസ്പർശകമായ ആ ചോദ്യം നൽകുമാറാകട്ടെ!

— —

വിജ്ഞാനവീഥി

# കേരളീയസുറിയാനിഹയരാർക്കി 1952–ലെ സ്ഥിതിവിവരക്കണക്കുകൾ

| വിവരങ്ങൾ | എറണാകുളം | തൃശ്ശൂർ | ചങ്ങനാശ്ശേരി | കോട്ടയം | പാലാ | ആകെ |
|---|---|---|---|---|---|---|
| ഇടവകപ്പള്ളികൾ | 139 | 129 | 93 | 56 | 85 | 502 |
| കുരിശു, മിഷൻ പള്ളികൾ | 41 | 103 | 30 | 8 | 10 | 192 |
| കപ്പേളകൾ | 179 | 162 | 76 | 21 | 98 | 536 |
| കത്തോലിക്കാ വീടുകൾ | 44066 | 40699 | 36165 | 8310 | 24703 | 153943 |
| കത്തോലിക്കർ | 281646 | 267344 | 214094 | 50974 | 172918 | 987026 |
| പട്ടക്കാർ | 216 | 148 | 170 | 89 | 192 | 815 |
| വൈദികവിദ്യാർത്ഥികൾ | 133 | 79 | 116 | 37 | 124 | 489 |
| സന്ന്യാസഭവനങ്ങൾ | 10 | 7 | 8 | 1 | 3 | 29 |
| സന്ന്യാസവൈദികർ | 106 | 64 | 89 | 14 | 33 | 306 |
| മഠങ്ങൾ | 64 | 59 | 42 | 11 | 42 | 218 |
| സന്ന്യാസിനികൾ | 1006 | 1274 | 618 | 166 | 923 | 3987 |
| കോളേജുകൾ | 1 | 3 | 2 | | 1 | 7 |
| ഹൈസ്കൂളുകൾ | 26 | 33 | 23 | 8 | 21 | 111 |
| മിഡിൽ സ്കൂളുകൾ | 37 | 31 | 24 | 7 | 21 | 120 |
| പ്രൈമറി സ്കൂളുകൾ (ഗ്രാൻറു്) | 121 | 122 | 84 | 37 | 84 | 448 |
| ട്രെയിനിംഗ് സ്കൂളുകൾ | 2 | 2 | 1 | | 2 | 7 |
| വ്യവസായ വിദ്യാലയങ്ങൾ | 4 | 9 | 3 | | | 16 |
| ബോർഡിങ്ങുകൾ | 23 | 16 | 10 | 4 | 32 | 85 |
| അനാഥശാലകൾ | 4 | 12 | 4 | 2 | 4 | 26 |
| മററു സധുജനദിനങ്ങളും സങ്കേതങ്ങളും | 9 | 8 | 4 | | 2 | 23 |
| ആശുപത്രികൾ | 14 | 9 | | 1 | 1 | 25 |
| അച്ചുക്കൂടങ്ങൾ | 4 | 8 | 3 | 1 | | 16 |
| പത്രങ്ങൾ | 2 | | 2 | 1 | | 5 |
| മാസികകൾ | 2 | 1 | 2 | 1 | 1 | 7 |
| വേദാധ്യാപകന്മാർ | 773 | 758 | 969 | 148 | 457 | 3105 |




## വഴിവിളക്കുകൾ

(ഗ്രന്ഥകർത്താ: ജെ ചെമ്മണ്ണൂർ ബി എ, നിർമ്മൽ പ്രസ്സ്, മൂണ്ടൽ. വില 2—2—0. പേജ് 290).

ഞായറാഴ്ചതോറും ദിവ്യബലിയിൽ വായിക്കപ്പെടുന്ന ലേഖനങ്ങളെയും സുവിശേഷങ്ങളെയും ആസ്പദമാക്കിയുള്ള പ്രസംഗങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങൾ ഇംഗ്ലീഷ് മുതലായ യൂറോപ്യൻ ഭാഷകളിൽ പലതുമുണ്ടെങ്കിലും മലയാളത്തിൽ ആധുനികരീതിയിലുള്ള അത്തരമൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുള്ളതായി അറിവില്ല. ഈ കുറവിനെ പരിഹരിക്കുവാൻ പര്യാപ്തമാണു് ഫാദർ ജെ ചെമ്മണ്ണൂർ വിരചിച്ചിട്ടുള്ള "വഴിവിളക്കുകൾ."

ആദ്ധ്യാത്മികമൂല്യങ്ങളിൽനിന്നും അതിദൂരം വ്യതിചലിച്ചു് ലൗകികതയിലമരുന്ന അന്ധകാരത്തിൽ തപ്പിത്തടഞ്ഞുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിനു് വഴിയും സത്യവും ജീവനുമാകുന്ന ക്രിസ്തുനാഥൻെറ ദിവ്യോക്തികളിൽ എങ്ങനെ അനന്തസായുജ്യത്തിലേക്കുള്ള വഴിയും വിളക്കും ദർശിക്കാമെന്നു് "വഴിവിളക്കുകളി"ൽ മനോജ്ഞമായി പ്രതിപാദിച്ചിരിക്കുന്നു.

"സത്യദീപ"പംക്തികളിൽ ഫാദർ ചെമ്മണ്ണൂർ എഴുതിക്കൊണ്ടിരുന്ന പ്രഭാഷണങ്ങളുടെ ശേഖരമാണു് ഈ ഗ്രന്ഥമെന്നറിയുമ്പോൾ അവയിലെ ആദ്ധ്യാത്മികരസം ആസ്വദിച്ചിട്ടുള്ളവർ ആ ലേഖനങ്ങൾ പത്രപംക്തികളിൽ അടങ്ങിയൊതുങ്ങിക്കിടന്നു് കാലഗതിയിൽ വിസ്മൃതമായിപ്പോകാതെ, വീണ്ടും വീണ്ടും യഥാവസരം പാരായണം ചെയ്യത്തക്കവിധം, പുസ്തകരൂപത്തിൽ പുറത്തുവന്നതിൽ അതിയായി സന്തോഷിക്കാതിരിക്കയില്ല. ഈ പുറപ്പാടു സാദ്ധ്യമാക്കിത്തീർത്ത നിർമ്മൽ പ്രസ്സ് ഭരവാഹികൾ കേരളകത്തോലിക്കരുടെ കൃതജ്ഞതയെ അർഹിക്കുന്നുണ്ടു്.

ഞായറാഴ്ചകളിൽ കുർബാനയിൽ വായിക്കുന്ന സുവിശേഷഭാഗവും ഇതു് ആ ഭാഗത്തെ ആസ്പദമാക്കിയുള്ള പ്രഭാഷണവുമാണു് ഓരോ അദ്ധ്യായത്തിലും കൊള്ളിച്ചിട്ടുള്ളതു്. ആധുനികജീവിതത്തിൻെറ വിവിധവശങ്ങളെ സ്പർശിച്ചുകൊണ്ടു് നവീനരീതിയിലുള്ള പ്രതിപാദനം ലളിതവും എന്നാൽ പണ്ഡിതോചിതവും ഭക്തിസംവർദ്ധകവും ആയിരിക്കുന്നു. ഞായറാഴ്ചകളിൽ സഭയുടെ ആരാധനാക്രമത്തിനു് അനുയോജ്യമായ വിധം കുടുംബങ്ങളിൽ ജ്ഞാനവായന നടത്തുന്നതിനു് ഏററം പററിയ ഒരു ഗ്രന്ഥമാണിതു്. ഞായറാഴ്ച പ്രസംഗത്തിനു് ഒരുങ്ങുന്നതിനു് വൈദികർക്കും ഈ ഗ്രന്ഥം സഹായകമായിരിക്കും.

മാതൃഭാഷയിൽ മതപരമായ ഉപദേശങ്ങളും സുവിശേഷപ്രസംഗങ്ങളും ശ്രവിക്കാൻ സാദ്ധ്യതയില്ലാത്തമൂലം, കേരളം വിട്ടു് മറുനാടൻനഗരങ്ങളിൽ അവിടവിടെയായി ജീവിക്കുന്ന ഇംഗ്ലീഷ്ഭാഷ വശമില്ലാത്ത പല മലയാളിക്കത്തോലിക്കരുടെയും മതചൈതന്യം മന്ദിച്ചുപോകുന്നുണ്ടു്. "വഴിവിളക്കുകളു"ടെ ആഴ്ചതോറുമുള്ള ശ്രദ്ധാപൂർവ്വമായ പാരായണംമൂലം ഞായറാഴ്ചകളിലെ സുവിശേഷപ്രസംഗങ്ങളുടെ അഭാവംകൊണ്ടുണ്ടാകുന്ന ദൂഷ്യത്തെ ഇവർക്കു ഫലപ്രദമായി പരിഹരിക്കാവുന്നതാണു്.

ഇങ്ങനെ പലവിധത്തിൽ പ്രയോജനപ്രദമായ ഈ സൽഗ്രന്ഥത്തിൻെറ കർത്താവായ ഫാദർ ചെമ്മണ്ണൂരിൻെറ അനുഗൃഹീതതൂലികയിൽനിന്നുതന്നെ ഇതിൻെറ പിൻഗാമിയായി ഞായറാഴ്ചകളിലെ ലേഖനങ്ങളെ പുരസ്കരിച്ചുള്ള ഒരു വിശിഷ്ടഗ്രന്ഥംകൂടി ആവിർഭവിക്കട്ടെ എന്നാശംസിക്കുന്നു.

(ഏ. വി. ററി)

## യാചകപൂജ

(ഗ്രന്ഥകർത്താ: ആർ. ഏബ്രഹാം ജോസഫ്. പ്രസാധകൻ: പി ജെ തോമസ്, പുളിമൂട്ടിൽ, തൊടുപുഴ. വില 12ണ. പേജ് 95).

പേരിനുതന്നെ ഒരു പുതുമയുണ്ടു്. അഗതികളെയും ദരിദ്രരേയും ഉയർത്തിക്കാണിക്കുന്ന പ്രസിദ്ധീകരണങ്ങളാണു് ആധുനികലോകത്തിനു് പ്രിയംകരം, പക്ഷേ പ്രകൃതഗ്രന്ഥത്തിലെ ഇതിവൃത്തം നവീനമല്ല. അതിനു നൂററാണ്ടുകൾ പഴക്കമുണ്ടു്. ക്രിസ്ത്വബ്ദം നാലാംശതകത്തിൽ ടൂഴ്സിലെ മെത്രാനായിരുന്ന വി. മർത്തീനോസിൻെറ (St. Martin of Tourse) ത്യാഗസുരഭിലമായ ജീവിതകഥയാണു് ഇതിലെ പ്രതിപാദ്യം.

മകരമാസത്തിലെ എല്ലുംകോച്ചുന്ന മഞ്ഞത്തു് വഴിവക്കിൽ തണുത്തുമരവിച്ചിരുന്ന അർദ്ധനഗ്നനായ യാചകനു് ത

ചെറുകഥ

# പട്ടാളക്കാരൻ

(ജെ. പി. ആനന്ദഭവൻ)

ഹുങ്കാരത്തോടുകൂടി പാഞ്ഞുവന്ന തീവണ്ടി റയിൽവേസ്റ്റേഷനിലെത്തി. യാത്രക്കാർ ഇറങ്ങുകയും കയറുകയും ചെയ്യുന്ന തിക്കും തിരക്കും. "പോർട്ടർ" എന്ന വിളി മുഴങ്ങുന്നു. "കാപ്പി വടെ", "വാഴപ്പഴം മുറുക്കാൻ ബീഡി സിഗററ്റ്" എന്ന ശബ്ദം രണ്ടു മൂന്നു ഭാഷകളിൽ; "ഹിന്ദു, ഡെക്കാൻ മെയിൽ, എക്സ്പ്രസ്, മലബാർ മെയിൽ, ദീപിക" എന്നിങ്ങനെ പത്രവില്പനക്കാരായ ബാലന്മാരുടെ ഉച്ചത്തിലുള്ള വിളികൾ മറ്റൊരു ഭാഗത്തു്. ആകപ്പാടെ ചലനാത്മകവും, ശബ്ദായമാനവും, സജീവവുമായ ഒരു രംഗം. പോർട്ടർമാരുടെ സേവനത്തിനു വിളിക്കപ്പെടാതെ ഒരു യുവാവ് പ്ലാറ്റ്ഫോമിൽ ഇറങ്ങിനിൽക്കുകയാണ്. കാക്കിയൂണിഫോറം ധരിച്ചിരിക്കുന്നു; ബൂട്ട്സ് ഇട്ടിട്ടുണ്ട്; കൈകൾ വീശിച്ചുറ്റിനടക്കുകയും ഏതാണ്ട് പരിഭ്രാന്തൻ എന്നു തോന്നിക്കുന്ന ദൃഷ്ടി; ആകർഷകവും [illegible] മുറികൾ; ആരോഗ്യത്തിൻെറ വിളക്കം കാണിച്ചു നില്ക്കുന്ന ശരീരം; ഒരുതരം മുഴുവൻ വിട്ടിട്ടില്ലാത്ത വിഷാദാത്മകമായ മുഖഭാവം; സാമാന്യമായ പൊക്കം; വയസ്സ് ഏകദേശം ഇരുപത്തെട്ടു കാണും.

ഈ യുവാവിൻെറ ചുറ്റും കൂടിയിരിക്കുന്ന പോർട്ടർമാർ സേവനം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും, മിലിട്ടറിയൂണിഫോറംകണ്ട് അല്പം സങ്കോചം ഭാവിക്കാതിരിക്കുന്നില്ല. ഒരു വലിയ ഇരുമ്പുപെട്ടിയും രണ്ടു ചെറിയ പെട്ടികളും മെത്തയും ബെഡ്ഷീറ്റും ചുരുട്ടിക്കെട്ടിയ ഒരു ഭാണ്ഡവുമാണ് അയാളുടെ കൈവശമുള്ള സാമാനങ്ങൾ. പോർട്ടർമാരുടെ ശല്യം കൂടിവന്നപ്പോൾ അസഹ്യതയോടെ, പട്ടാളക്കാരൻെറ ശാഠ്യത്തോടുകൂടി അയാൾ പറഞ്ഞു: "മറ്റിനില്ല; ആളു കൊണ്ടുപോകണ്ട. എനിക്കു കൊണ്ടുപോകാൻ കഴിയുമോ എന്നു നോക്കട്ടെ."

സൂര്യൻ പശ്ചിമചക്രവാളത്തോളമായി ചെന്നിരിക്കുന്നു. നേരമിരുട്ടാൻ ഇനി അധികം താമസമില്ല. താൻ സ്വദേശിയാണെങ്കിലും ഇപ്പോൾ ഒരു വിദേശിയുടെ നിലയിലായിരിക്കുന്നു എന്ന് ആ യുവാവിനു് അല്പം വിഷമം തോന്നി. പരിചിതരായി ആരെങ്കിലും അവിടെയുണ്ടോ എന്നു നോക്കിയതിൽ ആരെയും കണ്ടില്ല. പെട്ടെന്നു മറ്റൊരു പോർട്ടർ ഓടിവന്നു, "സർ വല്ലതും തന്നാൽ മതി. ഞാൻ കൊണ്ടുപോരാം അതാ ആ വണ്ടിയിൽ വച്ചുതരാം" എന്നു പറഞ്ഞു. യുവാവ് അതു സമ്മതിച്ചു. അവൻ സാമാനമെല്ലാം ചുമന്നു പുറപ്പെടുകയും ചെയ്തു.

നമ്മുടെ പട്ടാളക്കാരൻ ജോസഫ് തൻെറ ഗൃഹപരിസരങ്ങളിലെത്തി. അപ്പോൾ സന്ധ്യ കഴിഞ്ഞിരിക്കുന്നു. മൂവന്തിനേരത്തെ മങ്ങിയ വെളിച്ചത്തിൽ അയാൾ വീട്ടുമുറ്റത്തെത്തി. കാളവണ്ടിക്കാരൻ സാമാനങ്ങൾ അങ്ങോട്ടു പെറുക്കിക്കൊണ്ടുവച്ചു. എന്നാൽ മനുഷ്യജീവികളുടെ വാസസ്ഥലമാണെന്നു തോന്നിക്കത്തക്ക യാതൊരു ലക്ഷണവും ഇല്ലാതെ ശൂന്യമായി കാണപ്പെട്ടു ആ ഭവനം. തൻെറ ഭൂതകാലചെയ്തികളെ ചോദ്യം ചെയ്യാൻ എന്നപോലെ നില്ക്കുന്ന ഒരു ഭൂതത്തെപ്പോലെ ആ ഭവനം മുന്നിൽ കണ്ടു. അപ്പോഴത്തെ പ്രകൃതിയെപ്പോലെ അയാളുടെ മുഖവും ഇരുണ്ടുകൊണ്ടിരുന്നു. അല്പനേരം ആരെങ്കിലും ഉണ്ടോ എന്നു ചെവിയോർത്തുനോക്കി. എങ്ങും ആരെയുമില്ല; ചീവീടുകളുടെ ശബ്ദം മാത്രമേ കേൾക്കുന്നുള്ളു. ജോസഫ് ഇതികർത്തവ്യതാമൂഢനായി നിന്നുപോയി. അയാൾ അങ്ങനെ നില്ക്കുന്നതുകണ്ട് വണ്ടിക്കാരൻ തൻെറ കാര്യം ഇങ്ങനെ അവതരിപ്പിച്ചു: "സാർ, എനിക്കു വീട്ടിലേക്കു പോകാൻ നേരമായി; നമ്മുടെ കാര്യം തന്നേരെ; വേറെ ഓട്ടം ചേരിയാകുന്നു."

ജോസഫ് ചിന്തയിൽനിന്നും വിരമിച്ചു. "ഓ! ഞാൻ അക്കാര്യം ഓർത്തില്ല."

കീശയിൽനിന്നും കാശെടുത്തു വണ്ടിക്കാരനു കൊടുത്തു. അവൻ സലാംപറഞ്ഞു പിരിയുകയും ചെയ്തു.

വീടിൻെറ ചുറ്റും നടന്നുനോക്കി. അവിടെങ്ങും ആൾപ്പാർപ്പിൻെറ യാതൊരു ലക്ഷണവും കണ്ടില്ല. അവിടെല്ലാം കാടുപിടിച്ചുകിടക്കുന്നു. തീപ്പെട്ടി ഉരച്ചു വിളക്കു കൊളുത്തിനോക്കിയതിൽ വീട്ടിൻെറ ഓലമേൽക്കൂര അവിടവിടെ പൊളിഞ്ഞു്, ആകാശം ആവാഹിച്ചുകൊള്ളുന്ന നിലയിൽ കാണപ്പെടുന്നു. തറയിൽ ചാണകം മെഴുകിയിട്ടു് എത്രകാലം കഴിഞ്ഞിരിക്കുന്നു. വീട്ടിലേക്ക് എഴുത്തും മണിയോർഡറും അയക്കാൻ താൻ കാണിച്ച അശ്രദ്ധയുടെ അനന്തരഫലം ഇപ്രകാരം ശൂന്യമായി രൂപമെടുത്തിരിക്കുന്നു എന്ന് അയാൾ കണ്ടു. ഭൂതകാലസംഭവങ്ങൾ ഒന്നൊന്നായി മറയില്ലാതെ അയാളുടെ സ്മൃതിപഥത്തിൽക്കൂടി തിരിയാൻ ആരംഭിക്കുകയും ചെയ്തു.

ആറുകൊല്ലങ്ങൾക്കുമുമ്പ് പട്ടാളത്തിൽനിന്നു് ഒന്നുമാസത്തെ അവധിയിൽ വന്ന ജോസഫ് വിവാഹം കഴിഞ്ഞിട്ടേ പോകാവൂ എന്നുള്ള അമ്മയുടെ നിർബന്ധത്തിനു വഴങ്ങേണ്ടിവന്നു: "പിള്ളാരെ സമ്മതത്തിനു സമ്മതം ചെയ്യുന്നില്ലെന്ന് അതിപ്പിള ദുഷ്യങ്ങളുമുണ്ട്, മോനേ; നീ നല്ലവനാ, പക്ഷേ, ആർക്കറിയാം? ലോകം അങ്ങനെയാ. അന്യനാട്ടിലേപ്പോകയാ. അതും പട്ടാളത്തില്. ആട്ടും പാട്ടും കള്ളുംകുടിയുമൊക്കെ അറിയുന്ന അതിനൊന്നും അറുതിയില്ലല്ലോ."

ജോസഫ് അതിനെ നിഷേധിച്ചു: "അമ്മേ, അമ്മ പറയുന്നതനുസരിക്കാൻ മടിയുണ്ടായിട്ടല്ല. ഈ ചെറുപ്പത്തിലേ കല്യാണംകഴിക്കുന്നതു് നല്ലതാണോ എന്നാണ് എൻെറ സംശയം. ഞാൻ അടുത്തുവരുന്ന വർഷങ്ങൾ മടിയാതെ [illegible]."

അമ്മ ശാഠ്യംപിടിച്ചു: "മോനേ, അതൊന്നും കേൾക്കില്ല. ഇന്നത്തെ പിള്ളാര് ഇഷ്ടിക്കുന്ന വലിയ നേരം മാറാൻ വേണോ? നീ എൻെറ മോനാണെന്നെനിക്കറിയാം. നിൻെറ അപ്പച്ചൻെറ ഗുണം നല്ലോണം ഉണ്ടു നിനക്ക്. എങ്കിലും മോനേ— ലോകമാ."

ജോസഫ് ആ വാത്സല്യസ്വരമായ നിർബന്ധത്തിനു വഴങ്ങുകതന്നെ ചെയ്തു. അങ്ങനെ മറിയവും ജോസഫുമായുള്ള വിവാഹം ആ മാസത്തിൽത്തന്നെ നിർവ്വഹിക്കപ്പെട്ടു. 1943-മാണ്ടു നവംബർമാസം 18-ാം-യിലെ പ്രഭാതം. ആ നവദമ്പതികളെ സ്വാഗതംചെയ്ത സ്ഥലത്തെ ദേവാലയമണിനാദം ഒരു ആനന്ദമന്ത്രധ്വനിയോടുകൂടി അവരെ സ്വീകരിച്ചു. ബലിപീഠത്തിനുമുമ്പിൽ പുരോഹിതൻെറ സാന്നിദ്ധ്യത്തിൽ താനോടൊന്നിച്ചു്, തൻെറ ഇണയായി ആപാദചൂഡം വെള്ളവസ്ത്രാലംകൃതയായി നിന്നിരുന്ന മറിയയെ അയാൾ ഇപ്പോഴും മുമ്പിൽകാണുന്നു. അപ്പോൾ അണിഞ്ഞിരുന്ന കസവിൻെറ പട്ടുപാവാടയും, അവളുടെ നിഷ്കളങ്കത സൗന്ദര്യത്തിനു മാറ്റുകൂട്ടി. എങ്കിലും ചപലമായ കാമഭാവമല്ല ഒരു സാത്വികമനോഹാരിതയാണ് മറിയയിൽ കളിയാടിയിരുന്നതു്. അതു കണ്ടപ്പോൾ രണ്ടായിരം വർഷങ്ങൾക്കു പിന്നിലുള്ള ഒരു ദിവ്യചിത്രമാണ് ജോസഫിൻെറ ബോധത്തിലുദിച്ചതു്. ജറുസലേം ദേവാലയത്തിൽ ആചാര്യശ്രേഷ്ഠനായ ശിമയോൻെറ സന്നിധിയിൽ നില്ക്കുന്ന പരിപാവനചിത്രം. കന്യകാമാതാവും യൗസേപ്പുപുണ്യവാനും. പക്ഷേ, ആ ഉപമ തന്നെ സംബന്ധിച്ചിടത്തോളം അസ്ഥാനത്താണെങ്കിലും ആ പ്രതീതി അയാളിൽ അങ്കുരിക്കുകതന്നെ ചെയ്തു.

തൻെറ അഭിപ്രായത്തിനനുസരണം ആഡംബരരഹിതമായ വിവാഹച്ചടങ്ങുകൾ നിർവഹിക്കപ്പെട്ടു. ബലിപീഠത്തിനുമുമ്പിൽ മാലാഖയെപ്പോലെ പ്രത്യക്ഷയായി, പുരോഹിതൻെറ ചോദ്യത്തിനു സ്ത്രീസഹജമായ ലജ്ജയോടുകൂടി ഉത്തരം പറഞ്ഞ നിഷ്കളങ്കയായ മറിയ അവരുടെ ദാമ്പത്യജീവിതം പ്രത്യക്ഷം പരിപാവനമാക്കിക്കൊണ്ടു് അവരുടെ ജീവിതകാലം മുഴുവൻ പ്രകാശിപ്പിക്കുമെന്നു തോന്നി. എന്നാൽ വിവാഹാനന്തരം ജോസഫ് എത്ര ദിവസമാണ് അവിടെയുണ്ടായിരുന്നതു്? കേവലം രണ്ടാഴ്ചത്തേക്കു്. വളരെ ചെറുപ്പമായിരുന്നെങ്കിലും ഒരു ഉത്തമകുടുംബത്തിൽ ജനിച്ച അവൾ ശാലീനത, വിനയം, ഭർത്തൃഭക്തി, ഗൃഹകാര്യവിചാരം, സർവോപരി ദൈവഭക്തി എന്നീ ഗുണങ്ങൾക്കു വിളനിലമായിരുന്നു. ആ രണ്ടാഴ്ചക്കാലം— ജോസഫിൻെറ ജീവിതത്തിൽ ഒരുകാലത്തും മറക്കാൻ നിവൃത്തിയില്ലാത്ത നിമിഷങ്ങൾ നിറഞ്ഞ ആ ചുരുങ്ങിയ കാലഘട്ടം— ഇതാ, ജോസഫിൻെറ മുമ്പിൽ നൃത്തം വച്ചു. അയാൾ കുറേനേരം സ്വയം വിസ്മരിച്ചു് അങ്ങനെ ഇരുന്നുപോയി. ഇരുട്ടിൽ ഒളിച്ചുകളിക്കുന്ന ചില ജന്തുക്കളുടെ ശബ്ദം സമീപത്തു മുഴങ്ങിയെങ്കിലും അയാൾ അതൊന്നും ശ്രദ്ധിച്ചതേയില്ല. കാലമഹാസമുദ്രത്തിൽ മുങ്ങിമറഞ്ഞ ആ പോയ വർഷങ്ങളെ ഓരോന്നായി അയവിറക്കുവാൻ അയാളുടെ മാനസം വെമ്പൽകൊള്ളുകയാണ്. അയാൾ സ്വപ്നത്തിലെന്നപോലെ ചിന്തയിലാണ്ടിരിക്കുന്നു.

താൻ അവരോടു യാത്രപറഞ്ഞു് ഇറങ്ങുന്ന രംഗം അയാൾ കണ്ടു. വിഷാദമൂകയായി കണ്ണുനിറച്ചു നില്ക്കുന്ന ആ മനോഹരബാലികയെ ദർശിച്ചപ്പോൾ അയാൾക്ക് ഹൃദയവേദന തോന്നിയതായി [illegible]. ഹാ! സാധു ബാലിക, എന്തെല്ലാം വേദനകളും യാതനകളും അനുഭവിച്ചിരിക്കണം! അന്നത്തെ തൻെറ യാത്ര എന്തെല്ലാം ഭവിഷ്യത്തുകളാണ് വരുത്തിക്കൂട്ടിയതെന്ന് അവൾ എങ്ങനെ അറിയും? എന്താണു് സംഭവിച്ചതു്? ആദ്യമാദ്യം ആഴ്ചതോറും എഴുത്തുകളും, പ്രതിമാസം മണിയോർഡറുകളും അയച്ചുകൊണ്ടിരുന്നു. [illegible] ൻ കീഴടങ്ങിക്കഴിഞ്ഞെന്നുള്ള നിശ്ചയമാണെങ്കിൽ, ആ എഴുത്തുകളും മണിയോർഡറുകളും അതുപോലെ നിലച്ചിരിക്കുകയായിരുന്നു.

കാലം ചിറകുവിരിച്ചുപറന്നു, എഴുത്തുകൾ കുറഞ്ഞു. പിന്നെ മണിയോർഡറുകളും. അയാൾ സ്ഥലം മാറിമാറി പൊയ്ക്കൊണ്ടിരുന്നു. കൂട്ടുകെട്ടും വർദ്ധിച്ചുവന്നു. അതനുസരിച്ചു പണത്തിനു മറ്റു ചെലവുകളുണ്ടായി. എന്തിനു്! ജോസഫ് വീട്ടിലേക്കു എഴുതുക തന്നെ ഇല്ലാതായി. അയാൾ മറിയയെ സ്വമനസ്സാലെ ഉപേക്ഷിച്ചിട്ടല്ല പോന്നതു്. കഴിവില്ലാതെ വൃദ്ധയായ മാതാവും സഹധർമ്മിണിയും എങ്ങനെ കഴിയുമെന്നുള്ള ചിന്ത ചിലപ്പോഴെല്ലാം ഉണ്ടായിരുന്നെങ്കിലും വിസ്കിയും ബ്രാണ്ടിയും മററും ആ ചിന്തയെ വിഴുങ്ങിക്കളയുകയാണു ചെയ്തതു്. താൻ മാത്രമാണ് അവരുടെ അവലംബമെന്നുള്ള കാര്യം വിസ്മരിച്ചുകളഞ്ഞു. ആറു വർഷം കഴിച്ചുകൂട്ടിയശേഷമാണ് ഇപ്പോഴത്തെ പുറപ്പാടു്. ആ വൃദ്ധയെയും സഹധർമ്മിണിയെയും അന്വേഷിക്കുന്നതിനു് എന്താണു് ഇന്നു് ആർക്കറിയാം?

ജോസഫിൻെറ ചിന്താഗതി ഇവിടെ എത്തിയപ്പോൾ അയാൾ ഞെട്ടിയുണർന്നു. ഇരുൾപടലം തന്നെ നോക്കി കണ്ണുരുട്ടുന്നതായി അയാൾക്കു തോന്നി. രാത്രിയുടെ ഏകാന്തതയിലെ ഒരു മങ്ങിയ വെളിച്ചംമാത്രമാണ് അയാൾക്ക് അവലംബം. അയാൾ പശ്ചാത്താപത്തിൻെറ അലകളിൽ പൊങ്ങുതടിപോലെ അമ്മാനമാടി. വിധിപ്രകാരം പാണിഗ്രഹണംചെയ്ത ധർമ്മപത്നിയോടു് അനുവർത്തിച്ച നിർദ്ദയത്വം അയാളെ പരിഹസിച്ചുകൊള്ളുകയാണ്. അയാളുടെ ഹൃദയം പിടച്ചു. സ്വന്തം മാതാവിനോടുള്ള കടമയും അയാൾ വിസ്മരിക്കുകയാണല്ലോ ചെയ്തിരിക്കുന്നതു്.

---

ൻെറ പടയുടുപ്പിൻെറ പകിട്ടി മാറ്റിച്ചു കെട്ടിയ ആ സേനാനിയുടെ വിമോചനം അരങ്ങേറുകയല്ലേ? ഫ്രാൻസ് സാമ്രാജ്യ (ഫ്രാൻസ്) അതിലെ അംഗമായ ഒരു സൈനികോദ്യോഗസ്ഥൻ ദൈവം ഒരു ഉപകരണമായി തിരഞ്ഞെടുത്തു നില്ക്കുന്നുവെന്ന അനന്തമായ സംഗ്രഹം ചരിത്രത്തിനു് ഓർമ്മിക്കേണ്ടുന്ന ഒരു വസ്തുതയാണു്. എന്തിനേറെ അവർക്ക് വന്ദനം ചെയ്തു പൂജിച്ചുപോരേ?

അവിടെ ആരംഭിക്കുകയായി ആ ജീവിതകഥ. ചെറുപ്പത്തിൽ അവിശ്വാസികളും ഉള്ള യുക്തിവാദികളുമായ മാതാപിതാക്കന്മാരിൽനിന്നു ജനിച്ച ക്രിസ്ത്യാനിയായിത്തീരാൻ അവസരമുണ്ടായ അദ്ദേഹത്തിൻെറ ആയുഷ്കാലം മുഴുവൻ പരിത്യാഗപരിശീലനത്തിൻെറ ദീർഘകഥയായിരുന്നു. തിന്മയെ നന്മകൊണ്ടു ജയിക്കുന്ന കർമ്മകഥയുടെ ആരംഭം അതിൽ തുടങ്ങിക്കാണാം.

സുന്ദരമായ ഇതിവൃത്തം ആസ്വാദ്യകരമായ ഭാഷാശൈലിയിൽ പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥകാരനെ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൻെറ ലേഖനങ്ങൾക്കു മിഴിവും മികവുമേറും. അതിശയകരമായ പ്രധാനങ്ങളായ അനുഭവങ്ങളെ അദ്ദേഹം അതികവിതയിൽ ആശ്രയിച്ചിട്ടില്ല; സൂക്ഷ്മദർശിയായ സാമാന്യവായനക്കാരനാണ് കൂടുതൽ പ്രസക്തി. ജീവചരിത്രഗ്രന്ഥങ്ങളുടെ വാസ്തവികത വെളിപ്പെടുത്തുവാൻ ഈ രീതി അതിവ അനുസൃതമാണല്ലോ. അനുവാചകൻെറ അല്പത്വം അവസാനംവരെ അനുസ്യൂതം പുലർത്തിപ്പോരുന്ന ലളിതവും സുഗ്രഹവുമായ ഭാഷയും ആസ്വാദ്യകരമത്രെ.

പ്രതിപാദ്യവിഷയം അത്ഭുതകരമായിരിക്കുന്ന രീതിയും ശ്രദ്ധേയമത്രെ. നാമ്നിമിർപ്പെങ്ങളായ കൻപതസ്യങ്ങൾ. ഓരോന്നിലും യുക്തമായ ഉപശീർഷകങ്ങൾ നൽകിയുള്ള ഖണ്ഡികാവിഭജനം; അന്യഭാഷാപദങ്ങൾക്കു സന്ദർഭികമായ വിവരണസൂചി (ഫുട്നോട്ട്) ഇവയെല്ലാം അക്ലിഷ്ടമായ ആശയഗ്രഹണത്തെ സഹായിക്കും. റൈററ് റവ. ഡോക്ടർ മരേട്ടിൽ തിരുമേനിയിലെ ആശീർവാദവചനം, സാഹിത്യതിലകൻ പ്രൊ. സി. ജെ. മാത്യുവിൻെറ പ്രൗഢഗംഭീരമായ അവതാരികയും, ശ്രീ മാത്യു എം. കുഴിവേലി ബി. എ.-യുടെ പ്രൗഢോജ്ജ്വലമായ ആസ്വാദനവും പ്രകൃതഗ്രന്ഥത്തിൻെറ മകുടാലങ്കാരങ്ങളത്രെ. ഈ വിശിഷ്ടോപഹാരവുമായി സഹൃദയരുടെ കരങ്ങളിൽ എത്തുന്ന ഗ്രന്ഥകർത്താവിനു് അകമഴിഞ്ഞ അഭിനന്ദനങ്ങൾ.

(മണിമല)

ലൂർദ്ദ്പള്ളി ദർശനസഭ, തൃശ്ശൂർ

പുതിയ മാസക്കുറി

As per Govt: Sanction D. Dis. 388/53/R. D. dated 2—1—1953

നറുക്ക് 1ക്ക് 100ക. 111 നറുക്ക്

1,1100ക. സല.

ഒന്നാം തവണ 1953 ഏപ്രിൽ 7-ാം തീയതി / 1128 മീനം 25-ാം തീയതി

കുറിയിൽ കാണുന്ന 32-ൽ ഒരംശം (3ക. 2ണ. മുതൽ വീതം) വരെ ലേലം.

കൂടുതൽ വിവരങ്ങൾക്ക്:

ലൂർദ്ദ്പള്ളി കുറി ആഫീസ്, തൃശ്ശൂർ

Trichur 29-1-1953 VICAR & TRUSTEES

ഓരോ നിമിഷവും ഓരോ യുഗങ്ങളെപ്പോലെ ദീർഘവും ഭാരമേറിയതുമായി അയാൾക്കുതോന്നി. ഇനി എന്താണു ചെയ്യേണ്ടതെന്ന് അയാൾ വളരെനേരം ആലോചിച്ചു. അങ്ങനെയിരിക്കുമ്പോളാണ് അത്തെരുവിലെ ചാക്കോച്ചൻ അവിടെവന്നത്. കുറേനേരമായി അയാൾ അവിടെ വന്നുനോക്കണമെന്നു വിചാരിക്കയായിരുന്നു. എന്നാൽ ഇപ്പോൾമാത്രമേ സാധിച്ചുള്ളു.

ചാക്കോച്ചൻ ചോദിച്ചു:- "ആരാ, ആ ഇതാരാ? കൊറേനാളായി കഴിഞ്ഞുകെടന്ന വീട്. ഇന്ന് എന്താണ്ടാ ഒച്ചയൊക്കെക്കേട്ടു ഞാനിങ്ങോട്ടുവന്നേ. നേരത്തെ വരണമെന്നു തോന്നിച്ചു. ഇപ്പൊ ഒത്തോളൂ. ആരാ, ആ ഇരിക്കുന്നെ?"

ജോസഫ് ടോർച്ചുലൈറ്റ് തെളിച്ചുകൊണ്ട് അടുത്തുചെന്നു: "ഞാനാ ചേട്ടാ, ഔസേപ്പച്ചൻ."

ഉദ്വേഗത്തോടുകൂടി ചാക്കോച്ചൻ പറഞ്ഞു: "അയ്യോ! ഔസേപ്പച്ചനോ? നീ എവിടെയായിരുന്നു കുഞ്ഞേ? നിന്റെ കെട്ടിയോളും അമ്മയും പെട്ട പാടൊന്നും പറയണ്ട. നീ, എങ്കിലും, ഇങ്ങനെ ആയിപ്പോയല്ലോടാ! നാടുവിട്ടുപോയ നീയല്ലിയോ? കുമാരിയും മറ്റും കണ്ടില്ലാരുന്നല്ലോ. പിന്നെന്തുപറ്റി?"

ജോസഫ് സങ്കോചത്തോടും, എന്നാൽ ആവേശത്തോടും പ്രതിവചിച്ചു: "ചാക്കോച്ചേട്ടാ! അതൊന്നും പറയേണ്ട; വന്നതെല്ലാംവന്നു. എന്റെ അമ്മയും മറിയവും എവിടെയുണ്ടെന്നു ചേട്ടനൊന്നു പറഞ്ഞെങ്കിൽ!" ചാക്കോച്ചൻ വീണ്ടും അസ്വസ്ഥനായെങ്കിലും, സന്തോഷത്തിൽ ഉദ്ഘോഷിച്ചു: "എന്റെ കുഞ്ഞേ! നിന്റെ ഭാഗ്യത്തിനു നീ ഇന്നു വന്നതാണല്ലോ? ആ പാവങ്ങൾ! ഹോ! മറിയ ആശുപത്രിയിലാണ്. ആ മൂത്തമ്മ കൂട്ടിനുണ്ട്. എന്താ നാളെയെന്നോ! ഇപ്പോളാണ് അതൊന്നറിയാൻ വന്നിരിക്കുന്നെ. ആളു ബോധംകെട്ടു കിടക്കുന്നു; ചെന്നു നോക്കിയാലറിയാം. പട്ടിണികിടന്നും കൂലിവേലചെയ്തും വലഞ്ഞതിന്റെ ഫലമാണ്. പാവങ്ങൾ പെട്ടപാടൊന്നും പറയേണ്ട."

ചാക്കോച്ചൻ കുഞ്ഞമ്മയെ പ്രകാശിപ്പിച്ചുകൊണ്ട്, പെട്ടിയും സാമാനങ്ങളും, അവന്റെ വീട്ടിൽ സൂക്ഷിക്കാൻ ഏർപ്പാടുചെയ്തിട്ട്, ചാക്കോച്ചന്റെ അടുത്തുള്ള ധന്യമാക്കിയ ജോസഫ് ആശുപത്രിയിലേക്ക് പാഞ്ഞു. ഇരുട്ടിനെ പിളർന്നു കീറിക്കൊണ്ട് പശ്ചാത്താപവിവശനായ ജോസഫ് മിന്നൽവേഗത്തിൽ അവിടെയെത്തി. ഉൽക്കണ്ഠാകലിതമായ ഹൃദയത്തോടുകൂടി അയാൾ എല്ലാ വാർഡുകളിലും കയറിനടന്നു. ഒരു വിധത്തിൽ അയാൾ അവരെ കണ്ടുപിടിച്ചു. അയാൾ അവിടെക്കണ്ടകാഴ്ച എന്താണ്? കട്ടിലിന്മേൽ പററിച്ചേർന്നു കിടക്കുന്ന ആ രൂപം അയാളുടെ ഹൃദയത്തെ പിളർന്നു. ആ രൂപത്തോടടുത്തുള്ള ശോകമൂകയായ അമ്മയുടെ മുഖവും സ്ഥിതിയും മനസ്സിലാക്കി. പെട്ടെന്ന് അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാനല്ല പിന്നീട് കടന്നുവന്നത്. കതകിന്റെ സുഷിരത്തിൽ അവന്റെ സാമീപ്യത്തെപ്പററി കന്യാസ്ത്രീകൾവഴി അറിയിക്കയാണുണ്ടായത്. എന്തിനധികം? അവർ വിവരം ക്രമേണ അറിഞ്ഞു. പശ്ചാത്താപവിവശനായ "ധൂർത്തപുത്രനെ" മാതാവു സ്വീകരിച്ചു. ഏറെക്കാലമായി കേഴുന്ന പ്രിയതമയുടെ ശയ്യാതലത്തിങ്കൽ കിടന്നുകൊണ്ട് സ്വാഗതം ചെയ്തു.

കാലത്തിന്റെ തിരിമറി; രോഗവും ദുരിതവും അകന്നു. "സ്നേഹത്തിന്റെ സഹോദരി"കളുടെ ആത്മാർത്ഥമായ സേവനംകൊണ്ടുമാത്രം ജീവനെ നിലനിർത്തിവന്ന മറിയം ഏതാനും ദിവസങ്ങൾക്കകം, "പുതിയ മിഷൻ" സാന്നിദ്ധ്യത്തിൽ സുഖംപ്രാപിച്ചു. താൻനിമിത്തം കഷ്ടപ്പെട്ടവർ സഹിക്കേണ്ടിവന്ന കഷ്ടതയ്ക്കും മാനഹാനിക്കും വേണ്ടി ജോസഫ് നിർല്ലോഭം ധനം വ്യയംചെയ്ത്, ചെയ്ത പാപത്തിന് പരിഹാരംനേടാൻ ശ്രമിച്ചു. അയാൾ ചെയ്ത പാപങ്ങൾ ദീർഘനിശ്വാസങ്ങളായും കണ്ണീർക്കണങ്ങളായും പ്രവഹിച്ചു. ആത്മാർത്ഥമായ പശ്ചാത്താപത്തിൽ ജഗദീശ്വരനും അയാൾക്കു മാപ്പുനൽകി.

പട്ടാളത്തിൽ ഇടനാൾ വീണ്ടും വല്ല കഴപ്പങ്ങളും ഉണ്ടായിട്ടുണ്ടോ എന്നുകരുതി, അയാൾ വിരമിച്ചുവന്നു നേടുകയായിരുന്നു. കൈകുഞ്ഞുങ്ങളുമായിരുന്ന ആ പരമകാരുണികൻ ഒരു ചെറിയ വ്യാപാരം തുടങ്ങി. ആ കുടുംബം സമാധാനത്തിലും ഐക്യത്തിലും നസറത്തിലെ കുടുംബത്തെ അനുകരിച്ചു ജീവിതശേഷം നയിച്ചു.


— —




പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

കാലം എത്ര ക്ഷണം കടന്നുപോകുന്നു. ഇല്ലേ? പുതിയ ആണ്ടുപിറന്നു. ജനുവരി വന്നു. ഓ അതുപോയി. ഫെബ്രുവരി വന്നു. അതുംപോകുന്നു. ഇനിയും മാസങ്ങൾ വന്നുകൊണ്ടിരിക്കും. ഇതിനിടയിലെല്ലാം നിങ്ങളിലും പല മാററങ്ങളും സംഭവിച്ചുകാണും. ശരിയല്ലേ? സമയത്തിന്റെ ഓരോ അണുവിലും പ്രായോജനമുള്ള പ്രവൃത്തികളെക്കൊണ്ടു നിറയ്ക്കുന്നതിൽ കുഞ്ഞുങ്ങൾ അത്യന്തം ശ്രദ്ധിക്കണം. കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും വിഷമതകളും രോഗവും കണ്ണുനീരുംകൂടിയും എല്ലാം ഈ ലോകത്തിലുണ്ട്. എന്നാലും ഈ ലോകം നന്മനിറഞ്ഞതാണ്. കൊച്ചുകിളികളും, സ്വാദുള്ള പഴങ്ങളും, ഭംഗിയുള്ള പൂക്കളും, നീലാകാശവും, ചന്ദ്രനും, നക്ഷത്രവും, ചെടികളും എല്ലാം ഇവിടെയുണ്ട്. അതിൽ നിന്നെല്ലാം നിങ്ങൾക്ക് സന്തോഷം ആസ്വദിക്കാം. ചീത്തകാര്യങ്ങളിൽ മനസ്സു പോകാതെ നല്ലകാര്യങ്ങളിൽ മനസ്സു വ്യാപരിക്കട്ടെ. അപ്പോൾ കിട്ടുന്ന ഫലവും സന്തോഷജനകമായിരിക്കും. ഒരു കഥ:—

ഒരു പുഴയുടെ കരയിൽ കുററിക്കാടുകളും ഞാങ്ങണപ്പുല്ലുകളും നിറയെ ഉണ്ടായിരുന്നു. അതിനുള്ളിൽ ഒരു കുളക്കോഴി പാർത്തിരുന്നു. കുളക്കോഴി ഒരിക്കൽ രണ്ടുമുട്ടയിട്ടു. മുട്ടകളെ വലിയ കാര്യമായി അതു സൂക്ഷിച്ചു. ഒരുദിവസം ഒരു കുന്നോളം കുളക്കോഴി ഇരതേടലെല്ലാം കഴിഞ്ഞു കൂട്ടിൽ തിരിച്ചുവന്നപ്പോൾ അതിന്റെ മുട്ടകൾ കാണുന്നില്ല. കുളക്കോഴിക്ക് വളരെ സങ്കടംതോന്നി. ചുററുപാടുമെല്ലാം അന്വേഷണം നടത്തി.



ഒരു കരിമൂർഖൻപാമ്പ് പത്തിയും അടക്കി അതിന്റെ മാളത്തിലേക്ക് കയറുന്നതാണ് കുളക്കോഴി കണ്ടത്. തന്റെ മുട്ടകൾ തിന്നതു് ഈ പാമ്പല്ലാതെ മററാരുമായിരിക്കയില്ലെന്നു കുളക്കോഴി നിശ്ചയിച്ചു. അതിനെ കൊന്നില്ലെങ്കിൽ തനിക്കു രക്ഷയില്ലെന്നു ആ പക്ഷി മനസ്സിലാക്കി. തനിക്കുചെന്ന് മൂർഖൻപാമ്പിനോട്ട് എതിരിടുന്നതു് ആപത്തുമാണു്. കുളക്കോഴിയുടെ ഒരു കൂട്ടുകാരൻ പുഴക്കരെ ഇരിക്കുന്നുണ്ടായിരുന്നു — ഒരു വലിയ ഞണ്ട്. ഞണ്ടിനെ കണ്ടപ്പോൾ പക്ഷി പറന്നു തിരിഞ്ഞ്, സ്നേഹിതനോടു തന്റെ ദുർവിധിയെക്കുറിച്ചു പറഞ്ഞുകേൾപ്പിച്ചു. പാമ്പിനെ കൊല്ലുന്നതിനുള്ള ഉപായം കണ്ടുപിടിക്കാമെന്ന് ഞണ്ട് ഏററു.



അയാൾ തലപുകഞ്ഞാലോചിച്ചു. ഒരു സൂത്രം കണ്ടുപിടിച്ചു. അധികം താമസിയാതെ ഞണ്ട് അതുപറഞ്ഞുപിരിഞ്ഞു. അയാൾ നേരെ പുഴയിൽ ഇറങ്ങി ചെറിയ മീനുകളെ പിടിച്ചുതുടങ്ങി. പിടിക്കുന്ന മീനുകളെ കൊണ്ടു് ഓരോന്നായി പാമ്പിന്റെ മാളത്തിലേക്കുള്ള വഴിയിൽ നിരത്തിവച്ചുതുടങ്ങി. അങ്ങനെ കുറെക്കഴിഞ്ഞപ്പോൾ കരിമൂർഖന്റെ മാളംവരെ അനേകം ചെറിയമീനുകൾ നിരത്തിയിരിക്കുന്നതു് കുളക്കോഴി കണ്ടു. ദീർഘകായനായ ഒരു കീരി അപ്പോഴവിടെ വന്നു. ഞണ്ടും കുളക്കോഴിയും ഒളിച്ചിരുന്നു് കീരിയുടെ പ്രവൃത്തികളെ സൂക്ഷിച്ചു. കീരി ആ ചെറിയ മീനുകളെ തിന്നുതിന്നുകൊണ്ടു് പാമ്പിന്റെ മാളത്തിനടുത്തെത്തി. പെട്ടെന്നു് പാമ്പു് മാളത്തിനു വെളിയിൽചാടി. ജന്മശത്രുവായ



യ തന്റെ എതിരാളിയെക്കണ്ട കീരിയുണ്ടോ വിടുന്നു! കീരി ചാടി പാമ്പിനെ പിടിച്ചു അവിടെ ഒരു ചെറിയ അടിയും വട്ടംചുററലും കടിച്ചുകുടയലുമെല്ലാം മിന്നൽവേഗത്തിൽ നടന്നു. പാമ്പു ചത്തു. കീരി തെളിഞ്ഞു് അതിന്റെ വീട്ടിലേക്കുംപോയി.

കുളക്കോഴിക്ക് സന്തോഷമായി. അതു പിന്നിട്ട് ഇട്ട മുട്ടകൾ വിരിഞ്ഞു രണ്ടു കൊച്ചുകുഞ്ഞുങ്ങൾ പുറത്തുവന്നു. അവ വളപിരുന്നു് ആഹാരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. തള്ളപ്പക്ഷി പറന്നുപോയി പുഴുക്കളേയും പുല്ലികളേയും തേടിത്തേടി പിടിച്ചുകൊണ്ടുവന്നു മക്കൾക്കുകൊടുത്തു. സന്തോഷത്തോടെ രണ്ടുദിവസം കഴിഞ്ഞു. മൂന്നാംദിവസം നമ്മുടെ പഴയ കീരി ആ വഴി ഒരു സർക്കീട്ടുനടത്തി. അന്നു വഴിയിൽ മീനും മററുമൊന്നുമില്ല. അയാൾക്കു നല്ല വിശപ്പും. വന്നുവന്നു് കുളക്കോഴിക്കുട്ടിയുടെ അടുത്തെത്തി. തള്ളപ്പക്ഷി പുഴു പിടിക്കാൻ പോയിരുന്നു. തിരിച്ചുവന്നപ്പോൾ കണ്ടകാഴ്ച ഭയാനകമായിരുന്നു. ആ പക്ഷി ഏതാണ്ടെല്ലാം കൈയറ്റു കരഞ്ഞുപോയി. ആ കീരി, കുട്ടികളെയായി അന്നു പിടിച്ചു കുളക്കോഴിക്കുഞ്ഞുങ്ങളെ



ചവച്ചുചവച്ചു് തിന്നുന്ന കാഴ്ചയാണു് ആ മാതാവു കണ്ടതു്. ഹാ! എന്തു സങ്കടകരമായ കാഴ്ച!

ഇതിൽനിന്നെന്തു മനസ്സിലാക്കണമെന്നു് കുഞ്ഞുങ്ങൾക്കറിയാമെന്നറിയാം. നമുക്കു് മററാരെങ്കിലും ഒരു ഉപദേശം തരുമ്പോൾ അതിന്റെ എല്ലാ വശങ്ങളെയുംകുറിച്ചു ചിന്തിക്കണം. തല്ക്കാലം ആശ്വാസം തരുമെങ്കിലും ഒടുവിൽ, ആ ഉപദേശം സ്വീകരിക്കുന്നതുകൊണ്ടുള്ള ആപത്തു് വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ടു്.

നിങ്ങളുടെ സ്വന്തം

കുഞ്ഞമ്മാവൻ


## നിരാശപ്പെടേണ്ട!!


നിങ്ങളുടെ രോഗത്തിന്ന് എത്ര പഴക്കമുണ്ടായാലും വിരോധമില്ല; രോഗലക്ഷണങ്ങളുടെ മൂലകാരണങ്ങളും പ്രതിവിധികളും കണ്ടുപിടിക്കുവാൻ


500 പേജുള്ള

"അറിയേണ്ടുംകാര്യങ്ങൾ"

എന്ന പുസ്തകം നിങ്ങളെ സഹായിക്കും. വില- 2 ക. മാത്രം.

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:- മാനേജർ, കാളൻ, നെല്ലായി. P.O.



ഒരുവൻ: "ഒരു മഹാസ്യാപായമുണ്ടായിരുന്നു. സ്വല്പംകൂടി അടുത്തുനില്ലുമോ എന്നു നോക്കട്ടെ."

o o o

പൂർവ്വജർമ്മനിയിലെ ഒരു വിദ്യാലയത്തിൽ ഒരദ്ധ്യാപകൻ റോമിലെ നീറോ ചക്രവർത്തിയെപ്പററി പഠിപ്പിക്കുവാൻ ആരംഭിക്കുകയായിരുന്നു. ആമുഖമായി അദ്ദേഹം പറഞ്ഞു:

"മഹാ ക്രൂരനായ ഒരു മനുഷ്യനെപ്പററിയാണു് ഞാൻ നിങ്ങളോടു പറയാൻപോകുന്നതു്. അയാൾ ആരാണെന്നു ഊഹിക്കുവാൻ ഒരുപക്ഷേ നിങ്ങൾക്കു പ്രയാസമുണ്ടായിരിക്കയില്ല. അയാൾ ഒരു വലിയ സാമ്രാജ്യത്തിന്റെ ഭരണാധികാരിയായിരുന്നു. അതിലെ ജനങ്ങളെ മുഴുവൻ അയാൾ നശിപ്പിച്ചു. അയാൾ നിരവധി നിഷ്ഠൂരകൃത്യങ്ങൾ ചെയ്തു. ക്രിസ്ത്യാനികളുടെ നേർക്കു് അഴിച്ചുവിട്ട മർദ്ദനമാണു് അവയിൽ പ്രധാനപ്പെട്ടതു്."

ഇതുപറഞ്ഞപ്പോഴേക്കും ഒരു "പയനിർ" — കമ്മ്യൂണിസ്റ്റ് യുവജനസംഘടനയിലെ ഒരംഗം — ചാടിയെഴുന്നേററു് സഹപാഠികളെ തിരിച്ചുനോക്കിക്കൊണ്ടു് ഇങ്ങനെ ആക്രോശിച്ചു: "ആ മരക്കിഴങ്ങിനോടും അദ്ദേഹത്തിന്റെ പേരു പറയാൻ ധൈര്യപ്പെട്ടാൽ അവന്റെ തല തകർക്കപ്പെടുന്നതിലേക്കാരണമാണെന്നു ഓർത്തുകൊള്ളട്ടെ."

(Pathfinder)

o o o

നാഴികമണി മുകളിൽ വിണ്ടുമാറ്റിച്ചുകൊണ്ടു് റിപ്പയർ താഴെ ഇറങ്ങി. അപ്പോൾ വൃദ്ധ: "നാഴികമണിക്കു എന്താണു് കേടുപററിയതു്?"

"ഇല്ല, അമ്മാമ്മേ. എനിക്കു് അതുകൊണ്ടു് കാര്യമില്ലാഞ്ഞിട്ടു് ഈ ഗോവണിയും കൊണ്ടുവന്നുവച്ചു സമയമറിയാനായി മുകളിൽ കയറിയതല്ലേ?"


തെക്കാട്ടുമൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്

# മുട്ടത്തോട് വിരിയുമ്പോൾ!

(പി. കെ.)

മീനററുമാരും, ഇടതടവില്ലാതെ ധാരാളം മോട്ടോർകാറുകൾ, കുതിരവണ്ടികൾ, ഭാരം കയററിയ ലോറികൾ, കാളവണ്ടികൾ, ഉന്തുവണ്ടികൾ, സൈക്കിളുകൾ ആദിയായ അനവധി വാഹനങ്ങൾ ഇതിലെല്ലാം ഓടിക്കുന്ന, ജനബാഹുല്യമുള്ള ഒരു വലിയ പട്ടണവീഥിയുടെ നല്ലവണ്ണം വലുപ്പമുള്ള, ടാറിട്ട, മിനുമിനുത്ത റോഡിന്റെ ഒരുവശത്തുനിന്നു, വിലങ്ങനെ, എതിർവശത്തേക്കു കടക്കാൻവേണ്ടി, ഒരു ദിവസം വൈകുന്നേരം നാലുമണിക്കു്, ഒരു ഞാഞ്ഞൂൽ വലിഞ്ഞിഴഞ്ഞു നീങ്ങി, വഴിയെ വെയിലപ്പാടേ മുന്നോട്ടുനീങ്ങാൻ ചെയ്യുന്ന ശ്രമം കാണാനിടയായി. ശരീരഘടനയുടെ അപൂർണ്ണത നോക്കിയാൽ ജന്തുവർഗ്ഗത്തിലേക്കു് ഏററവും താണപടിയിലുള്ളവനാണു ഞാഞ്ഞൂൽ. അവനു കൈകളില്ല, കാലുകളില്ല, കണ്ണില്ല, മൂക്കില്ല, തലയില്ല, നാഡീഞരമ്പുകളില്ല; മററു ജന്തുക്കൾക്കുള്ള പലതുമില്ല. ഈശ്വരൻ ഈ പ്രപഞ്ചത്തിലുള്ള സർവ്വചരാചരങ്ങളെയും സൃഷ്ടികർമ്മം മുഴുവൻ നിർവ്വഹിച്ചശേഷം; സ്വല്പനേരം വിശ്രമിക്കുന്നതിനിടയിൽ, അരികിലെവിടെയോ കിടന്ന ഒരു കഷണം ചെളിയിൽ അറിഞ്ഞോ അറിയാതെയോ ഒന്നു തൊട്ടുപോയിരിക്കാം, അങ്ങനെ ആ മുറിപ്പാടിൽ ജീവാംശം വ്യാപിക്കുകയും ചെയ്തതിന്റെ ഫലമായി ഉളവായ ഒരു ജീവിയാണു ഞാഞ്ഞൂൽ എന്നു തോന്നിപ്പോകും. അത്ര നിസ്സഹായൻ! നിരാലംബൻ! നിസ്സാരൻ! നിസ്സംഗൻ! ലോകരംഗത്തിൽ അനാഥൻ! (അംഗങ്ങൾ ഒന്നുമില്ലാത്തവൻ)

ഇങ്ങനെ, എല്ലാവിധത്തിലും നോക്കിയാലും, ജീവജാലങ്ങളുടെ അധഃസ്ഥിതരിൽ അധഃസ്ഥിതനാണെങ്കിലും, തന്റെ ശരീരത്തിനു യാതൊരു കേടും തട്ടാനിടയാകാതെ, പ്രാണാപായത്തിനുള്ള വിഘ്നങ്ങളെല്ലാം മുൻകൂട്ടിക്കണ്ടു്, ഒഴിഞ്ഞുമാറി, വളഞ്ഞുപുളഞ്ഞു്, ഏതുവിധമെങ്കിലും സുരക്ഷിതനായി അപ്പുറം കടക്കുന്നതിനു് ആ പാവം കാണിച്ച ജാഗ്രതയും വ്യഗ്രതയും ശരീരവിന്യാസകലാകൗശലവും നയതന്ത്രവൈഭവവും മുൻകരുതലും സൂക്ഷ്മതയും ബുദ്ധിസാമർത്ഥ്യവും കാണേണ്ട ഒരു കാഴ്ചതന്നെയായിരുന്നു. കാശിനു വിലപ്പെട്ടിട്ടില്ലാത്ത ഈ നികൃഷ്ടജീവിതം സംരക്ഷിക്കാൻവേണ്ടി എന്തിനിത്രവളരെ ജാഗ്രത? സർവ്വജീവരാശികളേയുംകാൾ താണപടിയിലുള്ള— സുഖദുഃഖഭേദങ്ങൾ തിരിച്ചറിയാനുള്ള അവയവങ്ങൾ പോലുമില്ലാത്ത — ഈ നികൃഷ്ടജീവിതത്തെക്കാൾ ഭേദം മരണമല്ലേ? നിങ്ങൾ ആ ഞാഞ്ഞൂലിനോടുതന്നെ ഒന്നു ചോദിച്ചുനോക്കൂ. അതിനു സംസാരിക്കാൻ കഴിവുണ്ടായിരുന്നെങ്കിൽ അതു്, ഒരുപക്ഷേ ഇങ്ങനെ പറയുമായിരുന്നു:

"നിങ്ങൾ എന്താണു പറഞ്ഞതു്? ഈ ജീവിതം നികൃഷ്ടമാണെന്നോ? ഇതിലും ഭേദം മരണമാണെന്നോ? ഛെയ്! എനിക്കിതുവരെ അങ്ങനെ തോന്നിയിട്ടില്ല. ഞാൻ ചെളിമണ്ണിൽ ജനിച്ചു് ചെളിമണ്ണു തിന്നു്, ചെളിമണ്ണിൽ വളർന്നു്, ചെളിമണ്ണിൽ ജീവിച്ചു്, ഒടുവിൽ ചെളിമണ്ണിൽ ലയിച്ചുചേരുന്ന ഒരു ജീവിതമാണ്. അതിനെന്തു്? എനിക്കും സുഖദുഃഖങ്ങളുണ്ടു്. എനിക്കും ആശകളുണ്ടു്, അഭിനിവേശങ്ങളുണ്ടു്, കുടുംബമുണ്ടു്, കുടുംബപാരമ്പര്യമുണ്ടു്, കുലീനതയുണ്ടു്, ബന്ധുജനങ്ങളുണ്ടു്, സ്വാധീനശക്തിയുണ്ടു്, അങ്ങനെ പലതുമുണ്ടു്. എനിക്കും ജീവിക്കണം. എനിക്കു് ഇനി ഈ ജീവിതത്തിൽ ചെയ്തുതീർക്കേണ്ടതായി പലതും അവശേഷിക്കുന്നുണ്ടു്. ഏതായാലും, ഇപ്പോൾ മരിക്കാൻ ഞാൻ ഒരുക്കമില്ല. അതുകൊണ്ടാണു് ഈ അപകടംപിടിച്ച നടപ്പാതയിൽ ഞാൻ എന്റെ രക്ഷയെ ഇത്രയധികം കരുതുന്നതു്—"

x x x

99 വയസ്സുചെന്ന ഒരു വൃദ്ധനോടു ചോദിച്ചുനോക്കൂ. അയാൾ ഇക്കണ്ട പത്തുപതിനഞ്ചു വർഷക്കാലമായി രോഗശയ്യയിൽക്കിടന്നു നരകിക്കുകയാണു്. വാതംപിടിപെട്ടു് കൈകാലുകൾ തളർന്നുപോയി. എഴുന്നേല്ക്കാൻ വയ്യാ. കിടന്നകിടപ്പിൽത്തന്നെ കിടക്കുകയാണു്. മലമൂത്രവിസർജ്ജനങ്ങൾ ആ കിടപ്പിൽത്തന്നെ. അതെടുത്തു മാററിക്കളയാൻ ആളില്ല, അയാളുടെ മക്കളും അനന്തരവരും അയാളെ ശുശ്രൂഷിച്ചുമടുത്തു. വേലക്കാരെ നിറുത്താൻ പണമില്ല. വിശക്കുകയും ദാഹിക്കുകയും ചെയ്യുമ്പോൾ ഒരിററുള്ളി കഞ്ഞിവെള്ളം വായിലൊഴിച്ചുകൊടുക്കാൻ ആരുമില്ല. കണ്ണിനു കാഴ്ചയില്ല. എല്ലാറ്റിലുംപുറമേ ചുമയും ശ്വാസംമുട്ടലും. മനുഷ്യായുസ്സിന്റെ മിക്കവാറും പരമാവധിവരെ ജീവിച്ചു. ലോകസുഖവും കഷ്ടപ്പാടുകളും മതിയായി. കണ്ണടയ്ക്കാറായി.

"എന്താ? ഇനി യാത്രയ്ക്കു് ഒരുങ്ങുകയോ അമ്മാവൻ? മതിയായില്ലേ, ജീവിതം?"

"അയ്യോ, കുഞ്ഞേ, എനിക്കിനി ഒരാഗ്രഹംകൂടിയുണ്ടു്. ഈ മുററത്തുനില്ക്കുന്ന വരിക്കപ്ലാവു് ഞാൻ എന്റെ മകനെക്കൊണ്ടു നട്ടുപിടിപ്പിച്ചതാണു്. അതിന്റെ ചക്കയെ, ഞാൻ കണ്ടിയൂർ ക്ഷേത്രത്തിനടുക്കലുള്ള മങ്ങാട്ടുതറവാട്ടിലെ കിണററിൻകര നില്ക്കുന്ന ഒരു ശർക്കരവരിക്കപ്ലാവിൽ ഇത്രയും പഴുത്തുകൊണ്ടുവന്നു്, അതിന്റെ ചുളയിൽനിന്നെടുത്തു കുഴിച്ചിട്ടതാണു്. ഇത്രനാൾ കാത്തിരുന്നു, ആ പ്ലാവു കായ്ച്ചുകാണാൻ സാധിച്ചില്ല. ഇക്കൊല്ലം കായ്ക്കുമെന്നു തോന്നുന്നു. അതിന്റെ ഒരു പഴുത്ത ചുളകൂടി തിന്നിട്ടു മരിച്ചാൽ കൊള്ളാമെന്നൊരാഗ്രഹമുണ്ടു്."

പോകട്ടെ ഈ ആയുസ്സുമുഴുവൻ ധനസമ്പാദനത്തിലും സുഖപ്രതാപൈശ്വര്യങ്ങളിലും മുഴുകിക്കഴിച്ചുകൂട്ടിയ ഒരു മഹാപ്രഭുവിനോടു് ഒന്നു ചോദിച്ചുനോക്കാം:

"എന്താ, ഇനി സംതൃപ്തിയായി കടന്നുപോകാമല്ലോ അല്ലേ? ഈ ലോകത്തിൽ മനുഷ്യനു് ആഗ്രഹിക്കാവുന്ന സകല സുഖങ്ങളും അങ്ങയെ അനുഗ്രഹിച്ചു കഴിഞ്ഞല്ലോ. ധനം, കുടുംബസൗഭാഗ്യം, ബന്ധുബലം, സ്വാധീനശക്തി, ജനസമ്മതി, ആരോഗ്യം അങ്ങനെ സകലതും. ഇനി കടന്നുപോകാൻ ഒരുക്കമാണോ?"

അപ്രതീക്ഷിതമായ ഈ ചോദ്യത്തിൽ ആ വൃദ്ധൻ അസ്വസ്ഥനായി ഒന്നു തലയുയർത്തി നോക്കുന്നു.

"അതേ, ഒരുവിധത്തിൽ നോക്കുമ്പോൾ ലൗകികമായ സമസ്തസുഖസൗഭാഗ്യങ്ങളും എനിക്കുണ്ടായിരുന്നു. ഇനി ഒരൊററ ആഗ്രഹംകൂടി മാത്രം. നമ്മുടെ ആ പുതുവൽ സംബന്ധിച്ചുള്ള കേസിന്റെ അപ്പീൽ വിചാരണ ഇപ്പോൾ ഹൈക്കോടതിയിൽ എത്തിയിരിക്കുകയാണല്ലോ. അതിന്റെ ഫലംകൂടെ അറിഞ്ഞിട്ടുപോയാൽ കൊള്ളാമെന്നുണ്ടു്. ഹൈക്കോടതിയിൽ നമുക്കു ദോഷമായി വിധിക്കുന്നപക്ഷം, സുപ്രീംകോടതിയിൽ വീണ്ടും അപ്പീൽ കൊടുത്താൽ കൊള്ളാമെന്നുണ്ടു്. അതിന്റെ വിധിയറിയാൻ ഞാൻ ജീവിച്ചിരിക്കുമോ ആവോ! അതുകൂടെ അറിഞ്ഞുകഴിഞ്ഞാൽ പിന്നെ മരിക്കാൻ എനിക്കു ഒററ തടസ്സമൊന്നുമില്ല."

അതിന്റെ ഫലം അറിഞ്ഞുകഴിയുമ്പോൾ ഇളയപുത്രന്റെ പുരപണി കഴിഞ്ഞു പുത്തിയാശീകൊള്ളട്ടെ എന്നാഗ്രഹം. ആ പുത്തിയാശീകുമ്പോൾ അവനു് ഒരാൺകുഞ്ഞു് ഉണ്ടായിക്കാണാൻ മോഹം. അങ്ങനെ കിടക്കും ആഗ്രഹങ്ങളുടെ അറുതിയററ ലിസ്റ്റുകൾ. ഇവയെല്ലാംകൂടി തൊട്ടുനില്ക്കുന്ന കേന്ദ്രസ്ഥാനം ജീവിതപ്രേമം ഒന്നുമാത്രമാണു്. നിവൃത്തിയുണ്ടെങ്കിൽ, ഈ ജീവിതം വിട്ടുപോകാൻ മനുഷ്യനു മനസ്സില്ല. ഈ ജീവിതം സുഖസാന്ദ്രമാകട്ടെ, ദുഃഖപരിപൂരിതമാകട്ടെ, അവനു് ഇവിടെത്തന്നെ ഇരിക്കണം. എന്താണിതിന്റെ രഹസ്യം? തനിക്കു് അജ്ഞാതമായ ഒന്നിനെക്കാൾ സുപരിചിതമായ ഒന്നിനെ മനുഷ്യൻ ഇഷ്ടപ്പെടുന്നു. അനിശ്ചിതമായ അജ്ഞാതാവസ്ഥയെപ്പററി അവനു ഭയാശങ്കകളുണ്ടു്. അതുകൊണ്ടാണതിൽനിന്നു് അവൻ പിന്മാറുന്നതു്. ഒരുദാഹരണം നോക്കാം:

എത്രയോ കോഴിമുട്ടകൾ വിരിഞ്ഞു. കോഴിക്കുഞ്ഞുങ്ങൾ ഉണ്ടാകാൻവേണ്ടി നാം തള്ളക്കോഴിയെ അവയുടെമേൽ അടയിരുത്തുന്നു. തള്ളക്കോഴി ദിവസേന നല്കുന്ന ജീവരക്തപ്രയോജനമായ ചൂടേററു മുട്ടകൾക്കുള്ളിൽ കോഴിക്കുഞ്ഞുങ്ങൾ ഉരുവായി, ക്രമേണ ക്രമപ്രവൃദ്ധമായി വളർന്നുവരുന്ന മുട്ടകൾ വിരിയാറായി. ഏതാനും മണിക്കൂറുകൾകൂടെ കഴിയുമ്പോൾ മുട്ടത്തോടുകൾ തകർന്നുപോകും. കോഴിക്കുഞ്ഞുങ്ങൾ വെളിയിൽ വരും. അതിനുമുമ്പായി, മുട്ടത്തോടിനകത്തിരിക്കുന്ന കോഴിക്കുഞ്ഞുങ്ങളുമായി നമുക്കു് ഒരു മുഖസംഭാഷണം നടത്താൻ സാധിക്കുന്നു എന്നു സങ്കല്പിക്കുക. അതു മിക്കവാറും ഇങ്ങനെ പറഞ്ഞേക്കാം:

"എന്റെ ആയുസ്സു് അവസാനിക്കാൻ പോകുകയാണു്. എന്റെ മരണമുഹൂർത്തം ഇതാ എന്നെ സമീപിച്ചിരിക്കുന്നു. ഏതാനും മണിക്കൂറുകൾ കഴിയുമ്പോൾ ഞാൻ മരിക്കും. കഷ്ടമേ, ഈ ലോകത്തിൽ ഞാൻ നയിച്ച ജീവിതം (അതായതു്, ഈ മുട്ടത്തോടിനുള്ളിൽ ഞാൻ കഴിച്ചുകൂട്ടിയ ഏതാനും ദിവസങ്ങൾ) എത്ര പരമാനന്ദപ്രദമായിരുന്നു! എനിക്കിതുവരെ സുഖവിലാസങ്ങളെക്കൊണ്ടു നിറഞ്ഞ ഒരു ലോകമായിരുന്നു ഇതു്. കഷ്ടം! ഞാൻ എങ്ങനെ ഇവിടംവിട്ടുപോകും? ഭാവി അന്ധകാരമയമായിരിക്കുന്നു. ഭയാനകം!"

ഇങ്ങനെ, മുട്ടത്തോടിനുള്ളിലിരിക്കുന്ന ആ കോഴിക്കുഞ്ഞു പരിഭ്രാന്തമായി പുലമ്പുന്നു. നാം എത്ര സാന്ത്വനവാക്കുകൾ പറഞ്ഞാലും അതിനു് യാതൊരു ആശ്വാസവും സമാധാനവും കിട്ടുകയില്ല. അതാ, ഏതാനും മണിക്കൂറുകൾ കഴിഞ്ഞു മുട്ടത്തോടു വിരിയുന്നു. ഓമനത്വം തികഞ്ഞ ആ കോഴിക്കുഞ്ഞുങ്ങൾ വെളിയിലിറങ്ങുന്നു. അപ്പോൾ നാം അവയെ വീണ്ടും ചെന്നുകാണുന്നു. അപ്പോഴും ഒരു മുഖസംഭാഷണം നടത്തുന്നതായി സങ്കല്പിക്കുക. കോഴിക്കുഞ്ഞു് എന്തായിരിക്കും പറയുക?

"സ്നേഹിതാ, എനിക്കു തെററിപ്പോയി. ഞാൻ മരിക്കുകയല്ല; ജനിക്കുകയാണു ചെയ്തിരിക്കുന്നതു്. ഇതാ, വെളിച്ചവും സ്വാതന്ത്ര്യവും നിറഞ്ഞ ഒരു പുതിയ ലോകത്തിലേക്കു്—ഒരു പുതിയ ജീവിതത്തിലേക്കു്—ഞാൻ ജനിച്ചിരിക്കുന്നു. ആ ഇടുങ്ങിയ മുട്ടത്തോടിനകം ഒരു പരമാനന്ദലോകമാണെന്നു ഞാൻ തെററിദ്ധരിച്ചുപോയി. അതിനപ്പുറം കാണാൻ അപ്പോൾ എനിക്കു കഴിഞ്ഞില്ല. അവിടംവിട്ടു പോരുന്നതിനുമുമ്പു് എനിക്കു തോന്നിയ ഭയവും സങ്കടവും എത്ര നിരർത്ഥകമായിരുന്നുവെന്നു് ഇപ്പോൾ എനിക്കു മനസ്സിലാകുന്നു. മുട്ടത്തോടിനകത്തിരിക്കുന്ന എല്ലാ കോഴിക്കുഞ്ഞുങ്ങൾക്കും ഈ പരമാർത്ഥം മനസ്സിലായിരുന്നെങ്കിൽ! ഇതു മനസ്സിലായാൽ അവ ആനന്ദപുളകിതരായി പുറത്തുപോരും. അതിനാൽ പ്രകൃതി അതു സമ്മതിക്കയില്ല. എങ്കിലും വെറുതെ അവ ഭയപ്പെടുകയും പ്രാണസങ്കടം അനുഭവിക്കുകയും ചെയ്യുന്നല്ലോ എന്നാണു ഖേദം എനിക്കുള്ളതു്." (അവസാനം)

---

## പലസ്തീനായിലെ പുണ്യസ്ഥലങ്ങൾ

ബെത്‌ലഹേമിലെ കാലിത്തൊഴുത്ത്, ദിവ്യരക്ഷകൻ പ്രാർത്ഥിച്ച സ്ഥലം, കാൽവരി, തിരുമേനിയെ കുരിശിൽനിന്നിറക്കി കിടത്തിയ സ്ഥലം, കല്ലറ മുതലായ തിരുസ്ഥലങ്ങൾ കാണണമെങ്കിൽ മർച്ചുമാസം കുടുംബദീപം നോക്കുക. പ്രതിമാസം 44 പേജുകളിൽ അനേകം ബ്ലോക്കുകളും കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും അത്യന്തം ഉപകാരപ്രദമായ ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന കുടുംബദീപത്തിന്റെ വാർഷികവരിസംഖ്യ രണ്ടുരൂപ മാത്രം.

മാനേജർ, കുടുംബദീപം, തേവര

---

## പ്രഥമ ചരമവാർഷിക സ്നേഹസ്മാരകം

26—2—53



അറയ്ക്കൽ വർക്കി വറീതു്, പാലേൽ

ജനനം: 6—4—1887

മരണം: 26—2—1952

"കരുണയുള്ള ഈശോയേ, ഇയാളുടെ ആത്മാവിനു് ശാന്തി നല്കേണമേ"

R. I. P.

---

വല്ലാർപാടത്തമ്മ പ. ദൈവമാതാവിന്റെ മാദ്ധ്യസ്ഥതയും, വി. അൽഫോൻസാമ്മയുടെ സഹായത്താലും ഞങ്ങൾക്കു ലഭിച്ചിട്ടുള്ള മനോഗുണങ്ങൾക്കു് കൃതജ്ഞത.

Little Catharine A. K.

---

## കർദ്ദിനാളിനു

### ബോംബെയിലെ സ്വീകരണം

ഇൻഡ്യയിലെ പ്രഥമ കർദ്ദിനാളായ ഡോ. വലേറിയൻ ഗ്രേഷ്യസ് തിരുമേനിക്കു് ഫെബ്രു. 15-ാം നു ബോംബെ പൗരാവലിയുടെ വകയായി ഗംഭീരമായ ഒരു സ്വീകരണം നൽകപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചു നടന്ന ആഘോഷങ്ങളിൽ 35 മെത്രാന്മാരും വിവിധമതസ്ഥരടങ്ങിയ എഴുപതിനായിരത്തോളം ജനങ്ങളും സംബന്ധിക്കുകയുണ്ടായി. രാജകീയമായവിധം സജ്ജീകരിക്കപ്പെട്ടിരുന്ന സ്വീകരണമണ്ഡപം കർദ്ദിനാൾ തിരുമേനിയുടെ മുദ്രാവാക്യമായ "Fraternitatis Amore" (സഹോദരസ്നേഹത്തിൽ) എന്നു രേഖപ്പെടുത്തിയിരുന്ന പതാകകൾകൊണ്ടു് അലങ്കരിക്കപ്പെട്ടിരുന്നു. സ്വീകരണയോഗത്തിൽ ബോംബെ ആക്ടിംഗ് ഗവർണ്ണർ ശ്രീ മംഗൾദാസ് പക്വാസ് ആദ്ധ്യക്ഷ്യം വഹിച്ചു. ബോംബെ മേയർ ശ്രീ ഗണപതിശങ്കർ ദേശായി ബോംബെ പൗരാവലിയുടെ വകയായ മംഗളപത്രം വായിച്ചു് മനോഹരമായ കാസ്ക്കററിലാക്കി തിരുമേനിക്കു സമർപ്പിച്ചു. നഗരവാസികളുടെ വകയായി ഒരു പണക്കിഴിയും തിരുമേനിക്കു നൽകപ്പെട്ടു. അദ്ധ്യക്ഷപ്രസംഗത്തെ തുടർന്നു് ബോംബെ പ്രധാനമന്ത്രി ശ്രീ മൊറാർജി ദേശായി, ബോംബെ ചീഫ് ജസ്റ്റീസ് ശ്രീ എം. സി. ചാഗ്ലാ, ബോംബെ പി. സി. സി. പ്രസിഡണ്ടു് ശ്രീ എസ്. കെ. പാട്ടീൽ, ബാംഗളൂർ ബിഷപ്പ് ഡോക്ടർ പി. തോമസ് തിരുമേനി, യു. പി. മുൻ ഗവർണ്ണർ സർ ഹോമി മോഡി മുതലായവർ അനുമോദനപ്രസംഗങ്ങൾ നടത്തി. അനന്തരം കർദ്ദിനാൾ തിരുമേനി ചെയ്ത മറുപടിപ്രസംഗത്തിൽ, ആദ്ധ്യാത്മികസാമ്രാജ്യവാദത്തോടുകൂടി പരസ്പരം സഹകരിച്ചു കഴിയുന്ന ഏക പ്രസ്ഥാനമല്ലോ ക്രിസ്തുമതമെന്നും, അതു് ഈ നാടിന്റേതുമാണെന്നും മാർപ്പാപ്പാതിരുമേനിയുടെ ആലോചനാസമിതികളിൽ ഇൻഡ്യയുൾപ്പെടെ എല്ലാ രാജ്യങ്ങൾക്കും വർഗ്ഗങ്ങൾക്കും സംസ്കാരങ്ങൾക്കും ബഹുമാന്യസ്ഥാനമുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി.

# സത്യദീപം

പത്രാധിപന്മാർ

വെരി. റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 ‖ ERNAKULAM FEBRUARY 25, 1953 ‖ No. 27


# ഇൻഡ്യൻ പാർലമെൻറിൽ പ്രസിഡൻറിൻെറ പ്രസംഗം

കേന്ദ്രത്തിലെ നിയമസഭകളുടെ സമ്മേളനം ഈ ഫെബ്രുവരി 11-ാംനു ആരംഭിച്ചു. ഇൻഡ്യായൂണിയൻ പ്രസിഡണ്ട് സമ്മേളനത്തിൻെറ തുടക്കത്തിൽ പതിവുപോലെ തൻെറ ഔദ്യോഗികപ്രസംഗം നടത്തി. കഴിഞ്ഞ 9മാസങ്ങളിൽ ദേശീയജീവിതത്തിൻെറ പല തുറകളിലും രാജ്യത്തിനുണ്ടായ പുരോഗതിയെ പ്രസംഗത്തിൽ പരാമർശിച്ചിരുന്നു. ഇതിനിടയുണ്ടായ അന്തർദേശീയ സംഭവവികാസങ്ങളേയും അതിൽ പരാമർശിക്കുകയുണ്ടായി.

## രാജ്യത്തിലെ സാമ്പത്തികസ്ഥിതി

രാജ്യത്തിലെ സാമ്പത്തികസ്ഥിതി അദ്ദേഹം വിവരിച്ചതിങ്ങനെയാണ്:- മഴയുടെ കുറവുകൊണ്ട് പഞ്ഞത്തോടടുത്ത സമീപിക്കുന്ന സാഹചര്യങ്ങൾ നിർഭാഗ്യവശാൽ ചില പ്രദേശങ്ങളിൽ ഇപ്പോഴുമുണ്ടെങ്കിലും, രാജ്യത്തിലെ സാമാന്യമായ സാമ്പത്തികസ്ഥിതി മെച്ചമാണെന്നു കാണിക്കുന്ന സ്പഷ്ടമായ ലക്ഷ്യങ്ങളുണ്ട്. ഭക്ഷ്യനിലയുടെ കാര്യത്തിൽ അനുസ്യൂതമായ പുരോഗതിയാണുണ്ടായിട്ടുള്ളത്. 1952 അവസാനത്തിൽ വിതരണംകഴിച്ച് സ്റ്റോക്കുചെയ്തിട്ടുള്ള ഭക്ഷ്യവിഭവങ്ങൾ 19 ലക്ഷം ടൺ ആണ്. ഇത്രയും കൂടുതൽ ഇതേവരെ ഒരിക്കലും ഉണ്ടായിട്ടില്ല. ഇത്രത്തോളം സ്റ്റോക്കുചെയ്യാൻ സഹായിച്ചിട്ടുള്ള ഘടകങ്ങളിലൊന്നു് യു എസ് എ യിൽനിന്നു ഗോതമ്പു വായ്പ ലഭിച്ചതാണ്. 1952—53-ലെ ഭക്ഷ്യനില അതിനുമുമ്പുള്ള രണ്ടു കൊല്ലങ്ങളിലേക്കാളും ഭേദമായിരിക്കും. ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തത ലഭിക്കേണ്ടതു് നമുക്കാവശ്യമാകുന്നു. പഞ്ചവത്സരപദ്ധതിയുടെ ശേഷിച്ചിരിക്കുന്ന മൂന്നുകൊല്ലത്തിനുള്ളിൽ ഇതു സാധിക്കുമെന്നാണ് താൻ പ്രതീക്ഷിക്കുന്നതു്. ഏതു് അടിയന്തിരഘട്ടത്തെയും നേരിടാൻ കഴിയുന്ന വിധത്തിൽ ഈ സ്റ്റോക്കു് വർദ്ധിപ്പിക്കുവാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. ഭക്ഷ്യവില അടുത്തുകഴിഞ്ഞ കാലങ്ങളിൽ താഴ്ന്നിട്ടാണ് കണ്ടിരിക്കുന്നതു്. ഇൻഡ്യയിൽ പല ഭാഗങ്ങളിലും കൺട്രോളുകൾക്ക് അയവു വരുത്തി. ഭക്ഷ്യങ്ങളുടെ നീക്കത്തിനു് കൂടുതൽ സ്വാതന്ത്ര്യം ഉണ്ട്. ഭക്ഷ്യവിലയേയോ ഭക്ഷ്യസംഭരണത്തേയോ ബാധിക്കാവുന്ന അനാശാസ്യഫലങ്ങൾ ഒന്നും ഉണ്ടാകാതിരിക്കാൻ വേണ്ടി മർമ്മസ്ഥാനങ്ങളിൽ കൺട്രോൾ വിട്ടുകളയുകയില്ലെന്നാണ് ഗവർമ്മെൻറിൻെറ ഉദ്ദേശ്യം. രാജ്യത്തിൽ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാൻവേണ്ടി വളരെയധികം ട്യൂബ്കിണറുകൾ കുഴിക്കുക, ചെറിയ ജലസേചനവകുപ്പുകൾ ഏർപ്പെടുത്തുക മുതലായ പരിപാടികൾ വർദ്ധമാനമായ തോതിൽ സ്വീകരിക്കുകയാണെന്നും പ്രസ്താവിക്കപ്പെട്ടു.

## ടെക്സ്റ്റൈൽ ഉല്പാദനം

ടെക്സ്റ്റൈൽ ഉല്പാദനത്തെപ്പററി പ്രസംഗത്തിൽ നൽകിയ വിവരങ്ങളും സാമാന്യജനങ്ങൾക്ക് ആശ്വാസപ്രദങ്ങളാണ്, 1952-ൽ 46,000 ലക്ഷം വാര പരുത്തിത്തുണി തയ്യാറാക്കുകയുണ്ടായി. അടുത്ത കൊല്ലത്തെ സ്ഥിതിയും വളരെ തൃപ്തികരമായിരിക്കുമെന്നാണ് പ്രതീക്ഷ. മിൽത്തുണികൾക്കുണ്ടായ വിലയിടിവു് സ്വാഗതാർഹമാണെങ്കിലും കൈത്തറിത്തുണിയുടെ കാര്യത്തിൽ അതുമൂലം ഇടിവുണ്ടായി രാജ്യത്തിലെ കോടിജനങ്ങൾക്കു് കാലക്ഷേപമാർഗ്ഗമായിരിക്കുന്ന കൈത്തറിവ്യവസായത്തിനു് ഗുരുതരമായ വൈഷമ്യങ്ങൾ നേരിടാനും ഇടയായി. ഈ വ്യവസായവും മററു കുടിൽവ്യവസായങ്ങളും തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ ഏററവും ഫലപ്രദമായ മാർഗ്ഗങ്ങളായിരിക്കുകകൊണ്ടു് അവയുടെ കാര്യത്തിനു് ഗവർമ്മെണ്ടു് വലിയ പ്രാധാന്യം കല്പിച്ചിരിക്കുകയാണ്. അഖിലേന്ത്യാ തോതിൽ ഖാദിയും വില്ലേജും വ്യവസായങ്ങളുടെ ഒരു ബോർഡ് സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. ഗ്രാമീണവും കുടിലും വ്യവസായങ്ങളുടെ സാങ്കേതികവികസനത്തിനും ഗവേഷണത്തിനും വേണ്ട മൂലധനം ഉണ്ടാക്കുവാൻ നിയമനിർമ്മാണവും സ്വീകരിച്ചുകഴിഞ്ഞു: കൈത്തറിവ്യവസായം പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി, മില്ലുകളിൽ ധോത്തിയുടെ ഉല്പാദനം 1951—52-ലേതിൻെറ 60 ശതമാനമായി കുറച്ചിരിക്കുകയാണ്.

## പഞ്ചവത്സരപദ്ധതി

പഞ്ചവത്സരപദ്ധതിയെപ്പററിയും പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു: പ്ലാനിംഗ് കമ്മീഷൻ അതിൻെറ ജോലിയുടെ ആദ്യഭാഗം, പഞ്ചവത്സരപദ്ധതിയുടെ റിപ്പോർട്ടിനു് അവസാനരൂപം കൊടുത്തുകൊണ്ടു് പൂർത്തീകരിച്ചു. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിൽ ശേഷിച്ചിരിക്കുന്നതും കൂടുതൽ പ്രയാസമുള്ളതുമായ ഭാഗമാണ് ഇപ്പോൾ ഈ രാജ്യത്തിനു് അഭിമുഖമായിരിക്കുന്നതു്. അതിൽ നാം ഇനി ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു. ഈ പദ്ധതിയും രാജ്യത്താരംഭിച്ച 55 കമ്മ്യൂണിററി പ്രോജെക്ടുകളും നമ്മുടെ ജനങ്ങളിൽ വളരെയധികം സന്തോഷോത്സാഹങ്ങൾ ഉളവാക്കിയിട്ടുണ്ടെന്നു കാണുന്നതിൽ തനിക്കു ചാരിതാർത്ഥ്യമുണ്ടു്. ഏതാനും മാസങ്ങൾകൊണ്ടു് അനേകശതം നാഴിക റോഡുകൾ പണിതു, കുളങ്ങൾ കുഴിച്ചു, സ്കൂൾകെട്ടിടങ്ങൾ നിർമ്മിച്ചു. മററനേകം ചെറിയ പ്രോജെക്ടുകൾ സ്വീകരിക്കപ്പെടുകയും ചെയ്തു. ഇതൊക്കെ നമ്മുടെ ജനങ്ങളുടെ സന്മനസ്സും ഉള്ള പ്രയത്നംകൊണ്ടാണ് മിക്കവാറും നിർവ്വഹിക്കപ്പെട്ടതു്. ഇതു് പ്രത്യാശയുടേയും വാഗ്ദാനത്തിൻേറയും അടയാളമാകുന്നു. കാരണം, തങ്ങളുടെ ഭാവി നിശ്ചയിക്കുവാനുള്ള കഴിവുകൾ അവസാനമായി നമ്മുടെ ജനങ്ങളിൽത്തന്നെ കിടക്കുന്നുണ്ടു്.

## മററു വിഷയങ്ങൾ

പാകിസ്ഥാനുമായുള്ള ബന്ധത്തെപ്പററി പ്രസ്താവിച്ചതിങ്ങനെയാണ്: നമ്മുടെ ബന്ധങ്ങൾക്കു് നിർഭാഗ്യവശാൽ ഉലവുതട്ടിയിട്ടുണ്ടെങ്കിലും അവ ഭേദപ്പെട്ടുവരികയാണ്. കാശ്മീരിലെ ജമ്മുസംസ്ഥാനത്തുള്ള ഹിന്ദുക്കളുടെ പ്രക്ഷോഭണം, "അബദ്ധവും വഴിപിഴച്ചുള്ളതാണെന്നു" പ്രസിഡണ്ടു് പ്രസ്താവിച്ചു. പ്രക്ഷോഭകന്മാർ ഉദ്ദേശിക്കുന്നതിനു് വിപരീതമായ ഫലമായിരിക്കും പ്രക്ഷോഭണത്താലുണ്ടാകുന്നതെന്നു് അദ്ദേഹം മുന്നറിവു നൽകി. ഭാഷാപരമായ പ്രവിശ്യകളുടെ കാര്യവും പ്രസംഗത്തിൽ പരാമർശിക്കപ്പെട്ടു: പ്രവിശ്യകൾ "ഇന്ത്യായൂണിയൻെറ ഭരണപരമായ ഘടകങ്ങളാണ്." ഇന്ത്യയുടെ ഐക്യം, ദേശീയ ഭദ്രത, ധനപരവും ഭരണപരവും സാമ്പത്തികവുമായ നിലകൾ ഇവയെല്ലാം പ്രവിശ്യാരൂപീകരണത്തിൽ മുഖ്യപ്രാധാന്യത്തോടുകൂടി പരിഗണിക്കപ്പെടേണ്ടതാണ്. [illegible] ജനങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനും അവരുടെ സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിയെ സഹായിക്കുന്നതിനും പ്രയോജനപ്പെടുന്നവിധം നിഷ്പക്ഷതയോടുകൂടിവേണം പ്രവിശ്യകളുടെ പുനർവിഭജനത്തെപ്പററി ആലോചിക്കുവാൻ. കൊറിയായുദ്ധത്തെ ബാധിക്കുന്നതായി പുതിയ അമേരിക്കൻപ്രസിഡണ്ടു് പ്രകാശിപ്പിച്ച അഭിപ്രായങ്ങളേയും പുറപ്പെടുവിച്ച ഉത്തരവുകളേയും ഡോക്ടർ രാജേന്ദ്രപ്രസാദ് സൂചിപ്പിക്കാതിരുന്നില്ല. "ഇപ്പോൾത്തന്നെ വളരെ നാശങ്ങൾക്കു കാരണമായിരിക്കുന്ന ആ യുദ്ധം കൂടുതൽ വ്യാപിപ്പിക്കുവാനുള്ള ഏതു വാസനയും തടഞ്ഞുനിർത്തുമെന്നും, രാഷ്ട്രങ്ങളുടേയും ജനതകളുടേയും വിചാരഗതികൾ ആ പ്രശ്നങ്ങളെ സമാധാനപരമായി പരിഹരിക്കുവാൻതക്ക സമീപനത്തിലേക്കു തിരിയുമെന്നും" അദ്ദേഹം പ്രത്യാശിക്കുന്നു.

## കമ്മ്യൂണിസ്റ്റുപാർട്ടിയുടെ വിമർശനം

പ്രസിഡൻറിൻെറ പ്രസംഗത്തെപ്പററി ഇരുസഭകളിലും നടന്ന ചർച്ചകൾക്കിടയിൽ കമ്മ്യൂണിസ്റ്റു പാർട്ടി സാമാജികന്മാർ പതിവുപോലെ ഗവർമ്മെൻറിൻെറ നയങ്ങളെ ശക്തിയുക്തം ആക്ഷേപിക്കുകയുണ്ടായി. പ്രസിഡൻറിൻെറ പ്രസംഗത്തിൽ വിവരിക്കപ്പെട്ട നയം "ജന്മികൾക്കനുകൂലവും, കുത്തകക്കാർക്കനുകൂലവും, സാമ്രാജ്യക്കാർക്കനുകൂലവും" ആണത്രെ. "യുദ്ധത്തിൻെറ കാർമേഘപടലങ്ങൾ വിദൂരപൂർവ്വപ്രദേശങ്ങളെ അന്ധകാരമയമാക്കുകയും നമ്മുടെ രാജ്യത്തിൻെറ അതിർത്തികളിലേക്കു് വ്യാപിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, പഞ്ഞം രാജ്യത്തിൽ നടമാടുകയും കൂട്ടമായ തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഗവർമ്മെൻറു് ഉദ്ഘോഷിക്കുന്ന സ്വയംതൃപ്തികരവും എന്നാൽ ആപൽക്കരവുമായ നയത്തിനെതിരായുള്ള ലക്ഷോപലക്ഷം ജനങ്ങളുടെ പ്രതിഷേധത്തെ പ്രതിധ്വനിപ്പിക്കേണ്ടതു്" കമ്മ്യൂണിസ്റ്റു പാർട്ടിയുടെ "കർത്തവ്യമാണ്" പോലും! പ്രസിഡൻറു് ഐസനോവറുടെ പ്രസ്താവങ്ങൾ ഗവർമ്മെൻറിനു് ഉൽക്കണ്ഠയുണ്ടാക്കിയെന്നു മാത്രമേ പ്രസംഗത്തിൽ പറഞ്ഞുള്ളു. എന്നാക്ഷേപിച്ചുകൊണ്ടു് വിമർശനം ഇങ്ങനെ തുടർന്നു:- "ഈ ഗവർമ്മെൻറു് എന്തുകൊണ്ടു് ഇത്ര വികാരശൂന്യവും ഇത്ര അവ്യക്തവുമായിരിക്കുന്നു? കൊറിയൻയുദ്ധം ഏഷ്യയിലും ലോകത്തിലും മുഴുവൻ വ്യാപിപ്പിക്കുവാൻ ആഗ്രഹിക്കുന്ന അമേരിക്കായാണു് കുററവാളിയെന്നു് ഈ ഗവർമ്മെൻറ് എന്തുകൊണ്ടു് തുറന്നുപറയുന്നില്ല? ഈ ഗവർമ്മെൻറിനു് അമേരിക്കൻ ഡോളറിൻെറ വായ്പ ലഭിക്കുവാൻ ആഗ്രഹമുണ്ടെന്നു് മിക്കവാറും തീർച്ചയായി അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നാൽ നമ്മുടെ ജനങ്ങൾ ഡോളറിൻെറ ശക്തിയെ ഭയപ്പെടുന്നവരല്ല. അവർ മൗനമായിരിക്കുവാനും പോകുന്നില്ല." ഗവർമ്മെൻറിൻെറ വിദേശനയം നിഷ്പക്ഷമാണെന്നു പറയുന്നതു് നിഷേധിച്ചുകൊണ്ടു് "ലോകമാസകലമുള്ള പ്രജായത്തശക്തികൾക്കെതിരായി ബ്രിട്ടീഷും അമേരിക്കനും സാമ്രാജ്യവാദികളുടെ ചേരിയിൽ ചേർന്നിരിക്കുന്നു" എന്നാണ് ഗവർമ്മെൻറിനെ ആക്ഷേപിച്ചു. ലോകത്തിൻെറ സകല ഭാഗങ്ങളിൽനിന്നും വിദേശസൈന്യങ്ങളെ പിൻവലിക്കണമെന്നു് ഇൻഡ്യ ആവശ്യപ്പെടണമത്രെ. ചിയാംഗ്കൈഷെക്കിനു് യാതൊരു സഹായവും നൽകാൻ പാടില്ലെന്നും മററും ഇൻഡ്യ ആവശ്യപ്പെടണമെന്നും കമ്മ്യൂണിസ്റ്റു പാർട്ടിക്കു് നിർബന്ധമാണ്. രാജ്യത്തു് ആകമാനമായ പുരോഗതിയെ തൻെറ പ്രസംഗത്തിൽ പ്രസിഡൻറു് ചിത്രീകരിച്ചതു് ശരിയല്ലെന്നും, രാജ്യത്തിൽ അധികഭാഗങ്ങളിലും പഞ്ഞമുണ്ടെന്നും, തൊഴിലില്ലായ്മ വർദ്ധിക്കുകയാണെന്നും, പഞ്ഞം ബാധിച്ച സ്ഥലങ്ങളിൽ ചെയ്യുന്ന സമാശ്വാസനടപടികൾ തൃപ്തികരമല്ലെന്നും ഉള്ള ആക്ഷേപങ്ങളും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വിമർശനത്തിൽ മുഴങ്ങി.

ഈ ആക്ഷേപങ്ങളും അപലപനങ്ങളും കോൺഗ്രസ്സ് ഗവർമ്മെൻറിൻെറമേൽ കമ്മ്യൂണിസ്റ്റു പാർട്ടി കോരിച്ചൊരിയുക പതിവുള്ളതാണല്ലോ. കൊറിയായുദ്ധം റഷ്യയുടെ അധീനതയിലിരിക്കുന്ന കമ്മ്യൂണിസ്റ്റു കൊറിയ നടത്തിയ അന്യായമായ ആക്രമണത്തിൻെറ ഫലമാണെന്നും, അതിത്രയുംനാൾ നിലനിൽക്കുവാനും ഇത്രയധികം നാശങ്ങൾ വരുത്തുവാനും കാരണം കമ്മ്യൂണിസ്റ്റു ചൈന ആക്രമണകാരികൾക്കു് നൽകിക്കൊണ്ടിരിക്കുന്ന സഹായമാണെന്നും, കമ്മ്യൂണിസ്റ്റു സാമാജികന്മാർ വിസ്മരിക്കുന്നതിൽ അത്ഭുതമില്ലല്ലോ. ഇൻഡ്യക്കു് വായ്പയായും ദാനമായും ലഭിക്കുന്ന അമേരിക്കൻ ഡോളറിനോടുള്ള കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വെറുപ്പിൻെറ കാരണവും സ്പഷ്ടമാണല്ലോ. ആ വായ്പയും ദാനവും ലഭിക്കാതിരുന്നെങ്കിൽ ഇൻഡ്യയിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന കൃഷിവ്യവസായസമുദ്ധാരണപദ്ധതികൾ നടക്കുമായിരുന്നില്ലെന്നും, ആ സാഹചര്യങ്ങളിൽ ഇൻഡ്യക്കു നേരിടാനിടയുള്ള സാമ്പത്തികദുരിതങ്ങളിൽനിന്നു് മുതലെടുക്കുവാൻ തങ്ങൾക്കു കഴിയുമായിരുന്നെന്നും അവർക്കറിയാം. പ്രസിഡൻറിൻെറ പ്രസംഗത്തിൽ ആവിഷ്കരിച്ചിരിക്കുന്ന നയം ജന്മികൾക്കും കുത്തകക്കാർക്കും മററും അനുകൂലമാണെന്നും, രാജ്യത്തിലെവിടെയും പഞ്ഞവും തൊഴിലില്ലായ്മയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും മററും ആക്ഷേപിച്ചെങ്കിലല്ലേ തൊഴിലാളികളുടേയും സാധാരണക്കാരുടേയും മററും കണ്ണിൽ പൊടിയിട്ടു് അവരെ സ്വാധീനപ്പെടുത്തുവാൻ കമ്മ്യൂണിസ്റ്റു പാർട്ടിക്കു് കഴിയൂ.

കമ്മ്യൂണിസ്റ്റു സാമാജികന്മാരുടേയും അവരുടെ അനുഭാവികളുടേയും ഇത്തരം വിമർശനങ്ങൾ പ്രസിഡൻറിൻെറ പ്രസംഗത്തിലെ അവസാനത്തിൽ നിയമസഭാസാമാജികന്മാരിൽനിന്നു് അദ്ദേഹം പ്രതീക്ഷിക്കുന്ന ആലോചനാസഹായങ്ങൾക്കു് എത്ര വിപരീതം! "വിവേകവും സഹിഷ്ണുതയും സഹകരണാത്മകമായ പരിശ്രമത്തിൻെറ ചൈതന്യവും നിങ്ങളുടെ പ്രയത്നങ്ങൾക്കു് മാർഗ്ഗദർശകമായിരിക്കുമെന്നും, ഈ രാജ്യത്തിൻേറയും ആർക്കു സേവനംചെയ്യുവാൻ നമുക്കെല്ലാം ഭാഗ്യമുണ്ടായിരിക്കുന്നുവോ ആ ജനങ്ങളുടേയും ഗുണത്തിനു് ഉതകുന്ന ഫലങ്ങൾ പുറപ്പെടുവിക്കുമെന്നുമാണ് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നതു്." നിയമസഭാസാമാജികന്മാർ ഈ പ്രത്യാശയനുസരിച്ചു് പ്രവർത്തിച്ചിരുന്നെങ്കിൽ അതു് രാജ്യത്തിനെത്ര ഗുണകരമായിരുന്നേനെ! പക്ഷെ കമ്മ്യൂണിസ്റ്റുകാർ നിയമസഭകളിൽ കടന്നുകൂടുന്നതു് രാജ്യത്തിൻെറ ഗുണത്തിനല്ല, പ്രകൃത നിലയിലുള്ള പ്രജായത്തഗവർമ്മെൻറിനു് വിഘ്നകാരികളായി വർത്തിക്കുവാൻ മാത്രമാണ്.

# പ്രസക്തക്കുറിപ്പുകൾ

## ഇൻഡ്യയുടെ നേട്ടങ്ങളെപ്പററി

### ബ്രിട്ടീഷ് തൊഴിലാളിനേതാവ്

കോൺഗ്രസ്സ് ഗവർമ്മെൻറിൻെറ വിരോധികൾ, കമ്മ്യൂണിസ്റ്റുകാർ പ്രത്യേകിച്ചും, സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ദേശീയമായോ അന്തർദേശീയമായോ ഇന്ത്യക്കു് നേട്ടമൊന്നും ഉണ്ടായിട്ടില്ലെന്നും, മാത്രമല്ല രാജ്യം എല്ലാവിധത്തിലും അധഃപതിക്കുകയാണെന്നും സർവ്വദാ ആക്ഷേപിക്കാറുണ്ടല്ലോ. ഇതിനെല്ലാം തക്ക മറുപടി പ്രധാനമന്ത്രി നെഹ്റു പാർലമെൻറിനകത്തും പുറത്തും വച്ചു് നൽകാറുണ്ടു്. ഇയ്യിടെ ഇന്ത്യ സന്ദർശിച്ച ബ്രിട്ടീഷ് തൊഴിലാളികക്ഷിയിലെ ഇപ്പോഴത്തെ ഇടതുപക്ഷനേതാവും ലേബർഗവർമ്മെൻറിലെ മുൻമന്ത്രിയുമായ മിസ്റ്റർ അനൂറിൻ ബെവാൻ ഇൻഡ്യൻ പാർലമെൻറു് സാമാജികന്മാരെ അഭിസംബോധനം ചെയ്തുകൊണ്ടു് ഈ ഫെബ്രുവരി 16-ാംനു നടത്തിയ പ്രസംഗത്തിൽ പ്രസ്തുത ആക്ഷേപങ്ങളെ ഖണ്ഡിക്കുന്ന പ്രസ്താവനകൾ ചെയ്യുകയുണ്ടായി. ഇൻഡ്യയിൽ നടക്കുന്ന പ്രജായത്തഭരണത്തിൻെറ അത്ഭുതപൂർവ്വകമായ പരീക്ഷണത്തേയും അതിനുണ്ടായിരിക്കുന്ന വിജയത്തേയുമാണ് അ

ദ്ദേഹം പ്രത്യേകിച്ചും പ്രശംസിച്ചു. "മറ്റൊരു രാജ്യത്തും ഇതുവരെ സാധിച്ചിട്ടില്ലാത്ത കാര്യം സാധിക്കുവാനാണ് ഇന്ത്യ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതായത് പ്രജായത്തഭരണം വഴിയായി ഒരു പുതിയ സമുദായമാതൃകയുടെ നിർമ്മാണം. ബ്രിട്ടനിൽപ്പോലും ഇതു സാധിച്ചിട്ടില്ല. അവിടെ പ്രായപൂർത്തിവോട്ട് 1929-ൽ മാത്രമാണ് സാധിതമായത്. ഗ്രേറ്റ് ബ്രിട്ടനിൽ വ്യവസായികവിപ്ലവം മുഴുവനും നടത്തപ്പെട്ടത്, ബ്രിട്ടനിലെ ഭരണവർഗ്ഗങ്ങളുടെ പ്രാബല്യമുണ്ടായിരുന്ന നിഷ്കൃഷ്ടമായ ഒരു സ്വേച്ഛാധിപത്യത്തിൻകീഴിലാണ്. അമേരിക്കായിലാകട്ടെ പ്രവർത്തനം തുടങ്ങിയപ്പോൾ പൊള്ളയായ ഒരു ജനതതിയേ ഉണ്ടായിരുന്നുള്ളൂ. കാനഡായിലേയും ഓസ്ത്രേലിയായിലേയും മററും സ്ഥിതി അതുതന്നെ. ലോകത്തിന്റെ മററു ഭാഗങ്ങളിൽ ജനപ്രതിനിധികൾക്ക് ഭരിപ്പാൻ കഴിഞ്ഞിരുന്നില്ല. സാമുദായികപരിവർത്തനങ്ങൾ സംഭവിച്ചത് എന്തെങ്കിലും ഒരുതരത്തിലുള്ള സ്വേച്ഛാധിപത്യത്തിന്റെ കീഴിലാണ്. ഇന്ത്യയിൽ 3600 ലക്ഷം ജനങ്ങളുടെ സമ്മതത്തോടുകൂടിയാണ് കാര്യങ്ങൾ നടത്താൻ ശ്രമിക്കുന്നത്. നടത്താനുദ്ദേശിക്കുന്ന കാര്യങ്ങൾക്ക് മാത്രമല്ല അതിനുള്ള ശ്രമത്തിന്റെ ഗതിവേഗത്തിലും അവരുടെ സഹകരണവും സമ്മതവും ആവശ്യകമായിരിക്കുന്നു. നിങ്ങളുടെ ശ്രമം വിജയിച്ചാൽ മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിൽ പരിപൂർണ്ണമായും പുതിയ ഒരദ്ധ്യായം നിങ്ങൾ തുറക്കുകയായിരിക്കും ചെയ്യുന്നത്." ഈ രാജ്യത്ത് പുരോഗതി സാവധാനത്തിലേ ഉണ്ടാകുന്നുള്ളുവെന്നതിൽ ജനങ്ങൾ അക്ഷമരാകരുതെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. കാരണം, പ്രജായത്തഭരണത്തിൻകീഴ് പുരോഗതി സാവധാനമായേ ഇരിക്കൂ. ഇന്ത്യയുടെ വിദേശനയത്തേയും അതുവഴിയായി ലോകരാഷ്ട്രങ്ങളുടെയിടയിൽ ഇന്ത്യക്ക് ലഭിച്ചിരിക്കുന്ന സ്ഥാനത്തേയും മി. ബെവാൻ അഭിനന്ദിച്ചു. "ഇക്കഴിഞ്ഞ ചുരുങ്ങിയ കാലത്തിനിടയിൽ ആഭ്യന്തരങ്ങളായ വളരെയധികം നേട്ടങ്ങൾ മാത്രമല്ല നിങ്ങൾ കൈവരിച്ചിരിക്കുന്നത്; പിന്നെയോ രാഷ്ട്രങ്ങളുടെ യോഗങ്ങളിൽ ഇന്ത്യയുടെ സ്വരത്തിന് ഈയിടെയായി ഏററവും വലിയ പ്രാധാന്യം സിദ്ധിച്ചിരിക്കുകയാണ്."

### മൂന്നാംചേരി വേണമെന്ന വാദം—

### അതിന് നെഹ്റുവിന്റെ വിമർശനം

ഇന്ന് ലോകത്തിൽ രാഷ്ട്രങ്ങൾ രണ്ടു ചേരികളായി, അമേരിക്കയുടേയും റഷ്യയുടേയും ചേരികളായി, വിഭജിക്കപ്പെട്ടിരിക്കുകയാണെന്നും, അതാണ് ഇന്നത്തെ കുഴപ്പങ്ങൾക്കെല്ലാം കാരണമെന്നും, കുഴപ്പങ്ങൾക്ക് നിവാരണമുണ്ടാകണമെങ്കിൽ ഈ രണ്ടു ചേരിയിലും പെടാത്ത രാഷ്ട്രങ്ങളുടെ മൂന്നാമതൊരു ചേരി ഉയർന്നുവരണമെന്നും ഇന്നാട്ടിലെ സോഷ്യലിസ്റ്റ് മനസ്ഥിതിക്കാരുടെയിടയിൽ അഭിപ്രായമുണ്ട്. പാർലമെന്റിനകത്തും പുറത്തും പ്രസ്തുതാഭിപ്രായം മുഴങ്ങിക്കേട്ടിട്ടുമുണ്ട്. മി. ബെവാൻ ഈ പ്രസംഗത്തിൽ അതേ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. "ലോകം ഇപ്പോൾ രണ്ടു വലിയ രാക്ഷസന്മാരുടെ ചേരികളായി പിരിഞ്ഞിരിക്കുകയാണ്—റഷ്യയും അമേരിക്കയും. ഇവരിൽ ഒന്നിനും മററതിന്റെ നയത്തിൽ സ്വാധീനം ചെലുത്തുവാൻ കഴിവുള്ളതായി കാണുന്നില്ല. ഒരു പുതിയ ചേരി ലോകത്തിൽ ഉണ്ടായിരിക്കേണ്ടത് ആവശ്യകമാണെന്നാണ് എന്റെ വിശ്വാസം. രാഷ്ട്രങ്ങളുടെ മൂന്നാമതൊരു ബ്ലോക്ക് ഉയർന്നുവന്ന് ലോകശക്തികളുടെ ബാലൻസ് പിടിക്കുകയും, അവർ പറയുന്നതു കേൾക്കുവാൻ ഈ രണ്ടു രാക്ഷസന്മാരെ നിർബന്ധിക്കുകയും ചെയ്യണം." ഇപ്പോഴത്തെ പാർലമെന്റ് സമ്മേളനത്തിലും ഏറെക്കുറെ ഇതേ അഭിപ്രായം ചില പ്രതിപക്ഷസാമാജികന്മാർ പ്രകടിപ്പിക്കാതിരുന്നില്ല. അതിനു മറുപടിയായി നെഹ്റു പറഞ്ഞതിങ്ങനെയാണ്:

"ഒരു മൂന്നാംശക്തിയെപ്പററി പ്രസ്താവിച്ചുകേട്ടു. അതിന്റെ ശരിയായ അർത്ഥമെന്തെന്ന് എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. അധികാരബ്ലോക്ക് അല്ലെങ്കിൽ സൈനികബ്ലോക്ക് എന്നോ മറേറാ ആണ് അർത്ഥമാക്കുന്നതെങ്കിൽ, അത് അനാശാസ്യമെന്നു മാത്രമല്ല അസാദ്ധ്യവുമാണെന്നാണ് എന്റെ അഭിപ്രായം. രണ്ടു രാക്ഷസന്മാരോടു താരതമ്യപ്പെടുത്തിയാൽ ഏററവും വലിയ രാജ്യങ്ങളും ഇന്നു ചെറിയവയാണ്. ഏഷ്യയിലെ കുറെ രാജ്യങ്ങൾ ഒന്നിച്ചുകൂടി മൂന്നാമതൊരു ശക്തിയെന്നോ ബ്ലോക്കെന്നോ സൈനികമോ മറേറതെങ്കിലുമോ അർത്ഥത്തിൽ സ്വയം വിളിക്കുന്നതിൽ യാതൊരു പ്രയോജനമില്ല. എന്നാൽ വേറൊരർത്ഥത്തിൽ അതിനു പ്രയോജനമുണ്ടാകാം. അപ്പോൾ അതിനെ മൂന്നാമതൊരു ശക്തിയെന്നോ മൂന്നാമതൊരു ബ്ലോക്കെന്നോ അല്ല മൂന്നാമതൊരു മേഖല എന്നു വേണം വിളിക്കുവാൻ. യുദ്ധം ആഗ്രഹിക്കാത്തതും, സമാധാനത്തിനു വേണ്ടിയും പരസ്പരസഹകരണത്തോടുകൂടിയും പ്രവർത്തിക്കുന്നതുമായ മേഖലയായിരിക്കും അത്. അതെനിക്കു മനസ്സിലാക്കാൻ കഴിയും. എന്റെ രാജ്യം അതിനുവേണ്ടി പ്രവർത്തിക്കുന്നത് എനിക്കു സമ്മതവുമാണ്. വാസ്തവത്തിൽ അതിനുവേണ്ടി പ്രവർത്തിക്കുവാനാണ് നാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ആ നയം തുടരുന്നതുതന്നെ, അതിനെപ്പററി അധികം ഒച്ചപ്പാടുണ്ടാക്കാതെയായിരിക്കണം. ഒച്ചപ്പാടിൽ ഭയമുണ്ടായിട്ടല്ല, പ്രത്യുത കുറച്ചെങ്കിലും നേട്ടമുണ്ടാകണമെന്നുള്ള ആഗ്രഹത്താലാണ്; നാം സമീപിക്കണമെന്ന് ആഗ്രഹിക്കുന്ന മററു രാജ്യങ്ങളെ അമ്പരപ്പിക്കാതിരിക്കാൻ വേണ്ടിയാണ്." നെഹ്റുവിന്റെ അഭിപ്രായം യാഥാർത്ഥ്യങ്ങളോട് എത്രവളരെ യോജിച്ചിരിക്കുന്നു.

### മി. മള്ളൂരിന്റെ നിർദ്ദേശവും

### മി. അയ്യപ്പന്റെ പരാമർശനവും

ചങ്ങനാശ്ശേരി എൻ. എസ്സ്. എസ്സ്. കോളേജ് ദിനയോഗത്തിൽ ശ്രീ മള്ളൂർ ഗോവിന്ദപ്പിള്ള വിദ്യാർത്ഥികളോടു ചെയ്ത പ്രസംഗത്തിൽ മതപരിവർത്തനത്തെപ്പററി ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അവയെ പരാമർശിച്ച് ശ്രീ കെ. അയ്യപ്പൻ ഒരു ലേഖനമെഴുതി. ശ്രീ മള്ളൂരിന്റെ അഭിപ്രായവും ശ്രീ അയ്യപ്പന്റെ പരാമർശനവും അയ്യപ്പന്റെ വാക്കുകളിൽത്തന്നെ ഉദ്ധരിക്കാം:-

"ശാസ്ത്രവും യുക്തിയും അനുഭവവും അടിസ്ഥാനമാക്കിയല്ലാതെ ഒന്നും വിശ്വസിക്കരുതെന്നാണ് മള്ളൂർ വിദ്യാർത്ഥികളോടു പറഞ്ഞത്. വിദ്യാർത്ഥികൾ മാത്രമല്ല അവരിലും മുതിർന്നവർക്കും എന്നുതന്നെയല്ല പണ്ഡിതന്മാർക്ക് പ്രത്യേകിച്ചും ഈ ഉപദേശം ഇപ്പോൾ ആവശ്യമാണ്. അവരവരുടെ ജാതിക്കാർ അല്ലെങ്കിൽ മതക്കാർ വിശ്വസിച്ചുപോന്നതു വിശ്വസിക്കുക, മററുള്ളതെല്ലാം അവിശ്വസിക്കുക എന്നാണ് ഇവിടെ വിശ്വാസത്തിന്റെ പോക്ക്. ക്രിസ്ത്യാനികളുടെ അന്ധവിശ്വാസങ്ങളെ അന്ധവിശ്വാസങ്ങളായിത്തന്നെ പരസ്യം ചെയ്യുന്ന ഹിന്ദുപത്രങ്ങൾക്ക് ഹിന്ദുക്കളുടെ അന്ധവിശ്വാസങ്ങൾ ദിവ്യസത്യങ്ങളായി പരസ്യം ചെയ്യാനുത്സാഹമാണ്............ മതം മാറാതെതന്നെ ഏതും ഇഷ്ടംപോലെ അനുഷ്ഠിച്ചുകൊള്ളട്ടെയെന്നു മള്ളൂർ പറയുന്ന അഭിപ്രായം വളരെ ആദരണീയമാണ്. എന്നാൽ ക്രിസ്ത്യാനികളെല്ലാം ഹിന്ദുമതത്തിൽ ചേരട്ടെയെന്ന് അദ്ദേഹം പറയുന്നതിന് ആ അഭിപ്രായത്തോടു പൊരുത്തമുണ്ടെന്നു തോന്നുന്നില്ല. ഹിന്ദുക്കളെല്ലാം ക്രിസ്ത്യാനികളാകുന്നതിന് അദ്ദേഹത്തിനു വിരോധമില്ല. ന്യൂനപക്ഷം മാത്രമുള്ള ക്രിസ്ത്യാനികളുടെ മതത്തിൽ ഹിന്ദുക്കൾ ചേരുന്നതിനെക്കാൾ ഭൂരിപക്ഷക്കാരായ ഹിന്ദുക്കളുടെ മതത്തിൽ ക്രിസ്ത്യാനികൾ ചേരുന്നതായിരിക്കും പ്രായോഗികമെന്നാണ് അദ്ദേഹം കരുതുന്നത്. ഈ പ്രായോഗികചിന്ത അത്ര പ്രായോഗികമാണെന്നു തോന്നുന്നില്ല. ഹിന്ദുക്കൾ ക്രിസ്തുമതത്തിലോ ക്രിസ്ത്യാനികൾ ഹിന്ദുമതത്തിലോ ചേരുന്നതിനുപകരം മതം മള്ളൂർ പറയുന്നതുപോലെ വ്യക്തികാര്യമാക്കി ഹിന്ദുക്കൾ ക്രിസ്ത്യാനികളിലും മററുമതക്കാരിലും ക്രിസ്ത്യാനികളും മററുമതക്കാരും ഹിന്ദുക്കളിലും കലരുന്ന ഒരു സാമൂഹ്യഗതി ഉണ്ടാകുകയല്ലേ ഇവിടത്തെ മതവും ജാതിയും സംബന്ധിച്ച സമുദായപ്രശ്നത്തിന്റെ നിവാരണത്തിനുള്ള ശരിയായവഴി എന്നു മള്ളൂരിനെപ്പോലെ പ്രധാനികളായ ആളുകൾ ആലോചിച്ചാൽ കൊള്ളാം."

ക്രിസ്ത്യാനികളുടെ മതപരിവർത്തനത്തെപ്പററി ഹിന്ദുമതക്കാരനായ ശ്രീ മള്ളൂരും നിർമ്മതനായ ശ്രീ അയ്യപ്പനും അഭിപ്രായങ്ങളും പരാമർശനങ്ങളും നടത്താൻ പുറപ്പെടുന്നതിനുമുമ്പ്, "ശാസ്ത്രവും യുക്തിയും അനുഭവവും അടിസ്ഥാനമാക്കിയുള്ള" ക്രിസ്തുമതത്തിന്റെ മൗലികതത്വങ്ങളെപ്പററി അവരുടെ പ്രാമാണികഗ്രന്ഥങ്ങൾ വായിച്ചോ, ആ മതത്തിൽ കുറച്ചെങ്കിലും പാണ്ഡിത്യമുള്ളവരോടു ചോദിച്ചോ അബദ്ധരഹിതമായ കുറെ ജ്ഞാനമെങ്കിലും സമ്പാദിക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ. അതവർക്ക് അല്പംപോലുമില്ലെന്ന് അവരുടെ ഈ അഭിപ്രായങ്ങളും പരാമർശനങ്ങളും സ്പഷ്ടം തെളിയിക്കുന്നതുകൊണ്ടു സവ്യസനം പ്രസ്താവിച്ചുകൊള്ളട്ടെ.

### ഈ നേതാക്കന്മാർ അറിയേണ്ട

### ക്രിസ്തീയ മൗലികതത്വങ്ങൾ

യഥാർത്ഥ ക്രിസ്തുമതത്തിന്റെ (കത്തോലിക്കാമതത്തിന്റെ) മൗലികതത്വങ്ങൾ ഏതാണ്ടിങ്ങനെ സംക്ഷേപിക്കാം: പുരുഷാത്മകനായ ഏകദൈവമുണ്ട്; ഏക അവതാരപുരുഷനാണ് ക്രിസ്തു; അവിടുന്ന് മനുഷ്യവർഗ്ഗത്തിന്റെ ഏക രക്ഷാമാർഗ്ഗമായി കത്തോലിക്കാസഭയെ സ്ഥാപിച്ചു. ഈ തത്വങ്ങൾ യുക്തിയുക്തങ്ങളും ചരിത്രപരങ്ങളുമായ ന്യായങ്ങളാൽ തെളിഞ്ഞിട്ടുള്ളതും, ആർക്കും തെളിയിച്ചുകൊടുക്കാവുന്നതുമാണ്. ഈ ബോദ്ധ്യത്താൽ പ്രേരിതരായി സകല രാജ്യങ്ങളിലും വർഗ്ഗങ്ങളിലും ജീവിതസ്ഥിതികളിലുംപെട്ട മഹാ പണ്ഡിതന്മാർ ആയിരക്കണക്കിന് തങ്ങൾ ജനിച്ചുവളർന്ന മതങ്ങൾ ഉപേക്ഷിച്ച്, ലൗകികമായ സകല സുഖസൗകര്യങ്ങളും പരിത്യജിച്ച്, വേണ്ടിവന്നാൽ മരണംപോലും കൈവരിക്കുവാൻ നിശ്ചയിച്ച്, കത്തോലിക്കാമതം സ്വീകരിക്കുകയും അതിന്റെ സത്യവത്വവും സൗന്ദര്യവും കൂടുതൽ കൂടുതൽ ബോദ്ധ്യപ്പെട്ട് മരണംവരെ അതിൽ നിലനിൽക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥ സത്യാന്വേഷികളുടെ കത്തോലിക്കാമതത്തിലേക്കുള്ള മാനസാന്തരത്തിന്റെ പ്രസ്തുത പ്രവാഹം സഭയുടെ ആരംഭംമുതൽ ഇന്നുവരെ അനുസ്യൂതം ഒഴുകിക്കൊണ്ടിരിക്കുന്നു, ലോകാവസാനംവരെ ഒഴുകിക്കൊണ്ടിരിക്കുകയും ചെയ്യും. ഈ വസ്തുതകളിൽനിന്നുള്ള യുക്തിയുക്തമായ അനുമാനം, "ശാസ്ത്രവും യുക്തിയും അനുഭവവും അടിസ്ഥാനമാക്കിയാണ്" കത്തോലിക്കാമതം ദൈവസ്ഥാപിതമായ ഏക മുക്തിമാർഗ്ഗമാണെന്ന് കത്തോലിക്കർ വിശ്വസിക്കുന്നത് എന്നാകുന്നു. അങ്ങനെ വിശ്വസിക്കുന്നതുകൊണ്ട് മററു മതങ്ങളെല്ലാം, അവയിൽ പലതിലും സുബദ്ധങ്ങളും ഉത്കൃഷ്ടങ്ങളുമായ അനേകം തത്വങ്ങളും ഉണ്ടെങ്കിലും, ദൈവസ്ഥാപിതമായ മുക്തിമാർഗ്ഗമല്ലെന്നു യഥാർത്ഥ കത്തോലിക്കർക്കറിയാം. ആ സ്ഥിതിക്ക് ക്രിസ്ത്യാനികളെല്ലാം ഹിന്ദുമതത്തിൽ ചേരണമെന്ന് ശ്രീ മള്ളൂരും, എല്ലാ മതത്തിലും ചേർന്നുകൊള്ളട്ടെയെന്ന് ശ്രീ അയ്യപ്പനും നിർദ്ദേശിക്കുവാൻ സന്നദ്ധരായത് യഥാർത്ഥ ക്രിസ്തീയ മൗലികതത്വങ്ങളെപ്പററിയുള്ള അവരുടെ അന്ധവിശ്വാസങ്ങളാലാണെന്ന് സ്പഷ്ടമല്ലയോ?

### കർദ്ദിനാളന്മാർ മാർപ്പാപ്പായുടെ

### കാലുമുത്തിയത്

ഇതേ അന്ധവിശ്വാസസമൂലമാണ് കത്തോലിക്കാമതത്തിലെ വിശ്വാസാനുഷ്ഠാനങ്ങളിൽ അവർ അന്ധവിശ്വാസം കാണുന്നതും. ഉദാഹരണമായി, "രാജേന്ദ്രപ്രസാദ് ബ്രാഹ്മണരുടെ കാലുകഴുകി കുടിച്ചതിനേയും കർദ്ദിനാളന്മാർ മാർപ്പാപ്പായുടെ കാലുമുത്തിയതിനേയും ഒരേതരത്തിൽ കാണുന്ന മള്ളൂരിന്റെ ദർശനവും," ആ ദർശനം "ഇവിടെ പരക്കെ പകരേണ്ടതാണ്" എന്നുള്ള അയ്യപ്പന്റെ നിർദ്ദേശവും എടുക്കുക. ദൈവാവതാരമായ ക്രിസ്തു, താൻ സ്ഥാപിച്ച മതസഭയിൽ തന്റെ പേർക്ക് പരമാധികാരം വഹിക്കുവാൻ പാപ്പാസ്ഥാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും, തൽഫലമായി മാർപ്പാപ്പാ കർദ്ദിനാളന്മാരുൾപ്പെടെയുള്ള സകല കത്തോലിക്കരുടേയും ദൈവനിയുക്തനായ ആദ്ധ്യാത്മികപിതാവായിത്തീർന്നിരിക്കുകയാണെന്നും ഉള്ള വസ്തുതകളുടെ വെളിച്ചത്തിൽ, കർദ്ദിനാളന്മാർപോലും മാർപ്പാപ്പായുടെ കാലുമുത്തുന്നത് അന്ധവിശ്വാസപരമായ പ്രവൃത്തിയാകുന്നതെങ്ങനെ? ദൈവദത്തമായ പ്രകൃതിജീവൻ പകർന്നുകൊടുക്കുന്ന ഒരു പിതാവിന്റെ കാൽ അദ്ദേഹത്തിൽനിന്നു ആ ജീവൻ കൈക്കൊള്ളുന്ന പുത്രന്മാർ മുത്തുന്നതിൽ അന്ധവിശ്വാസപരമായി എന്തുണ്ട്? അങ്ങനെയെങ്കിൽ ദൈവദത്തമായ പ്രകൃത്യതീതജീവൻ പകർന്നുകൊടുക്കുന്ന മാർപ്പാപ്പായുടെ കാൽ ആ തിരുമേനിയിൽനിന്ന് ആ ജീവൻ കൈക്കൊള്ളുന്ന കർദ്ദിനാളന്മാരുൾപ്പെടെയുള്ള കത്തോലിക്കർ മുത്തുന്നതിൽ അന്ധവിശ്വാസപരമായി യാതൊന്നും ഇല്ലതന്നെ. [illegible] മള്ളൂരും അയ്യപ്പനും വിചാരിക്കുന്നത് മാർപ്പാപ്പായുടെ സ്ഥാനത്തേയും നിലയേയുംകുറിച്ചുള്ള അവരുടെ അന്ധവിശ്വാസത്തിന്റെ ഫലം മാത്രമാകുന്നു. അഭിഭാഷകന്മാരും രാഷ്ട്രീയപ്രവർത്തകന്മാരും അവരവർക്ക് അറിവുള്ള തുറകൾ വിട്ട് അറിവില്ലാത്ത ക്രിസ്തുമതത്തുറകളിലേക്ക് കടക്കുന്നതു സാമാന്യബുദ്ധിക്കുപോലും (കോമൺ സെൻസ്) എതിരാണെന്നുള്ള ബോധം അവർക്കുണ്ടായിരുന്നെങ്കിൽ ഇത്തരം വാദപ്രതിവാദങ്ങൾ കൂടാതെ കഴിക്കാമായിരുന്നു.

## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |

## അടുത്തയാഴ്ചയിൽ

മാർച്ച്

1 ഞാ: നോമ്പ് 2-ാം ഞായർ
2 തി: സിംപ്ലീസിയൂസ്
3 ചൊ: കുനെഗുണ്ട്
4 ബു: ലൂസിയോസ്
5 വ്യാ: ഫ്രെഡെരിക്ക്
6 വെ: ക്ലൂറിബ്ലോസ്
7 ശ: തോമാ അക്വിനാസ്

## ജപാപ്പസ്തോലസഖ്യം

(മാർച്ച്)

പൊതുനിയോഗം: മാർപ്പാപ്പായുടെ പൊതുവും പ്രത്യേകവുമായ ഉദ്ദേശങ്ങൾ സാധിക്കുവാൻ വേണ്ടി.

മിഷൻനിയോഗം: ഏഷ്യയുടെ ദക്ഷിണപൂർവ്വദേശങ്ങൾ കമ്മ്യൂണിസ്റ്റുവിപത്തിൽനിന്നും മോചനം പ്രാപിക്കുവാൻവേണ്ടി.

## കാർമ്മൽ

(സെന്റ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം. വരിസംഖ്യ പ്രതിവർഷം ഒന്നരരൂപ)

കേരളത്തിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാംസഭാസന്യാസിനികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു ത്രൈമാസികമാണ് "കാർമ്മൽ". "അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക" തുടങ്ങിയ മഹനീയോദ്ദേശ്യങ്ങളോടെ നടത്തപ്പെടുന്ന ഈ ത്രൈമാസികത്തിനു പ്രചുരപ്രചാരമാശംസിക്കുകയും തദ്ഭാരവാഹികളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

# കർമ്മലകുസുമം

## സുവർണ്ണജൂബിലി വിശേഷാൽപ്രതി

(സെൻറ് ജോസഫ്സ് പ്രസ്സ്, മന്നാനം)

കത്തോലിക്കാ സാഹിത്യലോകത്തിനു സുപരിചിതനായ ഫാദർ ബ്രൂണോസ് സി. ഡി. അവർകളുടെ പത്രാധിപത്യത്തിൽ നടത്തിവരുന്ന "കർമ്മലകുസുമം" ഒരു ആത്മീകകുടുംബമാസികയെന്ന നിലയിൽ പ്രഖ്യാതമാണ്. ഇന്നു പ്രചാരത്തിലിരിക്കുന്ന പല പത്രമാസികകളും ജന്മമെടുക്കുന്നതിനുമുമ്പുതന്നെ "കർമ്മലകുസുമ"ത്തിനു കത്തോലിക്കാ കുടുംബങ്ങളിൽ പ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിരുന്നുവെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. കർമ്മലോദ്യാനത്തിൽ മൊട്ടിട്ടുവികസിച്ച ഈ മനോജ്ഞകുസുമം അതിന്റെ ആദ്ധ്യാത്മികസൗരഭ്യം കേരളക്കരയിൽ പരത്തുവാൻ ഇടയായിട്ട് അരശതാബ്ദമായി. ഈ വസ്തുത അനുസ്മരിപ്പിക്കുന്നതിനായി പ്രസാധനം ചെയ്യപ്പെട്ടിരിക്കുന്ന 'വിശേഷാൽപ്രതി'യിൽ മാർപ്പാപ്പാ, കർദ്ദിനാളന്മാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ എന്നിവരുടെ ആശീർവ്വാദസന്ദേശങ്ങളും പണ്ഡിതവരേണ്യന്മാരുടെ വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും സംഗൃഹീതമായിരിക്കുന്നു. 'കർമ്മലകുസുമം' ഇനിയും വളരെക്കാലം അതിന്റെ സേവനം നിർവ്വഹിച്ചുകൊണ്ടുപോകുവാൻ സർവ്വേശ്വരൻ ഇടയാക്കട്ടെ.

---

ശവരിയാര് പുണ്യവാന്റെ മാദ്ധ്യസ്ഥതയാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എനിക്കു പല അവശ്യകാര്യങ്ങൾ സാധിച്ചുകിട്ടിയതിന് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

പി. സി. സേവ്യർ, ചെങ്ങമനാട്

---

# ബിസിനസ്സ്

(സെൻറ് മേരീസ് പ്രസ്സ്, അതിരമ്പുഴ. വാർഷികവരിസംഖ്യ രൂ 3.)

"കൃഷി, വ്യവസായം, വാണിജ്യം മുതലായ എല്ലാ തൊഴിലുകളുടേയും അഭിവൃദ്ധിയെ ലക്ഷ്യമാക്കി വിജ്ഞാനപ്രദാനത്തോടെ ഇക്കഴിഞ്ഞ ജനുവരി മുതൽ ശ്രീ കെ.എം. ജോൺ ബി.എ.യുടെ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ഒരു മാസികയാണ് ബിസിനസ്സ്. പ്രസാധകർ ഞങ്ങൾക്കയച്ചുതന്ന ഫെബ്രുവരിലക്കത്തിൽ, കൃഷിസംബന്ധമായും നികുതിസംബന്ധമായും വ്യാപാരസംബന്ധമായും സാമാന്യജനങ്ങൾ അറിഞ്ഞിരിക്കേണ്ട പല വിവരങ്ങളുമുണ്ട്. പുതിയ സഹജീവിക്കു സകല വിജയവും ആശംസിക്കുന്നു.

# ഓമനക്കുട്ടൻ

(കേരളോദയം പ്രസ്സ്, തൃശൂർ. വാർഷികവരിസംഖ്യ 1ക. 8ണ.)

പരിചയസമ്പന്നനായ ഒരദ്ധ്യാപകനാണ് ശ്രീ സി പി ആന്റണി ബി എ ബി ടി. അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ, വിദ്യാർത്ഥികളെ ഉദ്ദേശിച്ചു പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ഈ മാസിക ബാലികാബാലന്മാരുടെ "മാനസികനിലവാരം ഉയർത്തുന്നതിനു" തികച്ചും പര്യാപ്തമായിരിക്കുന്നു. ശ്രീ പി സി ദേവസ്യാ എം എ, ശ്രീ കെ സി ചാക്കോ എം എ ബി ഇ ഇടങ്ങിയ പലരുടേയും ലളിതസുന്ദരങ്ങളായ ലേഖനങ്ങളും വിജ്ഞാനപ്രദങ്ങളായ വിവിധകുറിപ്പുകളും ഒന്നാംലക്കത്തിലുണ്ട്. എല്ലാ വിദ്യാലയങ്ങളിലും "ഓമനക്കുട്ടന്" പ്രവേശനവും പ്രചാരവും ലഭിച്ചുകാണുവാൻ ഞങ്ങളാഗ്രഹിക്കുന്നു.

---

# ഇടവകവാർത്തകൾ

— വാഴൂർ: ചെങ്കൽ തിരുഹൃദയ ഇടവകയിലെ സി ഇ സി, മൂന്നാംസഭ, ലീജിയൻ ഓഫ് മേരി, വിൻസെൻറ് ഡി പോൾ സഖ്യം, സോഡാലിററി, മിഷൻലീഗ്, സൺഡേ സ്കൂൾ എന്നിവയുടെ സംയുക്തവാർഷികം ഫെ 7-ാംനു ബഹു. വികാരി റവ ഫാദർ റോമയോ തോമസ് സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. യോഗത്തിൽ മി. മത്യൂ മണിയങ്ങാടൻ ബി എ ബി എൽ, ജോർജ് ജോസഫ് പൊടിപാറ ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു

—തൊടുപുഴ: നെടിയകാട് ലിസ്യൂ പള്ളിയിലെ വിൻസെൻറ് ഡി പോൾ, സത്യാരാധന, സോഡാലിററി എന്നീ സഖ്യങ്ങളുടെ സംയുക്തവാർഷികം ഫെബ്രുവരി 8-ാംനു റവ ഫാ ഫ്ളോറിൻ സി ഡി യുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. മി കെ എ ജോർജ്ജ് എം എൽ എ ഒരു പ്രസംഗംചെയ്തു

— ചങ്ങനാശേരി രൂപതയിലെ സി എ സി, എം സി എസ് എൽ എന്നിവയുടെ സംയുക്ത വാർഷികം ഫെബ്രുവരി 12-ാംനു എസ് ബി കോളേജിൽവച്ച് ജസ്റ്റിസ് ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു.

— കാരൂക്കര: വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ പ്രഥമവാർഷികം ഫെബ്രുവരി 15-ാംനു റവ ഫാ പോൾ ചിററപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. മി ഒ കെ സിറിയക് ഒരു പ്രസംഗംചെയ്തു.

# തിരുക്കൊച്ചിവാർത്തകൾ

## ചെങ്ങന്നൂർ തിരഞ്ഞെടുപ്പുഫലം

ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ രണ്ടു സ്ഥാനങ്ങളിലും വിജയംവരിച്ചിരിക്കുന്നു. വോട്ടുകളുടെ നില താഴെ ചേർക്കുന്നു:

| | |
|---|---|
| പൊതുസീററ് | |
| ശിവരാമൻനായർ (കോൺ.) | 31601 |
| രാമചന്ദ്രൻനായർ (പി. എസ്. പി.) | 25144 |
| റിസർവേഷൻസീററ് | |
| രാമചന്ദ്രദാസ് (കോൺ) | 34666 |
| പി. കെ. കുഞ്ഞച്ചൻ (കമ്യൂ) | 19258 |
| വേലൻ (സ്വതന്ത്രൻ) | 2653 |

ശരാശരി 70 ശതമാനം പോൾ ചെയ്യപ്പെട്ടു.

## പഞ്ചായത്തു തിരഞ്ഞെടുപ്പ്

തിരുക്കൊച്ചി സംസ്ഥാനത്തെ പഞ്ചായത്തുതിരഞ്ഞെടുപ്പ് അടുത്ത ഏപ്രിൽ 7 മുതൽ മേയ് 26വരെ തിയതികളിൽ നടത്തപ്പെടുന്നതാണെന്നറിയുന്നു. സംസ്ഥാനത്താകെയുള്ള 550 ഗ്രാമപഞ്ചായത്തുകളിലേക്ക് 4500 പഞ്ചായത്തുദാരന്മാർ പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്നതാണ്. ഇങ്ങനെ രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകളുടെ കാലാവധി മൂന്നുവർഷമായിരിക്കും. സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശപത്രികകൾ മാർച്ച് 16-ാംനു മുതൽ സ്വീകരിക്കപ്പെടുന്നതാണ്.

## വിദ്യാഭ്യാസപദ്ധതി

പ്രൈവററ് സെക്കണ്ടറി സ്കൂൾ പദ്ധതിയുടെ പരിഷ്കരിച്ച ചട്ടങ്ങൾ 32 പേജുകളോളം വരുന്ന ഒരു ലഘുഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പരിഷ്കരിച്ച ശമ്പളപദ്ധതി ഗവർമ്മെൻറ് ഉടൻതന്നെ നടപ്പിൽവരുത്തുവാൻ ഉദ്ദേശിക്കുന്നതിനാൽ ഏ റ്റി. എസ്. എ യുടെ ആഭിമുഖ്യത്തിൽ അദ്ധ്യാപകന്മാർ സ്വീകരിക്കാൻ നിശ്ചയിച്ചിരുന്ന പ്രത്യക്ഷസമരപരിപാടി ഉപേക്ഷിച്ചിരിക്കുന്നു.

## പീച്ചി അണ

പീച്ചി അണക്കെട്ട് ഫെബ്രുവരി 22-ാംനു മുഖ്യമന്ത്രി എ. ജെ. ജോൺ ഉൽഘാടനം ചെയ്തിരിക്കുന്നു. 1948-ലാണ് അതിന്റെ പണി ആരംഭിച്ചത്. 12000 ഏക്കർ പാഴ്ഭൂമി ഇരുപ്പൂവാക്കാനും 4000 ഏക്കർ ഒരുപ്പൂനിലം ഇരുപ്പൂവാക്കാനും 10000 ഏക്കർ നിലത്തിനും 20000 ഏക്കർ കരിനിലത്തിനും വേണ്ട ജലം നൽകാനും അങ്ങനെ ആണ്ടിനാൽ 15000 ടൺ നെല്ല് വിളയിക്കാനും ഈ പദ്ധതി പ്രയോജനപ്പെടുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ സംസ്ഥാനത്തു ആരംഭിച്ചിട്ടുള്ള ആറു ജലസേചനപദ്ധതികളിൽ ഒന്നുമാത്രമാണിത്. ചാലക്കുടി, പഴനി, പെരിഞ്ചാണി, വേമ്പനാട്, നെയ്യാർ ഇവയാണ് മററുള്ളവ.

---

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

എം. ജെ ജോസഫ്,
എളപ്പുങ്കൽ, വായ്പൂര്

---

# ഇൻഡ്യാവാർത്തകൾ

## റയിൽവെ ബഡ്ജററ്

കേന്ദ്രറയിൽവേമന്ത്രി മി. ലാൽ ബഹദൂർശാസ്ത്രി ഫെബ്രുവരി 18-ാംനു പാർലമെൻററിൽ റയിൽവേബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസ്താവനയിൽ താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. 1952-ൽ അവതരിപ്പിക്കപ്പെട്ട റയിൽവേ ബഡ്ജററിൽ 23·47 കോടി ക. മിച്ചമുണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നു. എന്നാൽ യഥാർത്ഥത്തിൽ 9·48 കോടി ക മാത്രമേ മിച്ചമുള്ളു. 1953-54-ൽ 9·31 കോടി ക. മിച്ചമുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. അടുത്ത ഏപ്രിൽ 1-ാംനു മുതൽ എല്ലാ മെയിലുകളിലും ഒന്നാംക്ലാസ്സ് ഏർപ്പാട് നിർത്തലാക്കുന്നതാണ്. ചില എക്സ്പ്രസ് വണ്ടികളിലും മെയിൽവണ്ടികളിലും ഒരു പ്രത്യേകത എന്ന നിലയ്ക്ക് കമ്പാർട്ടുമെന്റ് ഒന്നാംക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ചരക്കുകൂലിയിലോ യാത്രക്കൂലിയിലോ ഇത്തവണ യാതൊരു വ്യത്യാസവും വരുത്തുന്നില്ല. അംഗീകൃതസ്കൂളുകളിലെ അദ്ധ്യാപകർക്കും കമ്മ്യൂണിററി പ്രോജക്ടുകളിൽ പ്രവർത്തനം നടത്തുന്ന സന്നദ്ധഭടന്മാർക്കും യാത്രാസൗജന്യങ്ങൾ അനുവദിക്കുന്നതാണ്. അടുത്തവർഷത്തിൽ 12 പുതിയ ലൈനുകൾ ഏറെറടുക്കുകയോ സർവ്വേനടത്തുകയോ ചെയ്യുന്നതാണ്. റയിൽവേകളിലെ അഴിമതികളെപ്പററി അന്വേഷിച്ച് പ്രതിവിധി നിർദ്ദേശിക്കുന്നതിന് പാർലമെൻറംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മിററിയെ നിയോഗിക്കുവാൻ ഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

## ഇൻഡ്യയിലെ അമേരിക്കൻ അംബാസിഡർ

യൂഗോസ്ലാവിയായിലെ അമേരിക്കൻ സ്ഥാനപതിയായ മി. ജോർജ്ജ് വി. അല്ലനെ ഇൻഡ്യയിലെ അമേരിക്കൻ സ്ഥാനപതിയായി നിയമിച്ചിരിക്കുന്നു.

## 24 മെമ്പർമാരുടെ സ്ഥാനം നഷ്ടപ്പെട്ടു

ബീഹാർ ലജിസ്ലേററിവ് കൗൺസിലിലേക്ക് (ഉപരിസഭ) തിരഞ്ഞെടുക്കപ്പെട്ട 24 മെമ്പർമാരുടെ തിരഞ്ഞെടുപ്പ് അസാധുവാണെന്നു പാററ്നാ ഇലക്ഷൻ ട്രിബ്യൂണൽ പ്രഖ്യാപിച്ചിരിക്കുന്നു.

## ആൻഡമാൻസിലേക്കു കുടിയേററം

ആൻഡമാൻ ദ്വീപുകളിലേക്ക് കുടിയേററിപ്പാർക്കുന്നതിനും അവിടെ കൃഷി വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു പഞ്ചവത്സരപദ്ധതി ഇൻഡ്യാഗവർമ്മെൻറ് അംഗീകരിച്ചിരിക്കുന്നു. ആൻഡമാൻസിലെ ഇരുപതിനായിരം ഏക്കർ വനഭൂമി വെട്ടിത്തെളിച്ച് കൃഷിയോഗ്യമാക്കിത്തീർക്കുന്നതിലേക്ക് 20,000 ആളുകൾ ഉൾപ്പെടുന്ന 4000 ഇൻഡ്യൻ കർഷകകുടുംബങ്ങൾക്ക് അവിടെ കുടിയേറിപ്പാർക്കുന്നതിന് അനുമതി നൽകപ്പെടും. അവരുടെ താമസത്തിനും മററുമായി 20,000 ഏക്കർ വനഭൂമികൂടി തെളിച്ചെടുക്കും. ഓരോ കുടുംബത്തിനും 5ഏക്കർ കൃഷിയോഗ്യമായ നെൽപ്പാടവും 5ഏക്കർ വനഭൂമിയുമുൾപ്പെടെ 10 ഏക്കർ സ്ഥലം നൽകപ്പെടുന്നതാണ്. വിത്തുവകകൾ, കാർഷികോപകരണങ്ങൾ മുതലായ പ്രാഥമികാവശ്യങ്ങൾക്കായി ഓരോ കുടുംബത്തിനും 1000 ക. വീതം നൽകപ്പെടും. ആൻഡമാൻസിലേക്കുള്ള യാത്രച്ചെലവ് ഗവർമ്മെൻറ് വഹിക്കുന്നതാണ്. ഇപ്രകാരം 5കൊല്ലംകൊണ്ട് 20,000 ഏക്കർ സ്ഥലത്ത് കൃഷിയിറക്കാൻ സാധിക്കുമെന്നും തന്മൂലം കൊല്ലത്തിൽ 2ലക്ഷം മണ്ട് അരി കൂടുതൽ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

# വിദേശവാർത്തകൾ

## ബ്രിട്ടണിൽ ദേശസാൽക്കരണം റദ്ദാക്കുന്നു.

1947-ൽ ബ്രിട്ടണിലെ ലേബർ ഗവർമ്മെൻറ് ദേശവൽക്കരിച്ച റോഡ് ട്രാൻസ്പോർട്ട് സിസ്റ്റം വീണ്ടും സ്വകാര്യ ഉടമകൾക്കു വിട്ടുകൊടുക്കുന്നതിനുള്ള ഒരു ബിൽ ബ്രിട്ടീഷ് ജനസഭ പാസാക്കിയിരിക്കുന്നു.

## റോസൻബർഗ്ഗദമ്പതികളുടെ വധശിക്ഷ

ആററംരഹസ്യം റഷ്യക്കു വെളിപ്പെടുത്തിക്കൊടുത്തതിനു ജൂലിയസ് റോസൻബർഗിനേയും ഭാര്യ എഥേലിനേയും അമേരിക്കൻ കോടതി 1951-ൽ കൊലക്കു വിധിക്കുകയുണ്ടായി. ഈ മാർച്ച് 9-ാംനു പ്രസ്തുത ദമ്പതികൾ വധിക്കപ്പെടുമെന്ന് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ യു എസ് അപ്പീൽ കോടതി അവരുടെ വധശിക്ഷ മാർച്ച് 30 വരെക്കും നിർത്തിവയ്ക്കുവാൻ ഉത്തരവിട്ടിരിക്കുന്നു.

## ജനീവാ ചർച്ചകൾ അവസാനിച്ചു

കാശ്മീർ പ്രശ്നം സംബന്ധിച്ച് ഇൻഡ്യാ, പാക്കിസ്ഥാൻ പ്രതിനിധികളും കാശ്മീർ മദ്ധ്യസ്ഥൻ ഡോ. ഫ്രാങ്ക് ഗ്രഹാമും ഫെബ്രുവരി 4-ാംനു മുതൽ ജനീവായിൽ സമ്മേളിച്ചു നടത്തിക്കൊണ്ടിരുന്ന കൂടിയാലോചനകൾ ഫെ. 19-ാംനു യോടുകൂടി സമാപിച്ചിരിക്കുന്നു. കാശ്മീർപ്രശ്നപരിഹാരം സംബന്ധിച്ച് യാതൊരു പുരോഗതിയും ഇതുവരെ ഉണ്ടായിട്ടില്ലെന്നാണ് റിപ്പോർട്ടുകളിൽ കാണുന്നത്. കൂടിയാലോചന സംബന്ധിച്ചുള്ള റിപ്പോർട്ട് ഡോ. ഗ്രഹാം യു എൻ സെക്യൂരിററി കൗൺസിലിൽ ഉടനെതന്നെ സമർപ്പിക്കുന്നതാണ്.

## മി. സുകുമാർ സെൻ

ഇൻഡ്യയിലെ ചീഫ് എലക്ഷൻ കമ്മീഷണർ മി സുകുമാർ സെൻ, സുഡാനിലെ പ്രഥമ ജനകീയതെരഞ്ഞെടുപ്പിന്റെ നേതൃത്വം വഹിക്കുന്ന ഏഴംഗങ്ങളുടങ്ങിയ എലക്ട്രൽ കമ്മീഷന്റെ തലവനായി നിയമിക്കപ്പെട്ടിരിക്കുന്നു.

കമ്മീഷനിൽ മൂന്നു സുഡാനികളും ഒരു ഈജിപ്ഷ്യനും ഒരു ബ്രിട്ടീഷുകാരനും ഒരു അമേരിക്കക്കാരനും ഒരു ഇൻഡ്യാക്കാരനും ഉൾപ്പെടുന്നു. ഇൻഡ്യൻ മെമ്പർ കമ്മീഷൻ ചെയർമനായിരിക്കുന്നതാണ്.

## പോർട്ടുഗീസ് കാർഡിനൽ ഫാദർ ജോസഫ് വാസിന്റെ ജന്മസ്ഥലത്ത്

ഗോവയിലെ ശതാബ്ദാഘോഷങ്ങളിൽ പേപ്പൽപ്രതിനിധിയായി എത്തിയിരുന്ന കാർഡിനൽ സെരെജെയിരാ തിരുമനസ്സുകൊണ്ട് 11 ദിവസമാണ് അവിടെ താമസിച്ചത്. അതിനിടയ്ക്കു വിവിധങ്ങളായ ചടങ്ങുകൾ തിരുമേനി നിർവ്വഹിക്കയുണ്ടായി. ധന്യനായ ഫാദർ ജോസഫ് വാസിന്റെ ജനനസ്ഥലം ആഘോഷമായി സന്ദർശിച്ചതായിരുന്നു അതിൽ ഒടുവിലത്തെ ചടങ്ങ്. ഇപ്പോൾ ഒരു പ്രാർത്ഥനാലയമായി രൂപാന്തരപ്പെടുത്തിയിട്ടുള്ള പ്രസ്തുത സ്ഥാനത്തു വെച്ചു കർദ്ദിനാൾ തിരുമേനി പ്രാർത്ഥന നടത്തി. സിലോൺ ദ്വീപിന്റെ അപ്പസ്തോലനായി പരിഗണിക്കപ്പെടുന്ന ഈ പുണ്യദേഹം 17-ാം നൂററാണ്ടിലാണ് ജീവിച്ചിരുന്നത്. അദ്ദേഹത്തിന്റെ നാമകരണം സംബന്ധിച്ച നടപടികൾ റോമിൽ നടന്നുവരികയാണ്.

# ക്രൈസ്തവസഭകളുടെ ഐക്യം

## 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ വിശ്വലേഖനം

### 9. സത്യം ഒത്തുതീർപ്പിന്ന വിധേയമല്ല

മേൽ പ്രസ്താവിച്ച സ്വാതന്ത്രികളുടെ വെളിച്ചത്തിൽ അപ്പൊസ്തോലിക സിംഹാസനത്തിന്ന യാതൊരു വ്യവസ്ഥയിൻകീഴിലും അവരുടെ സമ്മേളനങ്ങളിൽ ഭാഗഭാഗിത്വം വഹിക്കുന്നതിന്ന സാധിക്കയില്ലെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. അതുപോലെതന്നെ കത്തോലിക്കർ ഏതാദൃശസംരംഭങ്ങൾക്കുവേണ്ടി പരിശ്രമിക്കയോ അവയെ സഹായിക്കയോ ചെയ്യുന്നതു ന്യായമല്ല; അപ്രകാരം ചെയ്യുന്നപക്ഷം അവർ മിശിഹായുടെ ഏക സഭയിൽനിന്നും വളരെ വ്യത്യസ്തമായ ഒരു വ്യാജക്രിസ്തുമതത്തെ അംഗീകരിക്കയായിരിക്കും ചെയ്യുന്നതു്. സത്യമതം, അതെ, ഈശ്വരാവിഷ്കൃതമായ സത്യത്തെ വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ടുള്ള ഒരു ഒത്തുതീർപ്പിന്ന വിധേയമാക്കുവാൻ അനുവദിക്കുക എന്ന മഹാപാപം നമുക്കു ചെയ്യാവുന്നതാണോ? എന്തുകൊണ്ടെന്നാൽ ഈശ്വരാവിഷ്കൃതമായ സത്യത്തെ സംരക്ഷിക്കുന്ന പ്രശ്നമാണു് ഇവിടെ ആവിർഭവിച്ചിരിക്കുന്നതു്. യേശുമിശിഹാ തന്റെ അപ്പസ്തോലന്മാരെ ലോകമെമ്പാടും അയച്ചതു സർവ്വജാതികളിലും സുവിശേഷവിശ്വാസം പ്രചരിപ്പിക്കുന്നതിനായിട്ടാകുന്നു. അവർക്കു തെറ്റു വരാതിരിക്കുന്നതിന്ന മുൻകൂട്ടിത്തന്നെ അവർ പരിശുദ്ധാത്മാവിനാൽ പഠിപ്പിക്കപ്പെടണമെന്നു് അവിടുന്നു നിശ്ചയിച്ചു (യോഹ. 16, 13). ഒടുവം തന്നെ ദൈവകർത്താവും സാക്ഷികളും ആയിരിക്കുന്ന സഭയിൽനിന്നും അപ്പസ്തോലന്മാരുടെ ഈ ഉപദേശം നിശ്ശേഷം അപ്രത്യക്ഷമാകയോ അഥവാ ചിലപ്പോഴെല്ലാം അന്ധകാരാവൃതമായിപ്പോകയോ ചെയ്തിരിക്കുമോ? തന്റെ സുവിശേഷം അപ്പസ്തോലന്മാരുടെ കാലത്തു മാത്രമല്ല ഭാവിതലമുറകളിലും ഉടൻ നിലനില്ക്കുന്നതാണെന്നു നമ്മുടെ രക്ഷിതാവു സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ടു്. പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളുള്ളപ്പോഴും നാം ഇന്നു് അനുവദിച്ചുകൊടുക്കുന്നതായി വരുന്ന ആ വിധത്തിൽ വിശ്വാസവിഷയം കാലാന്തരത്തിൽ അത്ര അവ്യക്തവും അനിശ്ചിതവും ആയിത്തീരുക സംഭവ്യമോ? അങ്ങനെയെങ്കിൽ അപ്പസ്തോലന്മാരുടെമേൽ ഉള്ള പരിശുദ്ധാത്മാവിന്റെ ആഗമനം, സഭയിൽ ഇതേ ആത്മാവിന്റെ നിത്യമായ അധിവാസം, യേശുമിശിഹായുടെ ഉദ്ബോധനങ്ങൾ എന്നിവയുടെ വിലയും ഫലവും അനേകം ശതാബ്ദങ്ങൾക്കു മുമ്പുതന്നെ മുഴുവനായി നശിച്ചുപോയെന്നു സമ്മതിക്കേണ്ടതായിവരും. അങ്ങനെ ചെയ്താൽ അതു ദൈവദൂഷണമായിരിക്കും. ദൈവത്തിന്റെ ഏകപുത്രനാകട്ടെ തന്റെ പ്രതിനിധികളെ സർവ്വജാതികളെയും പഠിപ്പിക്കുവാൻ നിയോഗിച്ചപ്പോൾ "സാക്ഷികളാകുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട" (നട പടി 10, 41) വരാൽ അറിയിക്കപ്പെട്ട സത്യങ്ങൾ മുഖാന്തരമായും വിശ്വസിക്കുന്നതിന സർവ്വമനുഷ്യരെയും ബാദ്ധ്യസ്ഥരാക്കിയെന്നു മാത്രമല്ല "വിശ്വസിച്ചു സ്നാനപ്പെടുന്നവൻ രക്ഷ പ്രാപിക്കും; വിശ്വസിക്കാത്തവൻ ശിക്ഷാർഹനായി വിധിക്കപ്പെടും" (മർക്കോ. 16, 16) എന്ന അനുശാസനത്താൽ തന്റെ ആജ്ഞയെ സ്ഥിരീകരിക്കയും ചെയ്തു. മിശിഹായുടെ ഈ രണ്ടാജ്ഞകളും—ഒന്നു പഠിപ്പിക്കുക എന്നുള്ളതും, മറ്റേതു വിശ്വസിക്കുക എന്നുള്ളതും—അവശ്യം അനുസരിക്കപ്പെടേണ്ടവയാകുന്നു. പക്ഷേ, അവയെ മനസ്സിലാക്കുകയെന്നതും, പൂർണ്ണവും വ്യക്തവുമായ ബോധനം സഭ നൽകാത്തപക്ഷം, ശക്യമല്ല. സഭ അപ്രകാരം പഠിപ്പിക്കുമ്പോഴാകട്ടെ പ്രമാദവൈരുദ്ധ്യങ്ങളുടെ സകല അപായത്തിൽനിന്നും സുരക്ഷിതമാകുന്നു.

10. സത്യത്തിന്റെ നിക്ഷേപം യഥേഷ്ടത്തിൽ സ്ഥിരീകരിച്ചുകൊണ്ടെന്നു ചെയ്യുന്ന, എങ്കിലും അതു കണ്ടെത്തുകയും സ്വായത്തമാക്കുകയും ചെയ്യുന്നതിന്നു് ഒരു മനുഷ്യായുസ്സു മതിയാകാത്തവണ്ണം അത്ര ക്ലേശപൂർണ്ണമായ പരിശ്രമവും സുദീർഘമായ പഠനവും ചർച്ചയുമാവശ്യമാണെന്നു കരുതുന്ന കൂട്ടരും ഈ വിഷയത്തിൽ ശരിയായ മാർഗ്ഗത്തിൽനിന്നും വ്യതിചലിക്കയാണു് ചെയ്യുന്നതു്. പരമകാരുണ്യവാനായ ദൈവം പ്രവാചകന്മാരും തന്റെ ഏകപുത്രനും മുഖേന സംസാരിച്ചതു്, ഇതുപോലെ ജീവിതകാലം മുഴുവനും മനുഷ്യനെ നയിക്കുന്നതിന്നുള്ള വിശ്വാസത്തിന്റെയും സന്മാർഗ്ഗത്തിന്റെയും ഉപദേശങ്ങൾ ഏവരേയും അഭ്യസിപ്പിക്കുന്നതിനല്ല, പിന്നെയോ, ഏതാനും ചിലർ, അതും പ്രായാധിക്യമായവർ, താൻ വെളിപ്പെടുത്തിയവ ഗ്രഹിക്കുന്നതിനായിട്ടുമാത്രമാണു് എന്നത്രേ ഇവരുടെ ധാരണ.

### 11. "സാർവ്വജനിക ക്രിസ്ത്യാനികൾ" (Pan Christians) വിശ്വാസത്തെ ദ്രോഹിക്കുന്നു

ക്രൈസ്തവസഭകളെ ഏകീഭവിപ്പിക്കുന്ന വിഷയത്തിൽ ശ്രദ്ധവയ്ക്കുന്ന ഈ "സാർവ്വജനിക ക്രിസ്ത്യാനികൾ" പരസ്നേഹമെന്ന വാക്യം എല്ലാ ക്രിസ്ത്യാനികളുടെയിടയിലും പുരോഗമിപ്പിക്കുന്നതിന്നായുള്ള അവരുടെ ശ്രമത്തിൽ മഹത്തരമായ ഒരു ലക്ഷ്യത്തെ അനുധാവനം ചെയ്യുന്നതായി കാണപ്പെടുന്നു. ആ സ്ഥിതിക്കു് ഈ സ്നേഹം വിശ്വാസത്തിന്നു് ഉപദ്രവകരമായിത്തീരുവാൻ ഇടയാകുന്നതെങ്ങനെ? സ്നേഹത്തിന്റെ അപ്പസ്തോലനായ യോഹന്നാൻ ശ്ലീഹാതന്നെ—അതെ, തന്റെ സുവിശേഷത്തിൽ യേശുമിശിഹായുടെ തിരുഹൃദയത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതായി കാണപ്പെടുന്നവനും, "അന്യോന്യം സ്നേഹിക്കുക" എന്ന പുതിയ കല്പന സ്വാനുയായികളുടെ ഹൃദയങ്ങളിൽ ഉറപ്പിക്കുന്ന കാര്യത്തിൽനിന്നും ഒരിക്കലും വിരമിക്കാത്തവനും ആയ യോഹന്നാൻതന്നെയും, "ക്രിസ്തുവിന്റെ ഈ ഉപദേശം കൊണ്ടുവരാതിരിക്കയും ചെയ്താൽ അവനെ വീട്ടിൽ സ്വീകരിക്കരുതു്, അവനു സ്വസ്തി പറകയുമരുതു്" (2 യോഹ. 10) എന്നു് ഉദ്ബോധിപ്പിച്ചുകൊണ്ടു്, മിശിഹായുടെ ഉപദേശങ്ങളുടെ അന്യൂനതയെ ഭഞ്ജിക്കുന്നതും ദൂഷിതവുമായ ഒരു വിശ്വാസം പഠിപ്പിക്കുന്നവരുമായി സർവ്വ സംസർഗ്ഗവും സകലൃാ നിരോധിച്ചിരിക്കുന്നതായി ഏവർക്കും അറിവുള്ളതാണല്ലോ. എന്തുകൊണ്ടെന്നാൽ, സ്നേഹം പൂർണ്ണവും ഏകാന്തവുമായ വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കുക നിമിത്തം, മിശിഹായുടെ ശിഷ്യന്മാർ പ്രധാനമായി ഏകവിശ്വാസത്തിന്റെ ബന്ധത്താൽ യോജിപ്പിക്കപ്പെടുകതന്നെ വേണം. എന്നിരിക്കെ ആർക്കാണു് ഒരു സഖ്യം — വിശ്വാസവിഷയങ്ങളിൽപ്പോലും അംഗങ്ങൾക്കു സ്വന്തം അഭിപ്രായങ്ങളും, ഇതരന്മാരുടെ അഭിപ്രായങ്ങൾക്കു കടകവിരുദ്ധമായി വ്യക്തിപരമായ തീരുമാനങ്ങളും വച്ചുപുലർത്തുന്ന ഒരു ക്രൈസ്തവസഖ്യം—വിഭാവനം ചെയ്യുവാൻ കഴിയുന്നതു്? പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളെ അനുവദിക്കുന്ന ആളുകൾക്കു വിശ്വാസികളുടെ ഏകസഖ്യത്തിൽതന്നെ ഉൾപ്പെടുന്നതിൽ അവർക്കു കഴിയുന്നതു് എങ്ങനെ എന്നു വിസ്മയിച്ചു നാം ചോദിക്കുന്നു. ഉദാഹരണത്തിന്നു്; വിശുദ്ധ പാരമ്പര്യം ദൈവികവെളിപാടിന്റെ സത്യമായ ഉറവിടംകൂടെയാണെന്നു വിശ്വസിക്കുന്നവരും അതു നിഷേധിക്കുന്നവരും; മെത്രാന്മാരും പട്ടക്കാരും ശുശ്രൂഷകരും ഉൾപ്പെടുന്ന ഒരു മേലധികാരിവർഗ്ഗം (വിശുദ്ധാധികാരിവർഗ്ഗം) ദൈവസ്ഥാപിതമാകുന്നു എന്നുള്ള അഭിപ്രായത്തെ മുറുകെപ്പിടിക്കുന്നവരും അതു് അല്പാല്പമായി കാലദേശാവസ്ഥകളുടെ സമ്മർദ്ദങ്ങളാൽ ആവിർഭവിച്ചിട്ടുള്ളതാണെന്നു വാദിക്കുന്നവരും; "വസ്തുഭേദം" എന്നു പറയപ്പെടുന്ന അപ്പത്തിന്റെയും വീഞ്ഞിന്റെയും അത്ഭുതകരമായ ആ പരിവർത്തനംവഴി വിശുദ്ധ കുർബാനയിൽ സത്യമായി സന്നിധാനം ചെയ്യുന്ന ക്രിസ്തുവിനെ ആരാധിക്കുന്നവരും കുദാശയുടെ അർത്ഥവും ശക്തിയും അനുസരിച്ചല്ലാതെ വിശ്വാസത്താലോ, ഒരുതരം ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ടാകുന്നുള്ളു എന്നു വാദിക്കുന്നവരും; വിശുദ്ധ കുർബാനയിൽ ഒരു കുദാശയുടേയും ബലിയുടേയും സ്വഭാവം അംഗീകരിക്കുന്നവരും, അതു കർത്താവിന്റെ അത്താഴത്തിന്റെ ഒരു സ്മാരകമോ അനുസ്മരണമോ അല്ലാതെ മറ്റൊന്നുമാവുന്നില്ലെന്നു പറയുന്നവരും; ക്രിസ്തുവിനോടുകൂടി വാഴുന്ന പുണ്യാത്മാക്കളുടെയും വിശിഷ്യ ദൈവമാതാവായ മറിയത്തിന്റെയും വിളിച്ചപേക്ഷിക്കയും അവരുടെ പ്രതിമകളെ വണങ്ങുകയും ചെയ്യുന്നതു നല്ലതും പ്രയോജനകരവുമെന്നു വിശ്വസിക്കുന്നവരും, അപ്രകാരമുള്ള വന്ദനം "ദൈവത്തിന്റെയും മനുഷ്യരുടെയും (ഇടയ്ക്കുള്ള) ഏക മദ്ധ്യസ്ഥനായ (1 തിമോ. 2, 5) യേശുക്രിസ്തു അർഹിക്കുന്ന ബഹുമാനത്തിനു കുറവുവരുത്തുന്നതാണെന്നുള്ള കാരണത്താൽ നിഷിദ്ധമെന്നു ശഠിക്കുന്നവരും എങ്ങനെ ഏകസഖ്യത്തിന്റെ അംഗങ്ങളാകും?

### 12. വൈവിധ്യം ഏകത്വത്തെ കൈവരുത്തുന്നില്ല

ഇത്രയധികം നാനാവിധമായ അഭിപ്രായങ്ങൾ എങ്ങനെ സഭയുടെ ഐക്യത്തിന്ന വഴിതെളിക്കുമെന്നു നാം അറിയുന്നില്ല. ഏക അദ്ധ്യാപനാധികാരം, ഏക വിശ്വാസനിയമം, ഏക ക്രിസ്തീയവിശ്വാസം, ഇവയിൽ നിന്നു മാത്രമേ ആ ഐക്യം സാധിതപ്രായമാകയുള്ളു. പക്ഷേ, നമുക്കറിയാം ഇതിൽ നിന്നും സുഗമമായ ഒരു അടിവയ്പുമതി, മതനിരപേക്ഷതയിലേയ്ക്കോ, മതനിഷ്പക്ഷതയിലേയ്ക്കോ, അഥവാ, വിശ്വാസസത്യം ആപേക്ഷികമാണു്, അനാപേക്ഷികമല്ല—അതായതു് വിശ്വാസസത്യം മാറ്റമില്ലാത്ത ഒരു ദൈവികവെളിപാടിൽ അടങ്ങിയിട്ടുള്ളതല്ല, പിന്നെയോ മനുഷ്യജീവിതത്തോടു പൊരുത്തപ്പെട്ടതാവുന്ന വിധം ഭിന്നജനങ്ങളുടെ സ്ഥലകാലങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളോടും മനസ്സിന്റെ മാറിമാറിവരുന്ന പ്രവണതകളോടും യോജിക്കുന്നതാണു്—എന്നു ശഠിക്കുന്ന "ആധുനിക" മതത്തിന്റെ അബദ്ധത്തിലേക്കു നിപതിക്കുന്നതാണു്.

### 13. തെറ്റായ ഒരു വ്യാവർത്തനം

ഇതുകൂടാതെ അടിസ്ഥാനപരമായ വിശ്വാസസത്യങ്ങളെന്നും, അടിസ്ഥാനപരമല്ലാത്തവയെന്നും, ആദ്യത്തേതു് എല്ലാവരാലും അവശ്യം സ്വീകരിക്കപ്പെടേണ്ടവയും മറ്റേതു വിശ്വാസികളുടെ ഇഷ്ടാനുസരണമായ സ്വീകരണത്തിന വിട്ടുകൊടുക്കാവുന്നവയെന്നും, അവശ്യം വിശ്വസനീയങ്ങളായ വിശ്വാസസത്യങ്ങളെക്കുറിച്ചു് ഏർപ്പെടുത്തേണ്ടതാണെന്നു് ചിലർ കല്പിക്കുന്ന ആ വ്യാവർത്തനവും ഒരുപ്രകാരത്തിലും അനുവദനീയമല്ല. വിശ്വാസമെന്ന പ്രകൃത്യതീതപുണ്യത്തിന്റെ നിർണ്ണായകകാരണം വെളിപാടിന്റെ കർത്താവായ ദൈവത്തിന്റെ പ്രാമാണികമാകുന്നു. അതു് അപ്രകാരമൊരു വ്യാവർത്തനത്തിന്നു് ഇടം നൽകുന്നില്ല. ഇക്കാരണത്താൽ ക്രിസ്തുവിന്റെ സത്യാനുയായികളെല്ലാവരും പരിശുദ്ധത്രിത്വത്തിൽ വിശ്വസിക്കുന്നതുപോലെതന്നെ ദൈവമാതാവിന്റെ ജന്മപാപംകൂടാതെയുള്ള ഉത്ഭവത്തിലും, വത്തിക്കാൻ സൂനഹദോസിൽ നിർവ്വചിച്ചിട്ടുള്ള അർത്ഥത്തിൽ റോമിലെ പ്രധാനാചാര്യന്റെ പ്രമാദരഹിതമായ അദ്ധ്യാപനാധികാരത്തിൽ വിശ്വസിക്കേണ്ടതുപോലെതന്നെ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിലും, വിശ്വസിക്കുന്ന എന്നുള്ളതു് ഇതിന്നുദാഹരണമാണു്. ഈ സത്യങ്ങളിൽ ചിലതു് ഒരുകാലത്തും, ചിലതു വേറൊരുകാലത്തും മാറ്റുവിച്ചു വളരെ അടുത്തകാലത്തുതന്നെയും അദ്ധ്യവസായം ചെയ്യപ്പെട്ടിട്ടുള്ളതാണെന്നുവച്ചു് അവ കുറച്ചേറിയതിൽ സുനിശ്ചിതമോ വിശ്വസനീയമോ അല്ലെന്നുവരുമോ? അവയെല്ലാം ദൈവം വെളിപ്പെടുത്തിയവയല്ലെന്നുണ്ടോ? വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ എന്നേക്കും അവികലമായി നിലനില്ക്കുന്നതിനും അവ സുഗമമായും സുരക്ഷിതമായും മനുഷ്യർക്കു് അറിയുവാൻ ഇടയാകുന്നതിനും വേണ്ടിയാണു് സഭയുടെ അദ്ധ്യാപനാധികാരം ദിവ്യബുദ്ധിയാൽ ഭൂമിയിൽ സംസ്ഥാപിതമായതു്. റോമിലെ പ്രധാനാചാര്യനും അദ്ദേഹത്തോടു യോജിച്ചുനില്ക്കുന്ന മെത്രാന്മാരും മുഖേന അതു് അനുദിനം പ്രയോഗിക്കപ്പെടുന്നു. എന്നാൽ യുക്തമെന്നു തോന്നുമ്പോൾ, പാഷണ്ഡികളുടെ അബദ്ധങ്ങളെയോ ആക്രമണങ്ങളെയോ എതിർക്കുന്നതിനോ, അഥവാ വിശദീകരിക്കപ്പെട്ട വിശുദ്ധ വിശ്വാസസത്യങ്ങളെ കൂടുതൽ സ്പഷ്ടമായും വിശദമായും വിശ്വാസികളുടെ ഹൃദയങ്ങളിൽ മുദ്രകുത്തുന്നതിനോ, ആവശ്യമായി വരുമ്പോഴെല്ലാം ആഘോഷപൂർവ്വകമായ ചടങ്ങുകളോടും വിധിതീർപ്പുകളോടും കൂടി ഏതു സത്യത്തെയും നിർവ്വചിക്കുന്നതിനുള്ള കർത്തവ്യവും പ്രസ്തുത അദ്ധ്യാപനാധികാരത്തിനുണ്ടു്.

14. എന്നാൽ അസാധാരണമായ ഈ അദ്ധ്യാപനാധികാരത്തിന്റെ ഉപയോഗത്തിൽ പുതുതായി കണ്ടുപിടിക്കപ്പെട്ട എന്തെങ്കിലും വിഷയം അനിതരാകുകയോ, ദൈവത്തെ സംബന്ധിച്ചിട്ടുള്ള വെളിപാടിന്റെ നിക്ഷേപത്തിൽ അസ്പഷ്ടമായിട്ടെങ്കിലും അടങ്ങിയിട്ടുള്ള സത്യങ്ങളുടെ എണ്ണത്തോടു നൂതനമായ എന്തെങ്കിലും കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്യുന്നില്ല. ചിലർക്കെല്ലാം ഒരുപക്ഷേ അപ്പോഴും അവ്യക്തമായി തോന്നിയേക്കുന്ന കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കുക മാത്രമേ, അഥവാ ചിലരെല്ലാം മുമ്പു് ചോദ്യംചെയ്തിരുന്ന വിഷയങ്ങൾ വിശ്വാസവിഷയമായി പ്രഖ്യാപിക്കപ്പെടുകയോ ആണു് ചെയ്യുന്നതു്.

### 15. ഐക്യം കത്തോലിക്കാസഭയുമായുള്ള പുനരൈക്യം മുഖേന

ആകയാൽ വന്ദ്യ സഹോദരരേ, ഈ അപ്പസ്തോലിക സിംഹാസനം എന്തുകൊണ്ടാണു് ഒരിക്കലും അകത്തോലിക്കരുടെ സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന്നു് അനുവദിക്കാതിരുന്നിട്ടുള്ളതു് എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ക്രിസ്തുവിന്റെ ഏകസത്യസഭയിൽനിന്നു്, അതേ എല്ലാവർക്കും ദൃശ്യവും തൽസ്ഥാപകന്റെ നിശ്ചയമനുസരിച്ചു് സ്ഥാപനകാലത്തു് എന്നതുപോലെ എന്നും ഇരിക്കേണ്ടതുമായ ഏക സത്യസഭയിൽനിന്നു്, അതിൽനിന്നു വേർപെട്ടു നില്ക്കുന്നവരെ (എന്തെന്നാൽ, അതീതകാലങ്ങളിൽ നിർഭാഗ്യവശാൽ അവർ അതിനെ വിട്ടുപോയി) പുനരാനയിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടു മാത്രമേ ക്രിസ്ത്യാനികളുടെ ഐക്യം പുരോഗമിപ്പിക്കുവാൻ സാധ്യമാകയുള്ളു. അതെ, അവർ കഴിഞ്ഞുപോയതിനിടയ്ക്കു് മിശിഹായുടെ നിഗൂഢശരീരമാകുന്ന മണവാട്ടി ഒരിക്കലും ദൂഷിതയായിട്ടില്ല; ഭാവിയിലൊരിക്കലും ദൂഷിതയാകുക എന്നുള്ളതും സംഭവ്യമല്ല. "മിശിഹായുടെ മണവാട്ടിയെക്കൊണ്ടു് അന്യന്റെ മണവാളനോടൊത്തു് വ്യഭിചാരംചെയ്യിക്കുവാൻ സാദ്ധ്യമല്ല. അവൾ അദൂഷിതയും പരിശുദ്ധയുമാകുന്നു. അവൾ ഒരു വാസസ്ഥലം മാത്രമേ അറിയുന്നുള്ളു. മണവറയുടെ പരിശുദ്ധിയെ അവൾ നിർമ്മലതയോടെ വിനയപൂർവ്വം സംരക്ഷിക്കയും ചെയ്യുന്നു" എന്നു വിശുദ്ധ സിപ്രിയാൻ സാക്ഷ്യംവഹിക്കുന്നു. (Ce Catholicae Ecclesiae unitate) വിശുദ്ധനായ ഈ രക്തസാക്ഷിതന്നെ "ഒരു വികലമായ അടിസ്ഥാനത്തിൽ പണിയപ്പെട്ടതും സ്വർഗ്ഗീയകൂദാശകളാൽ സം

[illegible] (Jbid) [illegible] 1 കോറി 12, 12). [illegible]

16 [illegible]

[illegible] (Conc. Later IV. C. 5) [illegible]

(Divin. Inst IV. 30, 11—12.)

ഉപസംഹാരം

17. [illegible] (S. Cypr. Ep. 48 ad Cornelium, 3) [illegible] (1 തിമോ. 3, 15)— [illegible]

[illegible] (1 തിമോ: 2, 4) [illegible] (എഫേ: 4, 3) [illegible]

18. [illegible] 1928-ൽ [illegible] ജനുവരി 6-ാം തീയതി [illegible]

(11-ാം പേജ് തുടർച്ച)

[illegible]

# 'ആന്റി'


(തോമസ് സെബാസ്റ്റ്യൻ
ബി. എ. എൽ. ടി.)

"അവർ" എന്നെ [illegible]



[illegible]

## കൃതജ്ഞത



Sr. Alphonsa, F.C.

[illegible]

Aleykutty Mathew
Punnackappadavil, Anickadu

## കാളൻ, നെല്ലായി

[illegible]

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# വിമർശനവീഥി

## വിദ്യാർത്ഥിയും തൊഴിലാളിയും

## ഞങ്ങൾക്കയച്ച കത്തുകൾ

ഒരു വിദ്യാർത്ഥി താഴെ കാണുന്ന കത്തു് ഞങ്ങൾക്കയച്ചിരിക്കുന്നു:

"ഞങ്ങളുടെ ഒരു ലക്ച്ചറർ കമ്മ്യൂണിസത്തിലെ സാമ്പത്തികസമത്വം സ്വീകാര്യയോഗ്യമാണെന്നു പറഞ്ഞു. അതിനദ്ദേഹം പറഞ്ഞ ന്യായം ഇപ്രകാരമാണു്: സാമ്പത്തികസമത്വം എന്നുള്ളതുകൊണ്ടുദ്ദേശിക്കുന്നതു് വളരുന്നതിനും വികസിക്കുന്നതിനുമുള്ള സൗകര്യം കൊടുക്കുക എന്നുള്ളതാണു്. ഉദാഹരണമായി ഒരു കലാകാരനു് അയാളുടെ ദാരിദ്ര്യംമൂലം ഉയരുവാൻ സാധിക്കുന്നില്ലെങ്കിൽ അയാൾക്കു് സാമ്പത്തികമായ സഹായം നൽകി അയാളുടെ കലാവാസനയെ പരിപോഷിപ്പിക്കുക—ഇതിനു് അവസരസമത്വം എന്നാണല്ലോ പറയുന്നതു്. കമ്മ്യൂണിസ്റ്റുപാർട്ടി അവസരസമത്വത്തെ മാനിക്കുന്നില്ലായെന്നു് ഞാൻ കേട്ടിട്ടുണ്ടു്. അതുകൊണ്ടു് വിശദമായ മറുപടി തരുമെന്നു് വിശ്വസിക്കുന്നു."

### സാമ്പത്തികസമത്വം

"സാമ്പത്തികസമത്വം" എന്ന സമസ്തപദത്തിനു് സ്വീകാര്യമായ വല്ല അർത്ഥവുമുണ്ടെങ്കിൽ അതു്, രാജ്യത്തിലെ സകല മനുഷ്യർക്കും സാമ്പത്തികജീവിതം സമനിലയിൽ കഴിച്ചുകൂട്ടാവുന്ന സവിശേഷമായ അവസ്ഥ എന്നായിരിക്കണമല്ലോ. ഈ ശുഭാവസ്ഥ സ്വാതന്ത്ര്യമായ ജോലികൾ ചെയ്യാൻ നിരോധനമില്ലാത്ത കേപ്പിറ്റലിസ്റ്റു് വ്യവസ്ഥിതിയിലും, അതിനു നിരോധനമുള്ള കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയിലും ഭിന്നഭിന്നായിലാണു് ഉടലെടുക്ക. കേപ്പിറ്റലിസ്റ്റു് വ്യവസ്ഥിതിയിൽ ഓരോ മനുഷ്യനും അവനിഷ്ടമുള്ള ജോലി ഇഷ്ടമുള്ള വിധത്തിൽ ഇഷ്ടമുള്ള കാലത്തോളം ചെയ്യുവാനും, അതിൽനിന്നു കിട്ടുന്ന വരുമാനങ്ങൾ കൃഷിവ്യവസായങ്ങളിലും മററും നിക്ഷേപിക്കുവാനും സ്വാതന്ത്ര്യമുണ്ടു്. ആ സ്വാതന്ത്ര്യമുപയോഗിച്ചു് വരുമാനങ്ങൾ വർദ്ധിപ്പിക്കുവാനും അങ്ങനെ സാമ്പത്തികമായി സുഖസൗകര്യങ്ങളോടുകൂടിയ ജീവിതം നയിക്കുവാനും ഓരോ മനുഷ്യനും ആവശ്യകമായ അവസരങ്ങൾ രാജ്യത്തു് സുലഭമായി ലഭിച്ചാൽ സാമ്പത്തികസമത്വം കൈവരും. കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയിലെ അവസ്ഥ ഇങ്ങനെയല്ല. ആ വ്യവസ്ഥിതിയിൽ രാഷ്ട്രം ഏകമുതലാളിയും, അതിന്റെ ഭരണത്തിൻകീഴിലുള്ള സകല മനുഷ്യരും തൊഴിലാളികളുമായിരിക്കും. അവർ രാഷ്ട്രം നിശ്ചയിക്കുന്ന ജോലി നിശ്ചയിക്കുന്ന വിധത്തിൽ നിശ്ചയിക്കുന്ന കാലത്തോളം ചെയ്യുകയും, ആ ജോലിക്കു് ശമ്പളമായോ കൂലിയായോ ലഭിക്കുന്ന പണം കൊണ്ടു് അവരുടെ സാമ്പത്തികജീവിതം സുഖസൗകര്യങ്ങളോടുകൂടിയതാക്കുവാൻ ശ്രമിക്കുകയും വേണ്ടിയിരിക്കുന്നു. ആകയാൽ കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയിൽ സാമ്പത്തികസമത്വം എന്ന ശുഭാവസ്ഥയിൽ എത്തിച്ചേരുന്നതിനു് ഏതു മനുഷ്യനും ഉള്ള ഏകമാർഗ്ഗം രാഷ്ട്രമാകുന്ന മുതലാളി നൽകുന്ന ശമ്പളമോ കൂലിയോ ആണു്. ഈ ശമ്പളവും കൂലിയും ഏകദേശമെങ്കിലും സമമായിരുന്നാൽ കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയിൽ സാമ്പത്തികസമത്വം ഉണ്ടാകുവാൻ മാർഗ്ഗമുണ്ടു്, സമമല്ലെങ്കിൽ അവിടെ അതുണ്ടാകുവാൻ സാദ്ധ്യമല്ല.

സോവ്യറ്റുറഷ്യയിലാണല്ലോ കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതി ഏർപ്പെടുത്തുവാൻ ആദ്യമായി തുടങ്ങിയതു്. കഴിഞ്ഞ 30-തിൽ ചില്വാനം സംവത്സരമായി അവിടത്തെ ഗവർമ്മെന്റു് ആ വ്യവസ്ഥിതി നടപ്പിൽ വരുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണു്. ആകയാൽ കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയിൽ സാമ്പത്തികസമത്വമുണ്ടാകാൻ സാദ്ധ്യമാണോ എന്നു് അനുഭവംവച്ചുകൊണ്ടു് അറിയുന്നതിനുള്ള ഏകമാർഗ്ഗം നമുക്കുള്ളതു്, സോവ്യറ്റുറഷ്യയിലെ സ്ഥിതിഗതികൾ പരിശോധിക്കുകയാണു്. അവിടെ രാഷ്ട്രം ഏകമുതലാളിയാണെന്നും പൗരന്മാർ മുഴുവനും ആ മുതലാളിയിൽനിന്നു് ശമ്പളമോ കൂലിയോ പററിയല്ലാതെ മററുവിധത്തിൽ ജീവിക്കുവാൻ കഴിവില്ലാത്ത തൊഴിലാളികളാണെന്നും നമുക്കറിയാം. (സോവ്യറ്റുറഷ്യയിലെ സ്റ്റാലിന്റെ പുതിയ ഭരണഘടനയിലെ ഒന്നാം അദ്ധ്യായത്തിലെ 12 വകുപ്പുകൾ നോക്കുക.) 12-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണു്: "യു. എസ്സ്. എസ്സ്. ആറിൽ വേല ആരോഗ്യമുള്ള ഓരോ പൗരന്റെയും കർത്തവ്യവും അഭിമാനവിഷയവുമാകുന്നു. വേലചെയ്യാത്തവനു് ഭക്ഷണം കിട്ടുകയില്ല എന്ന പ്രമാണമാണു് ഇതിന്റെ ആധാരം. യു. എസ്സ്. എസ്സ്. ആറിൽ സോഷ്യലിസത്തിന്റെ പ്രമാണമാണു് പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്. അതായതു്, ഓരോരുത്തനും അവനവന്റെ ശക്തിയനുസരിച്ചു് ജോലി ചെയ്യുക. ഓരോരുത്തനും അവനവന്റെ ജോലിയനുസരിച്ചു് പ്രതിഫലം നൽകുക."

### കമ്മ്യൂണിസ്റ്റ് രാജ്യത്തിലെ ശമ്പളവും കൂലിയും

പല വർഷങ്ങളിൽ സോവ്യറ്റുഗവർമ്മെന്റു് വ്യവസായത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും പ്രതിഫലമായി റേഷൻകാർഡുകളാണു് കൊടുത്തിരുന്നതു്. എന്നാൽ കാർഡുകൾ പ്രകാരമുള്ള സാമാനങ്ങൾ തൊഴിലാളികൾക്കു് ആവശ്യത്തോളം കൊടുക്കുവാൻ ഗവർമ്മെന്റുവക ഷാപ്പുകളിൽ പലപ്പോഴും ഇല്ലായിരുന്നു. ആകയാൽ ഇന്നു് റഷ്യയിൽ, ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും ഇൻഡ്യയിലേയും മററുംപോലെ, ഓരോ തൊഴിലാളിക്കും അവൻ ചെയ്യുന്ന വേലയുടെ അളവും തരവുമനുസരിച്ചു് പണം കൊടുക്കുകയാണു്. പല ഫാക്ടറികളിലും പലപ്പോഴും തൊഴിലാളികൾക്കു് അനേകം മാസങ്ങൾ കഴിഞ്ഞാണു് കൂലി കിട്ടിയിരുന്നതു്. ആ മാസങ്ങളെല്ലാം മിക്കവാറും പട്ടിണിയായി അവർ കഴിയേണ്ടിയിരുന്നു. 1934-ൽ 10 ലക്ഷത്തിലധികം റൂബിൾസ് (റഷ്യയിലെ നാണയം) തൊഴിലാളികൾക്കു് ചെല്ലേണ്ടിയിരുന്നു. 1935 ൽ ഇങ്ങനെ കൂലി കിട്ടാത്തതിനെപ്പററിയും തന്നിമിത്തം പട്ടിണിയായി കഴിയേണ്ടിയിരുന്നതിനെപ്പററിയും മോസ്കോയിൽ ആവലാതികൾ മുഴങ്ങുകയുണ്ടായി. ആ വർഷത്തിൽത്തന്നെ മോസ്കോയ്ക്കടുത്തുള്ള ഒരു മോട്ടോർഫാക്ടറിയിലെ തൊഴിലാളികൾക്കു് 4 മാസത്തെ ശമ്പളം കൊടുത്തില്ല. അനേകം കൽക്കരിത്തൊഴിലാളികൾ പല മാസങ്ങളും കൂലികിട്ടാതെ കഴിഞ്ഞുകൂടേണ്ടിവന്നു. അക്കാലമത്രയും റഷ്യയിലെ ഈ പാവപ്പെട്ട തൊഴിലാളികൾ ഭക്ഷണത്തിനു മാർഗ്ഗം ഇല്ലാത്തവരായിരുന്നു. കാരണം, റേഷൻകാർഡിന്റെ സമ്പ്രദായം പണ്ടേ നിർത്തിക്കളഞ്ഞതുകൊണ്ടു് പണം കൊടുത്തല്ലാതെ ഗവർമ്മെന്റുവക ഷാപ്പുകളിൽനിന്നു് ഭക്ഷ്യവിഭവങ്ങൾ ലഭിക്കുവാൻ നിവൃത്തിയുണ്ടായില്ല—സ്വകാര്യഷാപ്പുകൾ നിരോധിക്കപ്പെട്ടിരിക്കുകയാണല്ലോ.

നല്ല ശമ്പളം കിട്ടുന്നവർക്കു് നല്ല വീട്ടിൽ പാർക്കുവാനും നല്ല ഭക്ഷ്യവിഭവങ്ങൾ വാങ്ങുവാനും നല്ല വസ്ത്രങ്ങൾ ധരിക്കുവാനും കഴിയും. കുറഞ്ഞ ശമ്പളം ലഭിക്കുന്നവർക്കു് ആ കഴിവുണ്ടാകയില്ല. സോവ്യറ്റുറഷ്യയിൽ ഫാക്ടറികളിലെ ഡയറക്ടറന്മാർക്കും മാനേജരന്മാർക്കും എൻജിനീയറന്മാർക്കും നല്ല ശമ്പളം കിട്ടുന്നുണ്ടു്. ആകയാൽ അവർക്കു് നല്ല പാർപ്പിടങ്ങളും നല്ല ഭക്ഷണങ്ങളും നല്ല വസ്ത്രങ്ങളും ലഭിക്കുന്നു. അവരെക്കാൾ വളരെ താണ തൊഴിലാളികൾക്കു് അങ്ങനെ ലഭിക്കുന്നില്ല. റഷ്യയിലെ ഭയങ്കരങ്ങളായ വർഗ്ഗവ്യത്യാസങ്ങളും, ആ വ്യത്യാസങ്ങളനുസരിച്ചു് ഉയർന്ന വർഗ്ഗക്കാർക്കു് വളരെ കൂടിയ ശമ്പളവും സാധാരണ തൊഴിലാളികൾക്കു് വളരെ കുറഞ്ഞ കൂലിയും കിട്ടുന്ന ഏർപ്പാടും, തന്മൂലം ഭൂരിപക്ഷം വരുന്ന ആ തൊഴിലാളികൾക്കും മററു സാധാരണക്കാർക്കും അനുഭവപ്പെടുന്ന സാമ്പത്തികദുരിതങ്ങളും ആർക്കും നിഷേധിച്ചുകൂടാത്തവിധം അത്ര കുപ്രസിദ്ധങ്ങളാണു്. ഈ സംഗതികളെപ്പററി ഈ പംക്തികളിൽത്തന്നെ പലപ്രാവശ്യം ഞങ്ങൾ പ്രതിപാദിച്ചിട്ടുള്ളതാണു്. അവയെക്കുറിച്ചു് ഒന്നിച്ചു് ഒററ വായനയിൽ വിവരങ്ങളറിയുവാൻ ആഗ്രഹമുള്ളവർ, ഞങ്ങൾക്കു് കത്തെഴുതിയ വിദ്യാർത്ഥി പ്രത്യേകിച്ചും, "വള്ളത്തോൾ കണ്ട റഷ്യ" എന്ന ഗ്രന്ഥത്തിലെ "സാമ്പത്തികമർദ്ദനം, അടിമവേലക്കാർ, വർഗ്ഗവ്യത്യാസം" എന്ന മൂന്നു് അദ്ധ്യായങ്ങൾ വിശേഷിച്ചും വായിക്കണമെന്നു് ഞങ്ങൾ ശുപാർശചെയ്യുന്നു. (പ്രതിമാസഗ്രന്ഥക്ലബ്ബുവകയായി പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഗ്രന്ഥം, സെക്രട്ടറി, പ്രതിമാസഗ്രന്ഥക്ലബ്ബ്, എറണാകുളം എന്ന വിലാസത്തിൽ എഴുതിയാൽ രണ്ടോ രണ്ടരയോ രൂപ വിലയ്ക്കു് ലഭിക്കുന്നതാണു്.)

### പ്രജായത്തരാജ്യങ്ങൾ

### കമ്മ്യൂ. രാജ്യങ്ങളെക്കാൾ മെച്ചം

ഒരു രാജ്യത്തിൽ സാമ്പത്തികസമത്വം ഉണ്ടാകുന്നതു്, ദാരിദ്ര്യവും പട്ടിണിയും രാജ്യവാസികൾക്കെല്ലാം തുല്യമായി അനുഭവപ്പെടുമ്പോഴല്ലല്ലോ. രാജ്യത്തിന്റെ മൊത്തം വരുമാനം ഉയരുകയും ആ വരുമാനം ഏതാണ്ടു് തുല്യനിലയിൽ വിഭജിക്കപ്പെട്ടു് രാജ്യവാസികൾക്കു് ഓരോരുത്തർക്കും ഏതാണ്ടു് തുല്യമായ ഓഹരി ലഭിക്കുകയും ചെയ്യുമ്പോഴാണു് അവിടെ സാമ്പത്തികസമത്വം ഏകദേശമായിട്ടെങ്കിലും ഉണ്ടെന്നു പറയാവുന്നതു്. ഈ തോതുവച്ചു നോക്കുമ്പോൾ കാണാം, ഇന്നുള്ള പ്രജായത്തരാജ്യങ്ങൾ കമ്മ്യൂ. രാജ്യങ്ങളെക്കാൾ സാമ്പത്തികസമത്വം ഉള്ളവയാണെന്നു്. പ്രജായത്തരാജ്യങ്ങളിലേയും കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിലേയും പൗരന്മാരുടെ ആളോഹരി വരവിന്റെ കണക്കു കണ്ടാലും.

| പ്രജായത്തരാജ്യങ്ങളിൽ | പവൻ |
|---|---|
| അമേരിക്കൻ ഐക്യസംസ്ഥാനം | 519 |
| ക്യാനഡാ | 311 |
| ന്യൂസീലൻറു് | 305 |
| ബ്രിട്ടൺ | 276 |
| ഓസ്ട്രേലിയാ | 242 |
| ബെൽജിയം | 208 |
| **കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ** | |
| സോവ്യറ്റുറഷ്യ | 110 |
| പോളണ്ടു് | 107 |
| ഹംഗറി | 96 |
| യൂഗോസ്ലാവിയാ | 52 |
| ചൈന | 10 |
| ചെക്കോസ്ലോവാക്കിയാ | 132 |

(ഐക്യരാഷ്ട്രസംഘടനയുടെ സ്ഥിതിവിവരക്കണക്കിൽ നിന്നെടുത്തു്, മിസ്റ്റർ പീററർ വൂൺ (Woon) "ഫീൽഡു്" പത്രത്തിൽ 20-2-1952-ൽ പരസ്യംചെയ്തതാണു് ഈ പട്ടിക.)

ആളോഹരിവരവിന്റെ വ്യത്യാസം മാത്രമല്ല പ്രജായത്തരാജ്യങ്ങളും കമ്മ്യൂണിസ്റ്റു രാജ്യങ്ങളും തമ്മിലുള്ളതു്. ആ വരുമാനംകൊണ്ടു് നിത്യോപയോഗത്തിനാവശ്യകമായ സാധനങ്ങൾ എത്രത്തോളം വാങ്ങാൻ കഴിയും എന്ന സംഗതിയിലും രണ്ടുതരം രാജ്യങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. അതിന്റെ വിവരമായ ഒരു കണക്കും പ്രസ്തുതഗ്രന്ഥത്തിൽ (വള്ളത്തോൾ കണ്ട റഷ്യ) കൊടുത്തിട്ടുണ്ടു് (പക്കം 92-96)

### കമ്മ്യൂ: വ്യവസ്ഥിതിയിൽ സാക്ഷാത്തായ സാമ്പത്തികസമത്വം സാദ്ധ്യമല്ല

സാക്ഷാത്തായ സാമ്പത്തികസമത്വം അടങ്ങിയിരിക്കുന്നതു് ഉണ്ണാനും ഉടുക്കാനും പാർക്കാനും മററു നിത്യാവശ്യങ്ങൾക്കും ഉള്ളവ തുല്യനിലയിൽ എല്ലാവർക്കും ലഭിക്കുന്നതിൽ മാത്രമല്ല; പിന്നെയോ അതോടുകൂടിത്തന്നെ ചിന്തിക്കാനും, സംസാരിക്കാനും, ഇഷ്ടമുള്ള ജോലി ചെയ്യാനും, സ്വകാര്യസ്വത്തുക്കൾ സമ്പാദിച്ചു് കൈകാര്യം ചെയ്യാനും, ഇഷ്ടമുള്ളതു വിദ്യാഭ്യാസം ചെയ്യാനും, ഇഷ്ടമുള്ള മതമനുസരിക്കാനും, നിയമസമാധാനങ്ങൾക്കു വിധേയമായി മതപ്രചരണം നടത്താനും മററുമുള്ള സ്വാതന്ത്ര്യങ്ങളും പൗരന്മാർക്കു് ഉണ്ടെങ്കിലേ യഥാർത്ഥമായ സാമ്പത്തികസമത്വം അവർ അനുഭവിക്കുന്നുള്ളു. ഈ സ്വാതന്ത്ര്യങ്ങളൊന്നും കമ്മ്യൂ: വ്യവസ്ഥിതിയിൽ ഉണ്ടാവുക സാദ്ധ്യമല്ലെന്നു് സോവ്യറ്റുറഷ്യയിലെ അനുഭവത്തിൽനിന്നു് സ്പഷ്ടമാകുന്നുണ്ടു്. പ്രസ്തുത ഗ്രന്ഥത്തിലെ (വള്ളത്തോൾ കണ്ട റഷ്യ) "മതമർദ്ദനം, രാഷ്ട്രീയമർദ്ദനം, സാംസ്കാരികമർദ്ദനം" എന്ന അദ്ധ്യായങ്ങൾ വായിച്ചാൽ ഈ വസ്തുത ബോദ്ധ്യപ്പെടാതിരിക്കുകയില്ല.

കമ്മ്യൂണിസ്റ്റുവ്യവസ്ഥിതി അതിന്റെ ഏററവും വികസിതമായ രൂപത്തിൽ സ്ഥാപിതമായിക്കഴിയുമ്പോൾ "ഓരോരുത്തരും അവർക്കു കഴിവുള്ള ജോലികൾ ചെയ്യുകയും ഓരോരുത്തർക്കും അവരുടെ ആവശ്യങ്ങളനുസരിച്ചു് ലഭിക്കുകയും" ചെയ്യുന്ന സമത്വാവസ്ഥ കൈവരുമെന്നാണു് കമ്മ്യൂണിസ്റ്റുകാരുടെ സിദ്ധാന്തം. ഇതു് കേവലം ഒരു സ്വപ്നമാണെന്നു് മനുഷ്യസ്വഭാവം ശരിയായി അറിയുന്നവർക്കു് അല്പം ആലോചിച്ചാൽ ബോദ്ധ്യപ്പെടും. ഒരു കുടുംബത്തിൽ അപ്പൻ, അമ്മ, മക്കൾ എന്നിവരുടെയിടയിൽ, ഈ സമത്വാവസ്ഥ ഏതാണ്ടു് കാണാൻകഴിയും. അതിന്റെ രഹസ്യം ഏററവും അടുത്ത രക്തബന്ധത്തിന്റെ ഫലമായി അവർ തമ്മിലുള്ള സ്നേഹബന്ധമാണു്. രക്തബന്ധം അകലുന്തോറും, തൽഫലമായി സ്നേഹബന്ധം കുറയുന്തോറും, പ്രസ്തുത സമത്വാവസ്ഥ അപ്രത്യക്ഷപ്പെട്ടാണു് കാണുന്നതു്. ഉദാഹരണമായി ഒരപ്പന്റെയും ഒരമ്മയുടേയും മക്കൾ പിരിഞ്ഞു് വെവ്വേറെ കുടുംബങ്ങൾ സ്ഥാപിക്കുകയും, ആ കുടുംബങ്ങൾ വീണ്ടും മററു പല കുടുംബങ്ങളായി പിരിഞ്ഞു താമസിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന വ്യത്യസ്തമായ അവസ്ഥ അനുഭവവേദ്യമാണല്ലോ. ഇങ്ങനെയിരിക്കെ ലോകമാസകലമുള്ള സകല മനുഷ്യരുടെയിടയിലും, ഒരു കുടുംബത്തിലെ അപ്പനും അമ്മയും മക്കളും തമ്മിൽ കാണുന്ന പ്രസ്തുതസമത്വാവസ്ഥ കൈവരുമെന്നു് ആശിക്കുന്നതു്, ഇന്നു കാണുന്ന മനുഷ്യപ്രകൃതി കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയിൽ പാടേ മാറിയിരിക്കുമെന്നു് വിശ്വസിക്കുന്നതുപോലെ അസംഭാവ്യവും അസംബന്ധവുമാകുന്നു.

ആകയാൽ "കമ്മ്യൂണിസത്തിലെ സാമ്പത്തികസമത്വം സ്വീകാര്യയോഗ്യമാണു്" എന്ന പ്രസ്താവം അശേഷം സ്വീകാര്യയോഗ്യമല്ലതന്നെ.

### തൊഴിലാളിയുടെ കത്ത്

ഒരു തൊഴിലാളിസഹോദരൻ ഞങ്ങൾക്കെഴുതിയിരിക്കുന്നതിങ്ങനെയാണു്:

"കാൾമാർക്സിന്റെ തത്വത്തിലും ലെനിന്റെ വിശദീകരണത്തിലും വിശ്വസിച്ചുപ്രവർത്തിക്കുന്ന കേരളം സോഷ്യലിസ്റ്റു് പാർട്ടിയിൽ (കെ. എസ്. പി.) കത്തോലിക്കർ അംഗമാകുകയോ അതിനെ അനുകൂലിച്ചു പ്രചരണങ്ങളും പ്രവർത്തനങ്ങളും നടത്തുകയോ ചെയ്താൽ കത്തോലിക്കാതിരുസ്സഭയിൽനിന്നുള്ള വല്ല ശിക്ഷയിലും ഉൾപ്പെടുമോ?"

### കെ. എസ്. പി. കത്തോലിക്കനു് നിഷിദ്ധം

കത്തോലിക്കർക്കു് നിഷിദ്ധമായ, നിഷിദ്ധമെന്നു് കത്തോലിക്കാതത്വങ്ങളുടെ വെളിച്ചത്തിൽ സ്പഷ്ടമായ, പല പ്രസ്ഥാനങ്ങളും ഉണ്ടല്ലോ. നിഷിദ്ധങ്ങളായതുകൊണ്ടു് അവയിൽ ഏർപ്പെടുന്നതു് ഒരു കത്തോലിക്കന്റെ ഭാഗത്തു് കർത്തവ്യവിലോപമായിരിക്കുമെന്നു് തീർച്ചതന്നെ. എന്നാൽ എല്ലാ കർത്തവ്യവിലോപങ്ങൾക്കും തിരുസ്സഭ ഔദ്യോഗികനിലയിൽ ശിക്ഷാവിധി ചെയ്യുന്നി

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 26 Ernakulam, February 25, 1953 No. 27

## വിവിധവൃത്താന്തങ്ങൾ

### ഫ്രഞ്ചുതൊഴിലാളികൾക്ക ഉച്ചകഴിഞ്ഞു ദിവ്യകാരുണ്യസ്വീകരണം

ഫ്രാൻസിലെ കർദ്ദിനാളന്മാരുടെയും മെത്രാപ്പോലീത്താമാരുടെയും പ്രത്യേകാപേക്ഷയനുസരിച്ച്, ഫ്രഞ്ചുതൊഴിലാളികൾക്ക മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒരു അസാധാരണ അനുമതി നൽകിയിരിക്കുന്നു. "ആദ്യവെള്ളിയാഴ്ച, ഇടവകത്തിരുനാൾ, ആരാധനാദിവസങ്ങൾ, കടമുള്ള ദിനങ്ങൾ ആദിയായി ചില നിശ്ചിതദിവസങ്ങളിൽ ഉച്ചകഴിഞ്ഞിട്ടും അവർക്ക ദിവ്യകാരുണ്യം സ്വീകരിക്കാവുന്നതാണ്". ആ സമയത്തു ദിവ്യബലി അർപ്പിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. കർബാനചൊല്ലുന്ന വൈദികനും, കർബാന കൈക്കൊള്ളുന്നവരും, ഒരു മണിക്കൂറിനുള്ളിൽ പാനീയമായിട്ടുള്ളവയും, മൂന്നു മണിക്കൂറിനകമുള്ള ഭക്ഷ്യസാധനങ്ങളും കഴിക്കാതിരുന്നാൽ മതിയാകുന്നതാണ്. ലഹരിസാധനങ്ങൾ പാടില്ലെന്നുള്ളതു വർജ്ജിക്കേണ്ടതാകുന്നു. തൊഴിലാളികൾ എത്ര ബുദ്ധിമുട്ടിയിട്ടും ദിവ്യഭോജനം ഉൾക്കൊള്ളുവാൻ സാധിക്കാതെ വരുന്നുള്ള കണക്കിനാലാണ് മേലദ്ധ്യക്ഷന്മാർ ഈ അഭ്യർത്ഥന നടത്തിയതു്. പരീക്ഷാർത്ഥം ഉള്ളപ്പോഴും ഈ ഒരു കൊല്ലത്തേക്കെ തിരുസിംഹാസനം ഈ അനുമതി നൽകിയിട്ടുള്ളു.

### ബ്രിട്ടീഷ് കത്തോലിക്കരുടെ പ്രസിദ്ധീകരണപ്രചാരണം

ഇംഗ്ലണ്ടിലെ കത്തോലിക്കർ ഇക്കാര്യത്തിൽ ചെയ്തുവരുന്ന അക്ഷീണപരിശ്രമം അത്യന്തം അനുകരണീയമാണ്. ഇടവകയൂണിറ്റുകൾവഴി അവർ ഈ പ്രവർത്തനം വിജയകരമായി നടത്തിപ്പോരുന്നു. ഒരു ഉദാഹരണം എടുത്തുകാണിക്കാം. ഹേബേണിലെ സെന്റ് അഗസ്റ്റ്യൻസ് ഇടവക ഇക്കഴിഞ്ഞകൊല്ലം, അവിടത്തെ മൂന്നു പ്രധാനകത്തോലിക്കാ പത്രങ്ങളുടെ അമ്പത്തയ്യായിരത്തിലധികം പ്രതികൾ വിററഴിച്ചിട്ടുണ്ട്. ശരാശരി ആഴ്ചയിൽ ആയിരത്തിൽ കുറയാതെ കോപ്പികൾ ചെലവാക്കാൻ അവിടത്തെ പ്രവർത്തകസംഘത്തിനു സാധിച്ചു. അതിൽ 44 ആയിരം പ്രതികളും യൂണിവേഴ്സ് പത്രത്തിന്റേതാണെന്നു പറയപ്പെടുന്നു. ലീജിയൻ ഓഫ് മേരിയാണ പ്രധാനമായി ഈ അപ്പോസ്തലജോലി ഏറെറടുത്തു നടത്തുന്നതു്. 35 ഡിസ്ട്രിക്റ്റുകളായി ഇടവകയെ അവർ വിഭജിച്ചിരിക്കയാണ്. വിതരണക്കാരുടെ നയവിശേഷംനിമിത്തം അകത്തോലിക്കരും ഈ പ്രസിദ്ധീകരണങ്ങൾ വിലയ്ക്കു വാങ്ങി വായിക്കുന്നുണ്ട്.

### ടിറേറായുടെ സന്ദർശനത്തെപ്പററി ആംഗ്ലിക്കൻ വൈദികൻ

ഒരാംഗ്ലിക്കൻ ഇടവകവികാരിയായ റോബർട്ട് നൂവെൽ എന്ന ദേഹം തന്റെ ഇടവകമാസികയിൽ എഴുതുന്നു: മാർഷൽ ടിറേറായെ നമ്മുടെ രാജ്യം സന്ദർശിക്കാൻ ഗവർമ്മെന്റു ക്ഷണിച്ചിരിക്കുന്നതു സംശയലേശംകൂടാതെ വിശ്വസിക്കുക സാദ്ധ്യമല്ല. ടിറേറാ മേസ്ലോപക്ഷക്കാരനോ അല്ലയോ എന്നുള്ളതു മാത്രമല്ല നാം പരിഗണിക്കേണ്ടതു്. ക്രിസ്തുമതത്തെ ശക്തിയുക്തം പ്രതിരോധിച്ചുകൊണ്ടിരിക്കുന്ന ഒരു കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിന്റെ മേധാവിയാണ് അദ്ദേഹമെന്നു നാം അനുസ്മരിക്കണം. അദ്ദേഹത്തിന്റെ പ്രസ്താവനകളിൽനിന്നും, അദ്ദേഹത്തിന്റെ ഗവർമ്മെന്റിന്റെ ക്രിസ്തുമതമർദ്ദന പരിപാടികളിൽനിന്നും, ക്രിസ്ത്യാനികൾക്ക അദ്ദേഹത്തിൽനിന്നു യാതൊരു ഔദാര്യമോ ആനുകൂല്യമോ ലഭിക്കുമെന്നാശിപ്പാൻ വകകാണുന്നില്ല. ഗവർമ്മെന്റുമേലധികാരികളിൽപ്പെട്ടവർ ഇതു മനസ്സിലാക്കിയിരുന്നാൽ നന്നായിരുന്നു!"

### പലതുള്ളികൾചേർന്നു പെരുവെള്ളമാകുന്നതു്

ബിഷപ്പ് ഫുൾട്ടൻ ഷീൻ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു: കഴിഞ്ഞകൊല്ലം വേദപ്രചാരണത്തിലേക്ക വന്നിട്ടുള്ള തുകയുടെ കണക്ക നോക്കിയാൽ കത്തോലിക്കാ ലോകത്തിൽനിന്നു ആളൊന്നുക്കു 2 സെന്റു (ഒന്നരയണ) വീതം ശരാശരി ലഭിച്ചിട്ടുണ്ട്. അമേരിക്കയുടേതു തനിച്ചെടുത്താൽ ആളൊന്നുക്കു 12 അണ വരും. ന്യൂസിലണ്ടിൽനിന്നു എട്ടേകാലണ കണക്കിനും, കാനഡായിൽനിന്നു ആറേമുക്കാലണവീതവും, ആസ്ത്രേലിയായിൽനിന്നു 6 അണവച്ചും ലഭിച്ചിട്ടുണ്ട്. ഇതെല്ലാം ഈ തുകകൾ വർദ്ധിപ്പിക്കാനുതകുമെന്നു ഇതിൽനിന്നു കാണാം. ഒരു ദിവസത്തെ ശമ്പളമോ, സുഖഭോഗപദാർത്ഥങ്ങൾ വേണ്ടെന്നുവച്ചുള്ള എന്തെങ്കിലും ദിവസത്തെ ചെലവിൽ ഒരു മാനമോ ഈ മഹത്തായ കാര്യത്തിനായി ആർക്കും നൽകാൻ പാടില്ലാത്തതല്ല. ഈ ചെറുതുള്ളികൾ ചേർന്നാണ് പെരുവെള്ളം ഉണ്ടാകുന്നതു്.

### കഴിഞ്ഞകൊല്ലത്തെ ലൂർദ്ദ തീർത്ഥകർ

1952-ൽ ആകെ 25 ലക്ഷം തീർത്ഥയാത്രക്കാർ ലൂർദ്ദ സന്ദർശിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു. വിമാനമാർഗ്ഗമുള്ള സന്ദർശകരുടെ സംഖ്യ കഴിഞ്ഞകൊല്ലങ്ങളേക്കാൾ വളരെ വർദ്ധിച്ചിട്ടുണ്ട്. 1951-ൽ 1051 പേർ മാത്രമേ വിമാനത്തിൽ അവിടെ ഇറങ്ങിയുള്ളു. എന്നാൽ 52-ൽ അയ്യായിരത്തിലധികം ആളുകൾ ഈ വഴിക്കാണ് തീർത്ഥാടനം നടത്തിയതു്. ഏപ്രിൽമാസത്തിൽ യുവജനസംഘടനയുടെ അംഗങ്ങളായ മുപ്പതിനായിരം ബാലികാബാലന്മാരും, മേയ്മാസത്തിൽ വനിതാലീഗിന്റെ 60 ആയിരം അംഗങ്ങളും, ജൂണിൽ 26 ആയിരം ഫ്രഞ്ചുഭടന്മാരും, ഒക്ടോബറിൽ ജപമാലതീർത്ഥകരായി എത്തിയ 50 ആയിരം ജനങ്ങളുമടങ്ങിയ സംഘങ്ങളായ വലിയ സന്ദർശനങ്ങൾ നടത്തിയതു്. യൂറോപ്പിലെ സ്വതന്ത്രരാജ്യങ്ങളിൽനിന്നും അമേരിക്കയിൽനിന്നുമായി 28,285 രോഗികൾ പ്രസ്തുത സംവത്സരത്തിൽ ലൂർദ്ദിലെത്തിയിട്ടുണ്ട്.

### ഇററാലിയൻ സെനററിലെ കത്തോലിക്കാ പ്രകടനങ്ങൾ

പള്ളികൾ പണിയിക്കുന്നതിലേക്കുള്ള ഗവർമ്മെന്റു ധനസഹായത്തെപ്പററി സെനററിൽ ഒരു വാദപ്രതിവാദം നടക്കുകയായിരുന്നു. കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷസോഷ്യലിസ്റ്റുകാരും ആ ഗ്രാന്റിനെ ശക്തിയായി എതിർത്തു. ക്രിസ്ത്യൻ ഡമോക്രാററു പ്രതിനിധി ഇംടേവാർണോ മേർലിൻ പറഞ്ഞു: ഈ അഭ്യർത്ഥനയെ എതിർക്കുന്നവർ പേഗനിസത്തിൽനിന്നു ലോകത്തെ പരിരക്ഷിച്ച സഭയെ അധിക്ഷേപിക്കയാണു ചെയ്യുന്നതെന്നോർക്കണം. ഇററലിയിലെ 99½ ശതമാനം ജനങ്ങളെ അവർ അധിക്ഷേപിക്കയാണു ചെയ്യുന്നതു്. റോമാനഗരത്തെ രക്ഷിച്ചതു ഒരു മാർപ്പാപ്പായാണെന്നുള്ളതു ഇക്കൂട്ടർ വിസ്മരിച്ചുപോയോ?" ക്രിസ്ത്യൻ ഡമോക്രാററു മെമ്പറന്മാർ തല്സമയത്തിൽ തങ്ങളുടെ സീററുകളിൽനിന്നു ചാടി എഴുന്നേററു "മാർപ്പാപ്പാ ദീർഘായുഷ്മാനായിരിക്കട്ടെ" എന്നു ഉച്ചത്തിൽ ആർത്തുവിളിച്ചു. കമ്മ്യൂണിസ്റ്റുകാരുടെ പ്രതിഷേധാട്ടഹാസങ്ങളും അതിനിടയിൽ മുഴങ്ങി. ദീർഘനേരത്തേക്ക പ്രസിഡണ്ടിന്റെ മേശയിലെ മണികിലുക്കിയശേഷം മാത്രമാണ് അന്തരീക്ഷം പ്രശാന്തമായതു്.

## FAMOUS CONVERTS

(Continued)

Dr. EDMUND RUBBRA, M. A. (Oxon), D. Mus., composer, pianist, lecturer in music, "the most significant composer of this century" say some, and "the greatest liturgical composer since Palestrina" say others —is the new President of the Catholic Musicians Guild. It is a post that gives him much satisfaction. Dr. Rubbra, a convert, wants the guild to play its part in restoring the old balance of the Church and music. He preaches the Christian idea of art, as applicable to music as to any other form of art. He has published five symphonies; chamber music, choral and orchestral works, two Masses, etc.

DANIEL SARGEANT, has won recognition as a poet, historian, and biographer, and his numerous productions in these three fields, have secured for him a growing audience on both sides of the Atlantic. He saw service in the first Great War in France, rising to the rank of Captain. After the War, he lectured in Harvard for 15 years, on history and literature. He married in 1920 Louise Coolidge, a convert. He himself had been received into the Church on Palm Sunday 1919. In 1936, he was elected President of the American Catholic Historical Society, and the following year of the Catholic Poetry Society of America.

DALE FRANCIS, journalist, editor and free-lance writer for many magazines, is a versatile young writer of promise. In a short life of 35 years, he has been student, soldier, minister, newsreporter, lecturer, and writer. His service with the American Air Force during World War II brought him into sustained contact with a Catholic Priest, and started him on a line of investigation which ultimately led him into the Church. He is the founder and first editor of the North Carolina "Catholic", a weekly A Ph. D. of NotreDame University, he has now become director of the University Press.

JACQUES and RAISSA MARITAIN, Raissa Oumansoff was a brilliant student of the Paris Sorbonne where she followed courses in science, and in 1904 married Jacques Maritain. Their lives have been inextricably bound together, as they have studied and written together over the years. Jacques Maritain, the leading Thomistic philosopher of the day is recognized as one of the outstanding presentday thinkers and has received honours from many universities in Europe and America. He and his wife becamc Catholics on June IIth, 1906. His "Introduction to Philosophy" is a text book in many of the seminaries of the Catholic world.

## ദിവ്യകാരുണ്യഗാനം

[ഹിന്ദി "ബാദലി"ലെ "യെ ദിൽനെ മുരധ്സെഷ്പാർ" പോലെ]

ആരാധിച്ചിടുന്നേൻ ഞാൻ ആനന്ദമയ,
സക്രാരിയിൽ മറഞ്ഞുനിന്ന് നിസ്സമപ്രാഭവം വാഴ്ത്തുവാൻ. (ആരാ...

മാംസാസ്ഥികമജ്ജകൾ കാണുവാനില്ലയെന്നാകിലും,
നിൻദിവ്യശക്തി വാഴ്ത്തുവാൻ വാനവരാമില്ലെങ്കിലും,
സർവ്വശക്തനായ് വാണിടുന്നു നീ നിർവ്വികാരമാം ഓസ്തിയിൽ. (ആരാ...

ധ്യാനിച്ചിടുന്ന നായകാ! നിന്നെയെൻ മാനസേ സർവ്വദാ;
പൂജിച്ചിടുന്ന പാലകാ! അങ്ങെയെൻസർവ്വവുമായിതാ,
നിന്റെ ചേവടി എൻശിരസ്സതിൽ ഏററുകൊള്ളമാറായിതാ. (ആരാ...

കാഴ്ചയിങ്ങനെ നീ, സ്പർശവും സാക്ഷ്യമല്ലായ്കിലും,
വേദജ്ഞശീലരാശകൾ ആത്മനാമാത്രമാണെങ്കിലും.
കേൾവിയൊന്നിനാൽ നിൻവചസ്സുകൾ വിശ്വസിച്ചിടാം സത്യമായ്
(ആരാ...

നീ നിത്യസത്യമാകയാൽ നിൻവചസ്സെത്രയോ സത്യമാം,
നീ നിത്യജീവനാകയാൽ നിന്നെയൊഴിഞ്ഞെങ്ങിവർ വാഴുവാൻ?
എന്നിൽ അങ്ങയും അങ്ങിൽ ഞാനുമായ് ഒന്നുചേരുകിൽ മാധുര്യമായ്.
(ആരാ...

ക്രൂശിൽ മരിച്ച നാളിൽനിൻ ദൈവികപ്രാഭവം വിട്ടപോൽ,
ഇദ്ദിവ്യ കൂദാശയിൽ മനുഷ്യരൂപവും വിട്ട നീ,
എങ്കിലും സദാ ദൈവമാണു നീ, മർത്ത്യനായുമ നീയഹോ. (ആരാ...

പശ്ചാത്താപിച്ച കള്ളനെ നിൻകൃപ സ്വീകരിക്കിലയോ?
മുത്തമേകിയ മർത്ത്യരിൽ ചേരുന്ന വിണ്ടുമേകിലയോ?
ഞാനുമ്യുഞ്ഞിയാൽ ഞാൻകരിക്കുകിൽ നീയകന്നിടാ മാരിയേ. (ആരാ...

(ശതാബ്ദജൂബിലിദിവ്യകാരുണ്യപ്രദക്ഷിണാവസരത്തിൽ മൈക്കിൽക്കൂടി പാടിയതു് )

— വറുഗീസ് ജെ മാളിയേക്കൽ